# പഞ്ചായത്ത്‌രാജ്

പുസ്തകം 56 ◆ ലക്കം 4

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂലായ് 2016


## സംക്രമണത്തിന്റെ
## സൗകുമാര്യം



## 'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

## പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# പഞ്ചായത്ത് രാജ്

ജൂലായ് 2016


# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 കേരളം വെളിയിട വിസർജനമുക്ത സംസ്ഥാനമാകും
കെ.ടി. ജലീൽ

8 നിയമസഭാ സാമാജികരും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും
ഡോ.പി.പി.ബാലൻ



10 ജൈവകൃഷി കാലഘട്ടത്തിന്റെ അനിവാര്യത
ഹരിപ്രിയദേവി

11 കാവാലം ഒരു പ്രസ്ഥാനം
വട്ടപ്പറമ്പിൽ പീതാംബരൻ



13 സൈബർ ലോകവും നിയമങ്ങളും
അഡ്വ. അഖിൽ ജെ. ചന്ദ്രൻ



17 പിന്നോക്ക ആദിവാസി വികസനവും പ്രാദേശിക സർക്കാരുകളും
ഡോ. സുർജിത്ത്.എം



23 നന്മയുടെ പയർ മണികൾ - കഥ
റോയ് ചാക്കോ ഇളമണ്ണൂർ

26 കവിതകൾ

27 1969ലെ ജനന–മരണ രജിസ്ട്രേഷൻ ആക്ടിന്റെ പ്രത്യേകതകളും വ്യവസ്ഥകളും
എസ്.സുദേനൻ

28 സംക്രമണത്തിന്റെ സൗകുമാര്യം
വി.കെ. ശ്രീധരൻ



29 ചക്ക മാഹാത്മ്യം
കെ.ആർ. ജയൻ, എൽ. പങ്കജാക്ഷൻ

33 ജീവിതശൈലീ രോഗ നിയന്ത്രണത്തിന് ചക്കയും ചക്ക വിഭവങ്ങളും
ഡോ.ബി. പത്മകുമാർ

34 ഇതര സംസ്ഥാനതൊഴിലാളി സൗഹൃദ പഞ്ചായത്തായി മംഗലാപുരം ഗ്രാമപഞ്ചായത്ത്
മംഗലാപുരം ഷാഫി

35 ഉറവിട മാലിന്യസംസ്ക്കരണം മാതൃകയായി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി
ജ്യോതിഷ് മണാശ്ശേരി

38 മാമാങ്കവും ത്രിമൂർത്തിസംഗമവും
ടി.വി. അബ്ദുറഹിമാൻകുട്ടി

41 ഗ്രാമപഞ്ചായത്ത് റിപ്പോർട്ടിംഗ് ആന്റ് മോണിററിംഗ് സിസ്റ്റം നിലവിൽ വന്നു



# ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ സെമിനാറും സ്വീകരണവും

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ മുഖ്യമന്ത്രിയ്ക്കും , പ്രതിപക്ഷ നേതാവിനും, മറ്റ് മന്ത്രിമാർക്കും സ്വീകരണം നൽകി. 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ധനസ്ഥിതിയും' എന്ന വിഷയത്തെ ആസ്പദമാക്കി പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞർ പങ്കെടുത്ത സെമിനാറും സംഘടിപ്പിച്ചു. വെള്ളയമ്പലത്തുള്ള പഞ്ചായത്ത് അസോസിയേഷൻ ഹാളിൽ നടന്ന ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉത്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡണ്ട് അഡ്വ: കെ.തുളസി ടീച്ചർ അധ്യക്ഷത വഹിച്ചു. സെമിനാറിൽ സാമ്പത്തിക വിദഗ്ധൻ ഡോ.കെ.എൻ.ഹരിലാൽ മുഖ്യ പ്രഭാഷണം നടത്തി.

മന്ത്രിമാരായ ഡോ.കെ.ടി.ജലീൽ, കെ.കെ.ശൈലജ, കടകംപള്ളി സുരേന്ദ്രൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡണ്ട് ആർ.സുഭാഷ്, കില ഡയറക്ടർ ഡോ.പി.പി.ബാലൻ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ മുൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി, പ്രൊഫ. ബി.എ.പ്രകാശ് തുടങ്ങിയവർ സംസാരിച്ചു. ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് ഐ.എ.എസ് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.ജോസ് ഐ.എ.എസ് തുടങ്ങിയ ഉദ്യോഗസ്ഥ പ്രമുഖരും പങ്കെടുത്തു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് പി.വിശ്വംഭരപണിക്കർ സ്വാഗതവും വൈസ് പ്രസിഡണ്ട് കെ. നാരായണൻ നന്ദിയും പറഞ്ഞു.

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂലായ് 2016 | പുസ്തകം 56 | ലക്കം 4 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

**ഉപദേശക സമിതി**

ചെയർമാൻ
**കെ.ടി. ജലീൽ**
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**ടി.കെ. ജോസ്**
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

**മിനി ആന്റണി**, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. തുളസിഭായ് പത്മനാഭൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**പി.പി. ജയിംസ്**
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**സതീഷ് കുമാർ ജി.കെ.**
പബ്ലിസിറ്റി ഓഫീസർ
പഞ്ചായത്ത് വകുപ്പ്

കൺവീനർ
**സി.എ. ലത ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
**സി.എ. ലത ഐ.എ.എസ്.**
email: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**സതീഷ് കുമാർ ജി.കെ.**
email: prmdp2015@gmail.com
Ph: 0471-2321280
Mob: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

# എഡിറ്റോറിയൽ

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക ഒരു സാമ്പത്തിക വർഷം അവസാനിച്ച് കഴിഞ്ഞാൽ അടുത്ത മെയ് 15ന് മുമ്പ് കേരള സംസ്ഥാന ആഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്നും, ആഡിറ്റ് വകുപ്പ് ധനകാര്യ പത്രിക പരിശോധനയ്ക്ക് വിധേയമാക്കി ഒക്ടോബർ 31നകം ആഡിറ്റ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കണമെന്നുമാണ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011ൽ വ്യവസ്ഥ ചെയ്യുന്നത്. ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് ജൂലൈ 31നകം ധനകാര്യ പത്രിക സമർപ്പിച്ചാൽ മതിയായിരുന്നു. എന്നാൽ 2015-2016 വർഷത്തെ വാർഷിക ധനകാര്യ പത്രിക വളരെക്കുറച്ച് ഗ്രാമപഞ്ചായത്തുകൾ മാത്രമേ സമർപ്പിച്ചിട്ടുള്ളു. മറ്റുള്ളവർ അത് തയ്യാറാക്കാനുള്ള തീവ്രശ്രമത്തിലുമാണ്. വസ്തു നികുതി പരിഷ്കരണത്തിലെ മാറ്റങ്ങൾ കാരണം കൃത്യമായ ഡിമാന്റ് തയ്യാറാക്കാൻ കാലതാമസമുണ്ടായിട്ടുണ്ട്.

2011ലെ അക്കൗണ്ട്സ് ചട്ടങ്ങൾ അനുസരിച്ച് 2011-2012 മുതൽ വാർഷിക ധനകാര്യ പത്രിക സാംഖ്യസോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് തയ്യാറാക്കുന്നത്. അത്തരത്തിൽ ഗ്രാമപഞ്ചായത്തുകളിലെ അക്കൗണ്ടിംഗ് സമ്പ്രദായം മാറ്റുകയും അക്രൂവൽ അടിസ്ഥാനമാക്കിയുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് ആപ്ലിക്കേഷനായ സാംഖ്യ നിലവിൽ വരികയും ചെയ്തതോടെ പണ്ടത്തെ കണക്കെഴുത്തിന്റെ ചിത്രമൊക്കെ ഇത് മാറ്റിമറിച്ചു. മുൻപ് കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതു കാരണം വാർഷിക ധനകാര്യപത്രിക യഥാസമയം സമർപ്പിക്കാൻ കഴിയാതെ വരികയും ഇത് സംബന്ധിച്ച് പരിശോധന യഥാസമയം നിർവഹിക്കാൻ ആഡിറ്റ് വകുപ്പിന് കഴിയാതെ വരികയും ചെയ്തിരുന്നു. തുടർന്ന് 2005-2006 വർഷത്തിൽ സർക്കാർ ഇക്കാര്യത്തിൽ കാർക്കശ്യ നിലപാടെടുക്കുകയും വാർഷിക ധനകാര്യപത്രിക സമർപ്പിക്കാൻ മുടക്കമുണ്ടായിരുന്ന ഗ്രാമപഞ്ചായത്തുകൾ എല്ലാം കുടിശ്ശിക ജോലികൾ തീർത്ത് കൃത്യമായി ധനകാര്യ പത്രികകൾ സമർപ്പിക്കുകയും ചെയ്തതോടെ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചടുത്തോളം അത് ഒരു വഴിത്തിരിവായി. തുടർന്ന് അക്കൗണ്ട് സംബന്ധിച്ച കാര്യങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി 2009 മുതൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓരോ അക്കൗണ്ടന്റ് തസ്തിക കൂടി സൃഷ്ടിച്ചതോടെ കാര്യങ്ങൾ കൂടുതൽ എളുപ്പത്തിലായി. കണക്ക് എഴുതുന്നതിനും സൂക്ഷിക്കുന്നതിനും മാത്രമായി ഒരു ചുമതലക്കാരനുമായി. ആയതിനു ശേഷം എല്ലാ ഗ്രാമപഞ്ചായത്തുകളും സമയബന്ധിതമായി വാർഷിക ധനകാര്യപത്രികകൾ തയ്യാറാക്കി സമർപ്പിക്കുന്നുണ്ട്.

ഈ ഘട്ടത്തിൽ വാർഷിക ധനകാര്യപത്രികയിലെ കണക്കുകളും അനുബന്ധ രജിസ്റ്ററുകളിലെ കണക്കുകളും തുകകളും പൊരുത്തപ്പെടുന്ന നിലയിലാക്കാൻ ഏവരും പ്രത്യേകം ശ്രദ്ധിക്കണം. അക്കൗണ്ടിംഗ് കുറ്റമറ്റതാക്കിയാൽ മാത്രമേ അൺക്വാളിഫൈഡ് ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളു. ഇത് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടിംഗ് കൃത്യമാക്കാൻ മാത്രമല്ല, ഭാവിയിൽ വിവിധ ഫണ്ട് ലഭ്യതയ്ക്കും ആവശ്യമാണ്.

**സി.എ. ലത ഐ.എ.എസ്.**
പഞ്ചായത്ത്ഡയറക്ടർ



**കെ.ടി. ജലീൽ**
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

# കേരളം
# വെളിയിട വിസർജനമുക്ത സംസ്ഥാനമാകും

ശുചിത്വവും സുരക്ഷിതത്വവും സ്വകാര്യതയും ഉറപ്പുനൽകുന്ന വിസർജനസൗകര്യങ്ങളെക്കുറിച്ച് ശരാശരി ഇന്ത്യൻ പൗരന്റെ സ്വപ്നങ്ങൾക്ക് കോളനീകരണ കാലത്തിനുപ്പുറമുള്ള സ്വാതന്ത്ര്യവാഞ്ഛയോളം പഴക്കമുണ്ട്. അതുകൊണ്ടാണല്ലോ, 'വിസർജന സൗകര്യത്തിനുതകുന്ന മറപ്പുരകൾ ഓരോരുത്തർക്കും ലഭ്യമാകുമ്പോഴേ ഇന്ത്യക്ക് പുരോഗതിയുടെ പാതയിലേക്ക് കാലെടുത്തുവെക്കാനാകൂ' എന്ന് പ്രഥമപ്രധാനമന്ത്രി ജവഹർലാൽ നെഹ്രു അഭിപ്രായപ്പെട്ടത്. തുറസായ സ്ഥലങ്ങളിലെ മലമൂത്ര വിസർജ്ജനം അവികസിതാവസ്ഥയുടെയും ദാരിദ്ര്യത്തിന്റെയും ശേഷിപ്പുകളിലൊന്നാണ്. ഇന്ത്യയിലെ 48% കുടുംബങ്ങളും വിസർജനത്തിന് വെളിയിടങ്ങളെയാണ് ഇപ്പോഴും ആശ്രയിക്കുന്നത് എന്ന വസ്തുത ശാസ്ത്രസാങ്കേതിക വിദ്യകളിലുൾപ്പെടെ നാം കൈവരിച്ച അഭൂതപൂർവ്വമായ നേട്ടങ്ങളെപ്പോലും കെടുത്തിക്കളയുന്നു. ഈ പശ്ചാത്തലത്തിലാണ് കേന്ദ്രസർക്കാർ 'സ്വച്ഛഭാരത്' പദ്ധതി ആവിഷ്ക്കരിച്ചത്. 2019 ഒക്ടോബറോടുകൂടി വെളിയിടങ്ങളിലെ വിസർജനം പൂർണ്ണമായും ഇല്ലാതാക്കുക എന്നതാണ് സ്വച്ഛഭാരത് പദ്ധതിയുടെ സ്വപ്നം.

ദശകങ്ങൾക്കു മുമ്പുള്ള കേരളത്തിന്റെ അവസ്ഥ ഇന്നത്തെ ഇന്ത്യയുടെ പൊതുസ്ഥിതിയിൽ നിന്ന് ഒട്ടും വ്യത്യസ്തമായിരുന്നില്ല. മറയില്ലാതെ 'മറയ്ക്കിരുന്ന'കാലം മലയാളി ഇനിയും മറന്നിട്ടില്ല. ജനകീയാസൂത്രണത്തിലൂടെയും വിവിധ ക്ഷേമ പരിപാടികളിലൂടെയും ശുചിത്വയജ്ഞങ്ങളിലൂടെയും ചികിത്സാസൗകര്യങ്ങളുടെ വ്യാപനത്തിലൂടെയും പൊതുജനാരോഗ്യ രംഗത്ത് ആഗോളതലത്തിൽ തന്നെ ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ കേരളത്തിനു സാധിച്ചിട്ടുണ്ട്. എങ്കിലും നമ്മുടെ സംസ്ഥാനത്തെ 4% ത്തോളം കുടുംബങ്ങൾക്ക് വിസർജനയോഗ്യമായ സ്വകാര്യമറപ്പുരകൾ ഇപ്പോഴും അന്യമാണ്. ദേശീയ ശരാശരിയുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് തുലോം നിസ്സാരമാണെന്ന് തോന്നാം. പക്ഷേ, കേരളത്തിലെ ഉയർന്ന ജനസാന്ദ്രത പരിഗണിക്കുമ്പോൾ പ്രശ്നം ഗൗരവമേറിയതാണെന്ന് എളുപ്പം ബോധ്യപ്പെടും. ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് സമ്പൂർണ്ണശുചിത്വവും സമ്പൂർണ്ണ പാർപ്പിടസൗകര്യവും. സമ്പൂർണ്ണശുചിത്വം എന്ന ലക്ഷ്യം കൈവരിക്കാൻ

വെളിയിടവിസർജന നിർമാർജനം കൂടി സാധ്യമാവേണ്ടതുണ്ട്. സൗകര്യമുണ്ടായിട്ടുപോലും വെളിയിടങ്ങളിൽ വിസർജനം നടത്തുന്ന ഒരു ചെറിയ വിഭാഗം ഇപ്പോഴുമുണ്ട്. ശക്തമായ ബോധവൽക്കരണപരിപാടികളിലൂടെ വേരൂന്നിപ്പോയ അത്തരം ശീലങ്ങൾ പിഴുതുമാറ്റാൻ ഈ വിഭാഗം ആളുകളെ സഹായിക്കണം. അത്തരം ബോധവൽക്കരണം ഫലപ്രദമാക്കാൻ ജനകീയപങ്കാളിത്തം കൂടിയേ തീരൂ.

ഓരോ വർഷം പിന്നിടുംതോറും ജലജന്യരോഗങ്ങളെ അപ്രതിരോധ്യമാക്കുംവിധം ശുദ്ധജലക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ മൂന്നിലൊരു ഭാഗം കുടിവെള്ളസ്രോതസ്സുകളിലും ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യമുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. തുറസായ സ്ഥലങ്ങളിലെ മലവിസർജനം തന്നെയാണ് ഇതിന് മുഖ്യഹേതുവാകുന്നത്. മനുഷ്യവിസർജനം സൂക്ഷ്മവും സുരക്ഷിതവുമായ രീതിയിൽ കൈകാര്യം ചെയ്തില്ലെങ്കിലുണ്ടാകുന്ന ഭവിഷ്യത്തുകൾ ഭീകരമായിരിക്കും. ഈ ബോധ്യത്തിലാണ് സമ്പൂർണ്ണ വെളിയിടവിസർജ്ജന മുക്ത സംസ്ഥാനമെന്ന ലക്ഷ്യം കൈവരിക്കാനുതകുന്ന പദ്ധതികൾ തദ്ദേശസ്വയംഭരണവകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്നത്.

ശുചിത്വം ആരോഗ്യം എന്നിവ ഉറപ്പുവരുത്തുന്നതിനു പുറമെ പൗരന്മാരുടെ അന്തസ്സിന്റെയും സ്വകാര്യതയുടെയും സംരക്ഷണം കൂടി സമ്പൂർണ്ണ വെളിമ്പുറ വിസർജന നിർമ്മാർജന യജ്ഞം ലക്ഷ്യം വെയ്ക്കുന്നുണ്ട്. പൊതു ഇടങ്ങളിൽ സ്ത്രീ പുരുഷ സ്വകാര്യത ഉറപ്പുവരുത്തുന്ന തരത്തിലുള്ള മറപ്പുരകൾ സജ്ജീകരിക്കുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് മുന്തിയ പരിഗണന നൽകിവരുന്നു.

വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ കക്കൂസ് സൗകര്യമൊരുക്കുന്നതിന് നിരവധി പ്രതിബന്ധങ്ങളുണ്ട്. ഭൂഗർഭ ജലസ്രോതസ്സിൽ പോലും മാലിന്യങ്ങൾ എളുപ്പം കലരാനിടവരുന്ന ഇത്തരം പ്രദേശങ്ങളിൽ ഉചിതവും ശാസ്ത്രിയവുമായ സാങ്കേതികവിദ്യയുടെ സഹായത്തോടെ വേണം കക്കൂസുകൾ നിർമ്മിക്കാൻ. ഇവിടങ്ങളിൽ ജൈവകക്കൂസുകളുടെയും സെപ്റ്റേജ് വിദ്യയുടെയും സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.

കക്കൂസ് നിർമ്മാണത്തിന് ഓരോ ഗുണഭോക്താവിനും 15400/ രൂപ.യുടെ ധനസഹായത്തിന് അർഹതയുണ്ട്. ഇതിൽ 12000/ രൂപ കേന്ദ്ര സർക്കാരിന്റെ സ്വച്ഛഭാരത് നിധിയിൽ നിന്നും 3400/ രൂപ പഞ്ചായത്തിന്റെ പദ്ധതിനിധിയിൽ നിന്നുമാണ് നൽകുന്നത്. കേന്ദ്രവിഹിതം ലഭിക്കുന്നതിൽ കാലതാമസ മുണ്ടെങ്കിൽ പഞ്ചായത്തുകൾക്ക് പദ്ധതിനിധിയിൽ നിന്നുതന്നെ മുഴുവൻ തുകയും അനുവദിക്കാവുന്നതാണ്. ഫണ്ടിന്റെ ദൗർലഭ്യം ചൂണ്ടിക്കാണിച്ച് ഒരു പഞ്ചായത്തും ഈ മഹത്തായ യജ്ഞത്തെ ഹരിച്ചുകളയാൻ പാടില്ല.

സമ്പൂർണ്ണ വെളിയിട വിസർജ്ജന മുക്ത പദവി നേടാൻ ഒരു പഞ്ചായത്തിലെ 100% വീടുകളിലും പഞ്ചായത്തുപരിധിയിലെ അംഗനവാടികൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാലയങ്ങളിലും കക്കൂസ് സൗകര്യം ഉറപ്പുവരുത്തണം. ഇതിനുപുറമെ പഞ്ചായത്തിലുടനീളം ഉയർന്ന നിലവാരത്തിലുള്ള ശുചിത്വം നിലനിർത്തു കയും വേണം. മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിച്ചുവെന്ന് ഉറപ്പുവന്നാൽ ഒരു പഞ്ചായത്തിന് സ്വന്തം നിലയിൽ പ്രത്യേക സമ്മേളനം വിളിച്ചുചേർത്ത് തങ്ങൾ സമ്പൂർണ്ണ വെളിയിട വിസർജ്ജന മുക്ത പഞ്ചായത്ത് എന്ന പദവി നേടിയതായി പ്രഖ്യാപിക്കാവുന്നതാണ്. മാനദണ്ഡമായി നിശ്ചയിച്ച സൗകര്യ ങ്ങൾ ഉറപ്പവരുത്തിയിട്ടുണ്ടോ എന്ന് ജില്ലാസംസ്ഥാനതല പരിശോധകസംഘം വിലയിരുത്തുകയും ചെയ്യും.

ആലപ്പുഴ ജില്ലയിലെ മുഹമ്മയാണ് ആദ്യത്തെ വെളിയിട വിസർജ്ജന മുക്ത പഞ്ചായത്ത് എന്ന പദവി നേടിയത്. തുടർന്ന് കോട്ടക്കൽ, കട്ടപ്പന എന്നീ നഗരസഭകൾക്കും താഴെ പറയുന്ന 22 പഞ്ചായത്തുകൾക്കും കൂടി പ്രസ്തുത പദവി ലഭിച്ചു.

പൂഞ്ഞാർ, തിരുമാറാടി, കൊടുമ്പ്, തിരുമിറ്റക്കോട്, പൊൻമുണ്ടം, വളവന്നൂർ, മാങ്ങാട്ടിടം, ചൊക്ലി, മുഴുപ്പിലങ്ങാട്, ന്യൂമാഹി, പിണറായി, പാട്യം, കതിരൂർ, കോളച്ചേരി, എരഞ്ഞോളി, കടമ്പൂർ, പന്ന്യന്നൂർ, ധർമടം, വേങ്ങാട്, അഞ്ചരക്കണ്ടി, കുന്നോത്തുപറമ്പ്, കുറ്റ്യാട്ടൂർ, ചെമ്പിലോട്, ചിറ്റാരിപ്പറമ്പ്, ഇരിക്കൂർ, മലപ്പട്ടം, തൃപ്പങ്ങോട്ടൂർ.

ജാതി മത കക്ഷിരാഷ്ട്രീയ ഭേദമെന്യേ മഹത്തായ ഈ യജ്ഞസാഫല്യത്തിനായി കൈകോർത്ത മേൽപ്പറഞ്ഞ പഞ്ചായത്തുകളിലെ ഓരോ പൗരൻമാരെയും ജനപ്രതിനിധികളെയും പൊതുപ്രവർത്തകരെയും ഉദ്യോഗസ്ഥരെയും എന്റെ ഹൃദയംഗമമായ അഭിനന്ദനം അറിയിക്കട്ടെ. ഓരോ പഞ്ചായത്തിനേയും വെളിയിട വിസർജനമുക്തമാക്കാനുള്ള യജ്ഞം കേവലം പദവി നേട്ടത്തിൽ ഒതുക്കരുത്. നേടിയ പദവി നിലനിർത്താൻ ബോധവൽകരണ പ്രചരണ പരിപാടികൾ തുടരേണ്ടത് അത്യാവശ്യമാണ്.

2016 ലെ കേരളപ്പിറവി ദിനത്തിൽ ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ കേരളത്തെ സമ്പൂർണ്ണ വെളിയിടവിസർജ്ജന മുക്ത സംസ്ഥാനമായി പ്രഖ്യാപിക്കാനിരിക്കയാണ്. അപ്പോഴേക്കും രണ്ടുലക്ഷം കക്കൂസുകൾ കൂടി വിവിധ പഞ്ചായത്തുകളിലെ ഗുണഭോക്താക്കൾ നിർമ്മിച്ചുവെന്ന് ഉറപ്പുവരുത്തണം. ഒട്ടും കാലവിളംബമില്ലാതെ അതിനാവശ്യമായ ധനസഹായം വിതരണം ചെയ്യണം. ഭാരിച്ച ഈ ഉത്തരവാദിത്വം സമയബന്ധിത മായി നിർവഹിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓരോ ജനപ്രതിനിധിയും ഉദ്യോഗസ്ഥരും പ്രതിജ്ഞാബദ്ധരാണ്. ദൈവത്തിന്റെ സ്വന്തം നാട് എന്ന് ഖ്യാതി അതേ അർത്ഥത്തിൽ നിലനിർത്താൻ ഈ യജ്ഞത്തിന്റെ വിജയം നമ്മെ പ്രാപ്തമാക്കുമെന്ന് ഉറപ്പാണ്. അതിന് ഏവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.



ഡോ.പി.പി.ബാലൻ

# നിയമസഭാ സാമാജികരും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും

നിയോജകമണ്ഡലത്തിൽ നിറഞ്ഞുനിന്ന വികസന കാര്യങ്ങൾക്ക് നേതൃത്വം നല്കുന്ന നിയമസഭാസാമാജികർക്ക് എന്നും അംഗീകാരമുണ്ട്. കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങളുടെ ബഹുമതിയും പിന്തുണയും അവർ ആർജ്ജിക്കുന്നു. ഒരു വിലയിരുത്തൽ പ്രക്രിയയിൽ നിയോജകമണ്ഡലത്തിൽ എം.എൽ.എ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളാണ് എപ്പോഴും ഇടം പിടിക്കുക. നിയമസഭാസാമാജികരെ സംബന്ധിച്ചിടത്തോളം നിയമനിർമ്മാണമാണ് അവരുടെ മുഖ്യപ്രവർത്തനം എന്നിരിക്കെ സഭക്ക് അകത്തും പുറത്തും ഇത് സംബന്ധിച്ച് നടത്തുന്ന പ്രവർത്തനം പൊതുവെ ചർച്ച ചെയ്യപ്പെടുന്നില്ലെന്ന് മാത്രമല്ല അവയ്ക്ക് അർഹിക്കുന്ന പ്രാധാന്യം ലഭിക്കാറുമില്ല.പാർലിമെന്റ് അംഗങ്ങൾക്ക് ലഭിക്കുന്ന മാതൃകയിൽ പ്രത്യേക വികസന ഫണ്ട് 2001 മുതൽക്കാണ് കേരളത്തിൽ എം.എൽ.എ മാർക്ക് നൽകി തുടങ്ങിയത്. ഭരണഘടനയുടെ 11, 12 ഷെഡ്യൂൾ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിക്ഷിപ്തമായ വിഷയ മേഖലകളിൽ ഇടപെടാനുള്ള അവസരം ഉണ്ടാകുന്നത് വികേന്ദ്രീകൃതഭരണസംവിധാനത്തിന് വിരുദ്ധമാണെന്നവാദം നിലനിൽക്കെ അധികാരവികേന്ദ്രീകരണം യഥാർത്ഥ്യമായ കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് ഇത്തരം വികസനഫണ്ടുകൾ പ്രാദേശിക വികസന പദ്ധതികളുടെ ഏകോപനം ഉറപ്പ് വരുത്താൻ സഹായകമാകേണ്ടതാണ്.

അസംബ്ലിനിയോജകമണ്ഡലം പഞ്ചായത്തുകളെപ്പോലെയൊ മുനിസിപ്പാലിറ്റികളെപ്പോലെയൊ ഭരണ യൂണിറ്റുകളല്ല പക്ഷേ വികസനയൂണിറ്റുകളായിമാറിയിട്ടുണ്ട്. എങ്കിലും നിയമസഭാ സാമാജികർക്ക് തങ്ങളുടെ പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികൾക്ക് ഏകോപനം ഉറപ്പ് വരുത്താൻ നേതൃത്വപരമായ പങ്ക് വഹിക്കാൻ സാധിക്കും. വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി കൂടി ആലോചിച്ച് വികസനവിടവുകൾ കണ്ടെത്തുന്നതിനും അതിന് പരിഹാര നിർദ്ദേശിക്കാനും സാധിക്കുന്നു. സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ സ്കീമുകൾ നടപ്പിലാക്കുമ്പോൾ അതിൽ ഇടപെട്ടുകൊണ്ട് സമഗ്രത കൈവരിക്കാനും

കഴിയുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം വാർഡ് അടിസ്ഥാനത്തിലുള്ള പരിപാടികളാണ് അവർ ആവിഷ്ക്കരിക്കുന്നതെന്ന് കാണാം. കൂടുതൽ വിപുലമായ പദ്ധതികൾ അവരുടെ അജണ്ടയിൽ വരുന്നില്ല കാരണം വാർഡടിസ്ഥാനത്തിൽ ചേരുന്ന ഗ്രാമസഭയാണല്ലൊ വികസനാവശ്യങ്ങൾ നിർദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ വികസന യൂണിറ്റായി കണ്ടുകൊണ്ടുള്ള വികസന പദ്ധതികൾ വേണം എന്ന് നിഷ്ക്കർഷിക്കുമ്പോഴും അത്തരം സ്ഥായിയായ വികസനപദ്ധതികൾ ഇല്ലാത്ത അവസ്ഥയാണിന്ന് നിലനിൽക്കുന്നത്. അതു കൊണ്ട്തന്നെ കൂടുതൽ ബൃഹത്തും ദീർഘവിക്ഷണത്തോടെയുള്ള പദ്ധതികൾ രൂപപ്പെടുത്തുന്നതിന് ഗുണപരമായ നേതൃത്വം ആവശ്യമാണ്. അത് നിയമസഭാസാമാജികർക്ക് പ്രദാനം ചെയ്യാൻകഴിയണം. 25 ലക്ഷം രൂപയിൽ തുടങ്ങിയ എം.എൽ.എ മാർക്കുള്ള പ്രത്യേക വികസന ഫണ്ട് ഇന്ന് ഒരു കോടി രൂപയിൽ എത്തിനിൽക്കുന്നു. കൂടാതെ 201213 കാലഘട്ടത്തിൽ ആരംഭിച്ച ആസ്തിവികസനഫണ്ടിനത്തിൽ 5 കോടി രൂപയും ഓരോ വർഷവും നിയമസഭാസാമാജികർക്ക് ലഭിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ വലിയ പദ്ധതികൾ ആവിഷ്ക്കരിച്ച് ഇത്തരം ഫണ്ടുകളുടെ വിനിയോഗം ഉറപ്പ് വരുത്തേണ്ടതായിട്ടുണ്ട്. എം.എൽ.എ മാർക്ക് ലഭിക്കുന്ന രണ്ട് തരത്തിലുള്ള വികസന ഫണ്ടുകളും റോഡുകൾ, പാലങ്ങൾ, കുടിവെള്ളവിതരണം, ആശുപത്രി, വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവയുടെ വികസനത്തിനുപയോഗിക്കാവുന്നതാണ്. കൂടിയാലോചനകളിലൂടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികളുമായി ഇവ സംയോജിപ്പിക്കുമ്പോൾ ആ നിയോജകമണ്ഡലത്തിലെ സ്ഥായിയായ വികസന ലക്ഷ്യം കൈവരിക്കാൻ കഴിയും.

പ്രാദേശികാവശ്യം മുൻനിർത്തി ബൃഹത്തായ പദ്ധതികൾ ആവിഷ്ക്കരിച്ച് പ്രോജക്ടുകൾ സമർപ്പിച്ചാൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽ നിന്നും ഫണ്ട് കണ്ടെത്തുവാൻ കഴിയും. നിയോജകമണ്ഡല അടിസ്ഥാനത്തിലും ഒന്നിലേറെ നിയോജകമണ്ഡലങ്ങൾ കൂട്ടായും ഇത്തരം പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. വിദ്യാഭ്യാസ-ആരോഗ്യ-കാർഷിക മേഖലകളിൽ ഇതിനകം തന്നെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ ചില നിയമസഭാമണ്ഡലങ്ങളിലെങ്കിലുംമാതൃകാപരമായി പരിപാടികൾ നടത്തിവരുന്നുണ്ട്.

വിവിധ മേഖലകളിൽ സമ്പൂർണ്ണത കൈവരിക്കാനുള്ള ദൗത്യമാണ് വേറൊന്ന്. ഒരു അസംബ്ലിനിയോജകമണ്ഡലം കുടിവെള്ളത്തിൽ സമ്പൂർണ്ണത കൈവരിക്കുന്നതിന് പദ്ധതി തയ്യാറാക്കുമ്പോൾ അത് സാധ്യമാക്കുന്നത് നിയോജകമണ്ഡലപരിധിയിൽ വരുന്ന എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സംയുക്തമായി പ്രോജക്ടുകൾ തയ്യാറാക്കുമ്പോഴാണ്. സമ്പൂർണ്ണ പാർപ്പിട പ്രശ്നവും ഈ വഴിയിലൂടെ ലക്ഷ്യം കൈവരിക്കുന്നു. ഇത്തരം വികസന ലക്ഷ്യങ്ങൾ കണ്ടെത്തുകയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അതിനനുസൃതമായി പദ്ധതികൾ തയ്യാറാക്കുകയും വേണം. ഭക്ഷ്യസുരക്ഷ, പരിസ്ഥിതി സംരക്ഷണം, ജൈവകൃഷി, ചെറുകിടജലസേചനപദ്ധതികൾ, ഊർജ്ജസുരക്ഷ, പാൽ, മുട്ട എന്നിവയുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത, സമ്പൂർണ്ണപാർപ്പിടം, ജീവിതശൈലി രോഗനിയന്ത്രണം എന്നിവ ഇതിൽ ചിലതാണ്. മാലിന്യമുക്തമണ്ഡലം, ജലസംരക്ഷണം എന്നീ ലക്ഷ്യം കൈവരിക്കുവാൻ വിപുലമായ ക്യാമ്പയിൻ പ്രവർത്തനമാണുചിതം. ഉറവിടമാലിന്യസംസ്ക്കരണത്തോടൊപ്പം നിയോജകമണ്ഡലടിസ്ഥാനത്തിൽ വികേന്ദ്രീകൃത സംവിധാനങ്ങളുമാകാം.ശിശു-സ്ത്രീ സൗഹൃദമണ്ഡലം, വയോജന-ഭിന്നശേഷി സൗഹൃദമണ്ഡലം എന്നീ ലക്ഷ്യങ്ങളോടെയുള്ള പരിപാടികളും ആവിഷ്ക്കരിക്കാവുന്നതാണ്. നിയോജകമണ്ഡലം അടിസ്ഥാനത്തിൽ സംസ്ക്കാരിക കൂട്ടായ്മകളും കാർഷിക-വ്യവസായ മേളകളും സംഘടിപ്പിക്കാം.

വിപുലമായ ഡാറ്റാശേഖരണത്തിലൂടെ നിയോജകമണ്ഡലം വികസന റിപ്പോർട്ടും മാസ്റ്റർ പ്ലാനും തയ്യാറാക്കുന്നത് അഭികാമ്യമായിരിക്കും. പ്രസ്തുത മാസ്റ്റർ പ്ലാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്ലാനുമായി സംയോജിക്കപ്പെടേണ്ടതായിട്ടുണ്ട്. അങ്ങനെ വരുമ്പോൾ അത് സമഗ്രമായ ജില്ലാപദ്ധതി രൂപീകരണത്തെ സുഗമമാക്കുന്നു. വികസനപരിപ്രേഷ്യം രൂപപ്പെടുത്തുന്നത് വാർഡ് മെമ്പർമാർ ഉൾപ്പടെയുള്ള എല്ലാ ജനപ്രതിനിധികളുടെയും കൂട്ടായ്മയിലൂടെ ആയിരിക്കണം. ഇത്തരം ജനപ്രതിനിധിസഭ വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും നിയോജകമണ്ഡല അടിസ്ഥാനത്തിൽ യോഗം ചേർന്ന് സ്ഥിതിവിവരങ്ങൾ വിലയിരുത്തണം. അത് നിയോജകമണ്ഡലത്തിലെ 'ഗ്രാമസഭയായി' നിലനിൽക്കണം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേതു പോലെ നിയോജകമണ്ഡലവികസന റിപ്പോർട്ട് തയ്യാറാക്കി വികസന സെമിനാർ നടത്തി പൊതുജന അംഗീകാരം വാങ്ങുന്നത് സുതാര്യമായ പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കും. എം.എൽ.എ മാരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷരുടെ സ്റ്റിയറിംഗ് കമ്മിറ്റി യോഗം വാർഷിക കർമ്മപദ്ധതിക്ക് രൂപം നൽകേണ്ടതുമുണ്ട്. ഓരോ ആറ് മാസവും സ്റ്റിയറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തട്ടെ.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അവയുടെ പ്രവർത്തനങ്ങളിൽ അനേകം പ്രശ്നങ്ങളും വെല്ലുവിളികളും നേരിടുന്നുണ്ട്. പല കാര്യങ്ങളിലും നയപരമായ തീരുമാനം ആവശ്യമാണ്. ഇത്തരത്തിൽ പ്രാദേശിക ജനപ്രതിനിധികളുടെ കൂട്ടായ്മ നിയമസഭാസാമാജികരുടെ നേതൃത്വത്തിൽ രൂപപ്പെടുമ്പോൾ പ്രാദേശിക സർക്കാരുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും കഴിയും. നയപരമായ ഇടപെടലിലൂടെ അധികാരവികേന്ദ്രീകരണം കൂടുതൽ ഫലപ്രദമാക്കാനും സാധിക്കുന്നു.

*ലേഖകൻ കില ഡയറക്ടറാണ്*



ഹരിപ്രിയദേവി

# ജൈവകൃഷി കാലഘട്ടത്തിന്റെ അനിവാര്യത

ഭക്ഷണം വെല്ലുവിളിയായിരുന്ന ഒരു കാലഘട്ടത്തിൽ മനുഷ്യ രാശിയെ തീറ്റിപ്പോറ്റുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ ഹരിത വിപ്ലവം ഒരു വൻവിജയമായിരുന്നു. എന്നാൽ വർഷങ്ങൾ കഴിഞ്ഞപ്പോൾ അധികരിച്ച രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും ദോഷ വശങ്ങളെക്കുറിച്ച് മനുഷ്യർക്ക് ബോദ്ധ്യപ്പെടുകയും അത്തരം ദോഷങ്ങളില്ലാത്ത ഒരു കൃഷി രീതി അതിൽ നിന്ന് ഉടലെടുക്കുകയും ചെയ്തു. 1993ൽ കേന്ദ്ര കൃഷിമന്ത്രാലയം നിയോഗിച്ച കമ്മിറ്റി ഇക്കാര്യങ്ങൾ പരിശോധിച്ച് ശുപാർശ നൽകുകയുണ്ടായി. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## എന്താണ് ജൈവകൃഷി?

കൃതിമ രാസവളങ്ങളും, കീടനാശിനികളും ഉപയോഗിക്കാതെ ജൈവവളങ്ങളായ കാലി വളം, കമ്പോസ്റ്റ് ,പച്ചിലവളങ്ങൾ ,മറ്റു ജൈവവസ്തുക്കൾ എന്നിവ ഉപയോഗിച്ച് കൃഷി ചെയ്യുകയും കീടനിയന്ത്രണത്തിന് ജൈവകീടനിയന്ത്രണമാർക്ഷങ്ങൾ ഉപയോഗിക്കുകയും, അത് വഴി മണ്ണിന്റെ ഫലപുഷ്ഠി നിലനിർത്തുക എന്നതാണ് ജൈവകൃഷിയുടെ പ്രധാന ഉദ്ദേശ്യം.

ജൈവകൃഷി എന്നത് ഒരു കൃഷി രീതി എന്നതിലുപരി ഒരു ജീവിതരീതിയാണ്. അതുകൊണ്ട്തന്നെ പ്രകൃതി വിഭവ സംരക്ഷണത്തിന് ഈ കൃഷിയിൽ വളരെ പ്രാധാന്യമുണ്ട്. പ്രകൃതി കനിഞ്ഞ് നൽകുന്ന ജല സമ്പത്ത് കാര്യക്ഷമമായി വിനിയോഗിക്കാനും പരിപാലിക്കാനും നമുക്ക് കഴിയണം, എന്തെന്നാൽ ജൈവകൃഷിയുടെ അടിസ്ഥാനതത്വങ്ങളാണ് ജലസംരക്ഷണവും മണ്ണ് സംരക്ഷണവും.

## എന്തുകൊണ്ട് ജൈവകൃഷി ?

നല്ല ഭക്ഷണമാണ് നല്ല മരുന്ന്. ഒരോ വീടിനും ആവശ്യമുള്ള കുറച്ച് പച്ചക്കറികൾ (ചീര,പയർ, മുളക്,വെണ്ട,വഴുതന,കറിവേപ്പ്.,) വാഴ എന്നിവ ലഭ്യമായ സ്ഥലത്ത് കൃഷി ചെയ്താൽ തന്നെ മെച്ചപ്പെട്ട ഭക്ഷണരീതി മലയാളികൾക്ക് കൈവരിക്കാൽ സാധിക്കും. ഇതിലൂടെ നമ്മുടെ നാട്ടിൽ ഏറി വരുന്ന ജീവിത ശൈലി രോഗങ്ങൾക്കും ക്യാൻസർ,കിഡ്നി രോഗങ്ങൾ എന്നിവയേയും പ്രതിരോധിക്കാൻ നമുക്ക് കഴിയും.അതുകൊണ്ട് തന്നെ ഈ കാലഘട്ടത്തിന്റെ അനിവാര്യതെയാണ് ജൈവകൃഷി എന്നത് വിദ്യാഭ്യാസത്തിലും അറിവിലും മുന്നിൽ നിൽക്കുന്ന നമ്മൾ മനസ്സിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കേരളകൃഷിവകുപ്പ് ഇതിനായി ധാരാളം പദ്ധതികൾ കൃഷിഭവനുകൾ വഴി നടപ്പിലാക്കി വരുന്നു. അവയൊക്കെ പ്രയോജനപ്പെടുത്തി നാടിന്റെ നൻമയ്ക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

*ലേഖിക കൃഷി ആഫീസറാണ്*

വട്ടപ്പറമ്പിൽ പീതാംബരൻ

# കാവാലം ഒരു പ്രസ്ഥാനം



"ഓ തിത്തിത്താരാ തിത്തിത്തൈ
തിത്തൈ തക തെയ് തെയ് തോം"

മലയാളത്തിന്റെ തനതായ ഈ വായ്ത്താരി നമ്മെ ഓർമ്മിപ്പിക്കുന്നത് വള്ളംകളിയെയാണ്. ഒപ്പം ആറന്മുളയും ചമ്പക്കുളവും മനസ്സിലെത്തും. കൂടെയെന്നും മറ്റൊരു പേര് കാവാലം ചുണ്ടൻ.

കാവാലം ഒരു സ്ഥലനാമം മാത്രമല്ല; ഒരു പ്രസ്ഥാനമാണ്. മലയാള നാടകവേദിയെ, ദേശീയ നാടകവേദിയോളം- അല്ല ലോക നാടകവേദിയോളം- ഉയർത്തിക്കെട്ടിയ തനതു നാടക പ്രസ്ഥാനത്തിന്റെ കുലപതിയായ കാവാലം! മലയാളത്തിന്റെ തനതുകലകളിലെ താളം, വേഷം, ഈണം, നാദം, ശരീരഭാഷ തുടങ്ങിയവ സമന്വയിപ്പിച്ച കലാരൂപത്തിന്റെ-തനതു നാടക പ്രസ്ഥാനത്തിന്റെ-ഉപജ്ഞാതാവ് കാവാലം! കാവാലം നാരായണപ്പണിക്കർ- മലയാള നാടകത്തിന്റെ സ്വത്വം നിലനിർത്തിയ പ്രസ്ഥാനം! അതെ, കാവാലം ഒരു പ്രസ്ഥാനം തന്നെയാണ്.

നമ്മുടെ തനത് അനുഷ്ഠാന കലകളായ കാളീനാടകം, തിറ, തീയാട്ട്, സംഘക്കളി തുടങ്ങിയവയിൽ നിന്ന് രൂപംകൊണ്ട് കൂത്ത്, കൂടിയാട്ടം, രാമനാട്ടം, കഥകളി തുടങ്ങിയവയിലൂടെ വികസിച്ച് തമിഴ്, സംസ്കൃത നാടകങ്ങളുടെ അംശങ്ങൾ സ്വാംശീകരിച്ച്, പാശ്ചാത്യ നാടകങ്ങളുടെ ചങ്ങാത്തം സ്വീകരിച്ച് വളർന്നതാണ് മലയാള നാടക വേദി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സാധാരണ ജനങ്ങൾ അവതരിപ്പിച്ചിരുന്ന ഐവർ നാടകം, പൊറാട്ടു നാടകം, ആര്യമ്മാല നാടകം, വെള്ളരിനാടകം, പാവക്കൂത്ത്, കാക്കാരിശ്ശി നാടകം, പടയണി പറണേറ്റ് തുടങ്ങിയ നാടകീയ കലാരൂപങ്ങളെ അവഗണിച്ചു കൊണ്ടുള്ള മലയാള നാടക വേദിയുടെ ചരിത്രപഠനം അപൂർണ്ണമായിരിക്കും. സംസ്കൃത നാടകത്തിന്റെ കേരളീയ അവതരണ രൂപമായതും രണ്ടായിരത്തിൽപരം വർഷത്തെ പഴക്കമുള്ളതുമായ കൂടിയാട്ടത്തെയും, ചാക്യാർകൂത്തിനെയും, നമ്പ്യാർ കൂത്തിനെയും, 'ടോട്ടൽ തിയേറ്റർ' എന്ന് ലോകം അംഗീകരിച്ച കഥകളിയെയും ഒഴിവാക്കി മലയാള നാടകചരിത്രം രചിക്കാനാവുമോ? വളരെ പഴക്കമുള്ള ഒരു ചരിത്രമാണ് മലയാള നാടകവേദിക്കുള്ളത്.

നമ്മുടെ നാടകാവതരണ ശൈലികളിലെല്ലാം ഭരതമുനിയുടെ നാട്യശാസ്ത്രാനുസാരിയായ ലോകധർമ്മി, നാട്യധർമ്മി അഭിനയ സങ്കേതങ്ങളാണ് കാണാറുള്ളത്. ക്ലാസിക്ക് കലകളായ കഥകളിയിലും, കൂടിയാട്ടത്തിലും കൂത്തുകളിലുമൊക്കെ നാട്യധർമ്മിയാണുള്ളതെങ്കിൽ നാടോടികലാരൂപങ്ങളിലെല്ലാം ലോക ധർമ്മി അഭിനയശൈലിയാണുള്ളത്.

ലോക നാടകവേദി നാടകാവതരണ ശൈലികളിൽ ശരീരാഭിനയത്തിനു പ്രാധാന്യം നൽകികൊണ്ട് അഭിനയമേഖലയിൽ പരിവർത്തനങ്ങൾ വരുത്തിയ കാലം. അതിന്റെ അലയടികൾ മലയാള നാടകവേദിയിലും ഉണ്ടായി. സോപാനം എന്ന തനതു നാടകകളരിയിലൂടെ കാവാലം അതിനു നേതൃത്വം നൽകി.

കേരളത്തിലെ തനതു കലാരൂപങ്ങളുടെ തനിമയും ക്ലാസിക്കൽ കലാരൂപങ്ങളുടെ വ്യത്യസ്ത ഘടകങ്ങളും സമഞ്ജസമായി സമന്വയിപ്പിച്ച് കാവാലം തനതു നാടകാവതരണ ശൈലിക്ക് രൂപം നൽകി. താളനി

ബിഡമായ ഈ പ്രപഞ്ചത്തിൽ രംഗകലകളിലെ ഒരു ക്രിയാംശത്തിനും താളരാഹിത്യം അംഗീകരിക്കാനാവില്ലെന്ന് അദ്ദേഹം കണ്ടെത്തി.

നമ്മുടെ നാടോടിപ്പാട്ടുകളിലും, നാടൻ കലാരൂപങ്ങളിലും, നാട്ടറിവുകളിലും, നാടൻകളരികളിലും നിന്ന് വായ്ത്താരികളും, നാടൻശീലുകളും, നാടൻതാളങ്ങളും, അഭ്യാസമുറകളും, ശരീരാഭിനയത്തിന്റെ വൈവിധ്യവൈചിത്ര്യങ്ങളുമായി മനോഹരമായി കൂട്ടിയിണക്കി രംഗവേദി ചലനാത്മകമാക്കി പ്രേക്ഷകശ്രദ്ധ ഏകാഗ്രമാക്കിത്തീർക്കാനുള്ള കാവാലത്തിന്റെ ശ്രമം വിജയകരമായിരുന്നു.

ലോകധർമ്മി, നാട്യധർമ്മി അഭിനയ ശൈലികളിലെ പല ഘടകങ്ങളും സമന്വയിപ്പിച്ച് നാടകാവതരണത്തിന് ചടുലതയും ദൃശ്യഭംഗിയും നൽകി, 'തനതു നാടകവേദി' എന്ന പുതിയ പ്രസ്ഥാനത്തിന് ജൻമം നൽകിയ പ്രതിഭാധനനാണ് കാവാലം നാരായണപ്പണിക്കർ. നാട്യശാസ്ത്രം വിശദമാക്കുന്ന ചതുർവിധാഭിനയങ്ങളായ ആംഗികം, വാചികം, സാത്വികം, ആഹാര്യം എന്നിവയ്ക്ക് പ്രാമുഖ്യം നൽകി ശരീരാഭിനയം, മുദ്രാഭിനയം, ആംഗികാഭിനയം, ചാരികൾ എന്നിവയ്ക്ക് താളാത്മകമായ രംഗാവിഷ്കാരം നൽകി, നമ്മുടെ തനതു നാടോടി കലകളിലേയും ക്ലാസിക്ക് കലകളിലേയും ആഹാര്യവും താളമേളങ്ങളും ഭംഗിയാംവണ്ണം കോർത്തിണക്കി കാവാലം തനതു നാടകവേദിക്ക് ജന്മം നൽകി. ദേശീയതലത്തിൽ മലയാള നാടകവേദിയുടെ മഹിമയും തനിമയും പ്രകടമാക്കി.

കാവാലത്തിന്റെ സ്വന്തം രചനകളായ സാക്ഷി ദൈവത്താർ, അവനവൻ കടമ്പ, തിരുവാഴിത്താൻ ഒറ്റയാൻ, കലിവേഷം തുടങ്ങിയ മലയാള നാടകങ്ങളും; ഭാസനാടകങ്ങളായ കർണ്ണഭാരം, ഊരുഭംഗം തുടങ്ങിയ സംസ്കൃത നാടകങ്ങളും തനതു നാടകശൈലിയിൽ അവതരിപ്പിച്ച് ഭാരതീയ നാടകവേദിയിൽ മലയാള നാടകവേദിയുടെ സ്ഥാനം ഉറപ്പിച്ച കാവാലം തനതു നാടകവേദിയുടെ കുലപതി തന്നെയാണ്. സംസ്കൃത നാടകാവതരണ ശൈലിയിൽ കേരളത്തനിമ സന്നിവേശിപ്പിക്കുന്നതിൽ കാവാലം ഏറെ വിജയിച്ചു.

എങ്കിലും തനതു നാടകവേദിക്ക് സാർവ്വത്രികത അവകാശപ്പെടാനായില്ലെന്നത് ദു:ഖകരമാണ്. കാവാലത്തിന്റെ ശൈലിയിലെ അന്ത:സത്ത പൂർണ്ണമായി ഉൾകൊള്ളാനാവാതെയും, ശരിയായ പരിശീലനമില്ലാതെയും വികലമായ അവതരണത്തിലൂടെ ചിലർ തനതു നാടകാവതരണ ശൈലിയെ വക്രീകരിച്ചതല്ലേ അതിന് സാർവ്വത്രികാംഗീകാരം നേടാനാകാത്തതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ തനതു നാടകവേദിയിൽ കാവാലം പരീക്ഷിച്ചു വിജയിച്ച പല ഘടകങ്ങളും പ്രൊഫഷണൽ നാടക സംവിധായകരിൽ പലരും തങ്ങൾ സംവിധാനം ചെയ്യുന്ന നാടകങ്ങളിൽ സന്നിവേശിപ്പിക്കുന്നുവെന്നത് കാവാലം ശൈലിയുടെ മഹത്ത്വത്തിനുദാഹരണമായി കാണാവുന്നതാണ്.

നാടകരംഗത്തു മാത്രമല്ല, കാവ്യരചനയിലും ചലച്ചിത്ര ഗാനരചനയിലും തനതായി ശൈലി വാർത്തെടുക്കുന്നതിൽ കാവാലം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

മലയാളത്തിന്റെ നാടോടിപ്പാട്ടുകളുടെ താളഭംഗിയും, ഈണവും, മൊഴിയഴകും കാവാലം തന്റെ കവിതകളിലും, ചലച്ചിത്ര ഗാനങ്ങളിലും ഇണക്കിചേർത്തു. ആ തനതുകളെ മലയാളി സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തു.

നമ്മുടെ തനതുകളുടെ തനിമകളും ജനകീയതയും ജനമനസ്സുകളിൽ ഉറപ്പിക്കാൻ കലയ്ക്കും സാഹിത്യത്തിനും വേണ്ടി കാവാലം നൽകിയ മഹത്തായ സംഭാവനകൾ അനുസ്മരിച്ചു കൊണ്ട് മഹാനായ ആ നാടകാചാര്യന്റെ ഓർമ്മകൾക്കു മുന്നിൽ ശിരസ്സു നമിക്കുന്നു.

**ലോകധർമ്മി, നാട്യധർമ്മി അഭിനയ ശൈലികളിലെ പല ഘടകങ്ങളും സമന്വയിപ്പിച്ച് നാടകാവതരണത്തിന് ചടുലതയും ദൃശ്യഭംഗിയും നൽകി, 'തനതു നാടകവേദി' എന്ന പുതിയ പ്രസ്ഥാനത്തിന് ജൻമം നൽകിയ പ്രതിഭാധനനാണ് കാവാലം നാരായണപ്പണിക്കർ.**



# സൈബർ ലോകവും നിയമങ്ങളും

അഡ്വ. അഖിൽ ജെ. ചന്ദ്രൻ

ഇരുപതാംനൂറ്റാണ്ട് ലോകത്തിലെമ്പാടും ഒട്ടേറെ വിപ്ലവകരമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. അതിൽ പ്രധാനം ഇൻഫർമേഷൻ ടെക്നോളജിയുടെ വളർച്ച തന്നെയാണ്. ആധുനിക കമ്പ്യൂട്ടറിന്റെ പിതാവായി ചാൾസ്ബാബേജ് വാഴ്ത്തപ്പെടുന്നു. എങ്കിലും ആ പര്യവേഷണത്തിന് ആധാരമായ വികസന പരീക്ഷണങ്ങളും കണ്ടു പിടിത്തങ്ങളും 16-ാം നൂറ്റാണ്ടിൽ തന്നെ ആരംഭിച്ചിരുന്നുവെന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാം. കണക്കുകൂട്ടാനുള്ള ഒരു ഉപകരണത്തിൽ തുടങ്ങി അതിന്റെ സാധ്യതകൾ വികസിച്ച് മനുഷ്യ ജീവനുള്ള ഭൂമിക്ക് സമാനമായ മറ്റൊരു ലോകത്തിലേയ്ക്ക് എത്തിയിരിക്കുന്നു സൈബർ ലോകം. കേരള ജനത എന്നും മാറ്റങ്ങളെ വിമർശന ബുദ്ധിയോടുമാത്രം കണ്ടുവരുന്നവരും ആ മാറ്റങ്ങൾ ഉൾക്കൊള്ളാൻ സമയം ആവശ്യമായി ഉള്ളവരുമാണ്. ഇന്ന് നാം ആ മാറ്റത്തെ ഉൾക്കൊണ്ടു കഴിഞ്ഞു. എന്നാൽ അനന്തമായ സൈബർ ലോകത്തെ സാധ്യതകളെയും അതിലെ ചൂഷണങ്ങളെയും മനസ്സിലാക്കാൻ നാം ഇന്നും തയ്യാറായിട്ടില്ല. എന്തും പുതുതലമുറയിലേയ്ക്ക് പറിപ്പിച്ചു കൊടുക്കുന്ന Bottle Feeding സംസ്കാരത്തിൽ സന്തോഷം കാണുന്ന നമുക്ക് അതിനെപ്പറ്റി പുതുതലമുറയിലേയ്ക്ക് പകരാനുള്ള അറിവ് ഇല്ലാതെ വരുന്നു. അടുത്തകാലം വരെ അതിനെപ്പറ്റി പുതുതായി അറിയാൻ ശ്രമിക്കാത്തത് സ്വതസിദ്ധമായ അലസത കാരണമാകാം എന്നാൽ പുതുതലമുറക്ക് അവയെ പൂർണ്ണമായും നിഷേധിക്കാൻ കഴിയില്ല. മാത്രമല്ല ആധുനിക സാങ്കേതിക വിദ്യയുടെ മേൻമകൾ നിഷേധിക്കാനും നമുക്കാകില്ല. അതുകൊണ്ടുതന്നെ അതിനെപ്പറ്റി പഠിക്കുക എന്ന ഒറ്റമാർഗ്ഗമേ നമുക്ക് മുന്നിലുള്ളൂ. നമ്മളിൽ ഭൂരിപക്ഷവും ആ മാറ്റത്തോട് പൊരുത്തപ്പെട്ട് വിശാലമായ സൈബർ ലോകത്തിൽ ഹരിശ്രീ കുറിച്ചു കഴിഞ്ഞു.

കമ്പ്യൂട്ടറിലും മൊബൈൽ ഫോണിലും തുടങ്ങി ഫെയ്സ്ബുക്ക് വാട്ട്സ് ആപ്പ്, നെറ്റ് ബാങ്കിംഗ് ഒക്കെയായി ഇൻഫർമേഷൻ ടെക്നോളജി ഉപയോഗിക്കാത്ത ഒറ്റ ദിവസം പോലും നമുക്കില്ലാതായി. അത് നമുക്ക് സമ്മാനിക്കുന്ന സൗകര്യങ്ങളേയും സുരക്ഷിതത്വത്തേയും അങ്ങേയറ്റം ആസ്വദിക്കുമ്പോഴും അവയുടെ അനന്തസാധ്യതകൾ ദുരുപയോഗം ചെയ്യുന്നവരും ചൂഷണത്തിൽ പെട്ടുപോകുന്നവരും അനവധിയാണ്. സമൂഹത്തിൽ ഡിജിറ്റലൈസേഷനുള്ള പ്രാധാന്യം അതു കാരണമുണ്ടാകുന്ന ബുദ്ധിമുട്ടുകളും മനസ്സിലാക്കി ഇന്ത്യൻ പാർലമെന്റ് 2000 ജൂൺ 9 ന് ഇൻഫർമേഷൻ ടെക്നോളജി ആക്ട് പാസ്സാക്കി. അത് ഒക്ടോബർ 17 ന് നിലവിൽ വന്നു. 13 ചാപ്റ്ററുകളും, 4 ഷെഡ്യൂളുകളും, 94 സെക്ഷനുകളുമുള്ള ചെറിയ ആക്ടാണ് പാസ്സാക്കിയ



**ഡിജിറ്റൽ റിക്കോർഡുകളിലേയ്ക്ക് നാം മാറിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി നമ്മുടെ എല്ലാ വിവരങ്ങളുമടങ്ങിയ ആധാർ കാർഡും വന്നുകഴിഞ്ഞു. സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ ഏറെക്കുറെ ഡിജിറ്റലൈസേഷൻ ചെയ്തു കഴിഞ്ഞു.**

തെങ്കിലും വലിയൊരു മാറ്റമാണ്. ഇന്ത്യൻ നിയമവ്യവസ്ഥിതിയിൽ അതുണ്ടാക്കിയത്. തുടർ IPC (Indian Penal code), Evidence Act, RBI Act എന്നിവയിലും ഭേദഗതികൾ ഉണ്ടായി. IT രംഗത്തെ ചൂഷണങ്ങൾ തടയുക എന്നത് നിയമത്തിന്റെ ഒരു ലക്ഷ്യം ആയിരുന്നെങ്കിൽ പോലും അതിന്റെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലായിരുന്നു ഊന്നൽ നൽകിയത്. അതിന്റെ ഫലമായാണ് ഇ-കോമേഴ്സ്, ഇ-ഗവേണൻസ്, ഡിജിറ്റൽ ഇന്ത്യ പോലുള്ള ബൃഹത് പദ്ധതികൾ ഗവൺമെന്റ് തലത്തിൽ ആവിഷ്കരിക്കുന്നത്. അറിഞ്ഞോ അല്ലാതെയോ നാം എല്ലാവരും ഇതിന്റെയൊക്കെ നേരിട്ടുള്ള ഗുണഭോക്താക്കളാണ്.

IT Act 2000- ൽ പ്രധാനമായും പ്രതിപാദിക്കുന്നത് ഡിജിറ്റൽ റിക്കാർഡുകളെ പറ്റിയാണ്. ഡിജിറ്റൽ റിക്കോർഡുകളിലേയ്ക്ക് നാം മാറിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി നമ്മുടെ എല്ലാ വിവരങ്ങളുമടങ്ങിയ ആധാർ കാർഡും വന്നുകഴിഞ്ഞു. സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ ഏറെക്കുറെ ഡിജിറ്റലൈസേഷൻ ചെയ്തു കഴിഞ്ഞു. ഉദ്യോഗസ്ഥരുടെയും പൊതുജനങ്ങളുടെയും സൗകര്യാർത്ഥം എല്ലാ അപേക്ഷകളും ഫീസും കമ്പ്യൂട്ടർ മുഖേനയായി. ഓരോരുത്തരും അതിന്റെ ഭാഗമായിക്കഴിഞ്ഞു. ഇത്തരത്തിൽ ഡിജിറ്റൽ രേഖകൾ നൽകുമ്പോൾ അവ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യത മുന്നിൽ കണ്ട് അത് തടയാനും രേഖകൾക്കും കൈമാറ്റങ്ങൾക്കും ആധികാരികത നൽകുന്നതിലേക്കായി ഡിജിറ്റൽ സിഗ്നേച്ചർ കൊണ്ടുവന്നു. നമ്മുടെ സ്വകാര്യവിവരങ്ങൾ കോഡുകളാക്കിയുള്ള ഡിജിറ്റൽ സിഗ്നേച്ചർ കാലാകാലങ്ങളായി ഉപയോഗിക്കുന്ന ഒപ്പിന് പകരമാണ്. പ്രായമേറുമ്പോൾ ഒപ്പിന്റെ ശൈലിയിൽ ഉണ്ടാകുന്ന മാറ്റങ്ങളും മറ്റ് ന്യൂനതകളും ഇത് പരിഹരിച്ചു. ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്കാണ് ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് (DSC) അപേക്ഷപ്രകാരം അനുവദിച്ചു നൽകാൻ അധികാരം Asymmetric Crpto System എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് Private Key, Public Key എന്നീ കോഡുകളാലാണ് ഡിജിറ്റൽ സിഗ്നേച്ചർ സാധ്യമാകുന്നത്. ഏതൊരാൾക്കും നിർദ്ദിഷ്ടഫോറത്തിൽ നൽകുന്ന അപേക്ഷപ്രകാരം Digital Signature ലഭ്യമാക്കാനും അവ ഉപയോഗിക്കാനും അവകാശമുണ്ട്.

ഇത്തരത്തിൽ വ്യവസ്ഥകളെ പ്പറ്റിയും അവ ദുരുപയോഗം ചെയ്താലുള്ള പിഴയെപ്പറ്റിയുമാണ് ആക്ടിന്റെ 47 വരെയുള്ള സെക്ഷനുകളിൽ 9 ചാപ്റ്ററുകളിലായി വിവരിക്കുന്നത്.

തുടർന്നുള്ള ഭാഗങ്ങളിൽ ഈ ആക്ടിന്റെ ലംഘനം എങ്ങനെ ചോദ്യം ചെയ്യാം എന്നതിനെപ്പറ്റിയാണ് വിശദമാക്കുന്നത്. സെക്ഷൻ 46 പ്രകാരം ഗവൺമെന്റ് ഓഫ് ഇന്ത്യ, ഡയറക്ടറിൽ കുറയാത്ത റാങ്കുള്ള സെൻട്രൽ ഗവൺമെന്റ് അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ് ഉദ്യോഗസ്ഥനെ Adjudicating Officer ആയി നിയമിക്കണം. ഇവ Chapter X ൽ 48 മുതൽ 64 വരെ സെക്ഷനുകളിൽ Cyber Appellate Tribunal എന്ന സ്റ്റാറ്റ്യൂട്ട റിബോഡിയെപ്പറ്റി പറയുന്നു. Adjudicating Officer ന്റെ നിഗമനത്തിൽ നിന്നുള്ള അപ്പീലുകളാണ് Cyber Appellate Tribunal പരിഗണിക്കുന്നത്. തുടർന്ന് ഹൈക്കോടതിക്കും അപ്പീൽ അധികാരമുണ്ട്. ഐ.റ്റി ആക്ട് പ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യാൻ സിവിൽ കോടതികൾക്ക് അധികാരമില്ല. എങ്കിൽ തന്നെയും പല നടപടിക്രമങ്ങൾക്കും രാജ്യത്തെ എല്ലാ കോടതികളും ഐ. റ്റി ആക്ട് ആശ്രയിക്കുന്നുണ്ട്. ഐ.റ്റി ആക്ട് നിലവിൽ വന്ന ശേഷം IPC യിലും Evidence act ലും ഭേദഗതികൾ വരുത്തി ഡിജിറ്റൽ റിക്കോർഡുകളും ഡിജിറ്റൽ സിഗ്നേച്ചറും തെളിവിനായി സ്വീകരിക്കാവുന്നവയുടെ പട്ടികയിൽ ഉൾപ്പെടുത്തി. മാത്രമല്ല ബന്ധപ്പെട്ട കേസുകളിൽ ഹൈക്കോടതിയും സുപ്രീം കോടതിയിലും പുറപ്പെടുവിച്ചിട്ടുള്ള നിർണായകഉത്തരവുകളും കീഴ്ക്കോടതികൾക്ക് ബാധകമാണ്.

ചാപ്റ്റർ 10 ൽ 65 മുതൽ 78 വരെ സെക്ഷനികളിലാണ് ഐ.റ്റി ആക്ട് പ്രകാരമുള്ള കുറ്റങ്ങളും അവയുടെ ശിക്ഷയും പ്രതിപാദിക്കുന്നത്. അവയെ പൊതുവിൽ Cyber Offences എന്നും പറയാം. പൊതുജനങ്ങൾ ഏറ്റവുമധികം ബോധവാൻമാരായിരിക്കേണ്ടത് ഈ ഭാഗത്തെപ്പറ്റിയാണ്. നമ്മളിൽ തന്നെ പലരും അജ്ഞത മൂലം പല സൈബർകുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടാകാം. അധികൃതരുടെ ശ്രദ്ധയെത്താത്തതുമൂലം അവയുടെ ശിക്ഷയിൽ നിന്നും രക്ഷപ്പെടാറുമുണ്ട്. അതിനുദാഹരണമാണ് അടുത്തകാലത്തായി നടന്ന അറസ്റ്റുകൾ പത്രത്തിൽ വായിച്ചപ്പോൾ ഇതൊക്കെ കുറ്റമാണോ എന്ന് നമ്മളിൽ പലരും അത്ഭുതപ്പെട്ടത്. കേന്ദ്ര സൈബർ ക്രൈംസ്റ്റോപ്പർ സെല്ലിന്റെ റിപ്പോർട്ടു പ്രകാരം Cyber Crime കളിൽ 50% ൽ അധികവും അറിവില്ലായ്മകൊണ്ട് പറ്റുന്നതും തമാശയ്ക്ക് വേണ്ടി ചെയ്യുന്നതുമാണ്. എന്നാൽ നിയമവ്യവസ്ഥയിൽ ഇത്തരക്കാർക്ക് ഇളവുകൾലഭ്യമല്ല. ഇന്ത്യൻ നിയമവ്യവസ്ഥയുടെ അടിസ്ഥാനമായ ഒരു തത്ത്വവും "Ignorantia Juris non Excusat" എന്നതാണ്. നിയമത്തെപ്പറ്റി അറിയില്ലായിരുന്നു എന്നത് ഒഴിവു കഴിവായി കാണാനാകില്ല എന്നർത്ഥം.

സെക്ഷൻ 65 ഉം 66 ഉം അനുസരിച്ച് ഒരാളുടെ കമ്പ്യൂട്ടറിന്റെ വിവരങ്ങൾ അറിവോ സമ്മതമോ കൂടാതെ ശേഖരിക്കുന്നതും അവയിൽ മാറ്റങ്ങൾ വരുത്തുന്നതും, കേടുപാടുകൾ വരുത്തുന്നതും, ദുരുപയോഗം ചെയ്യുന്നതും സുഗമമായ ഉപയോഗത്തിന് തടസ്സമുണ്ടാക്കുന്നതും കുറ്റകരവും 3 വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്നതും ആകുന്നു. സെക്ഷൻ 66 പ്രകാരം 5 ലക്ഷം രൂപ



വരെ പിഴയും ഈടാക്കാവുന്നതാണ്.

സെക്ഷൻ 66 എ, ഏറ്റവുമധികം ദുരുപയോഗം ചെയ്യപ്പെട്ടതും വിമർശനങ്ങൾക്ക് വിധേയമായതുമാണ് ഐ. റ്റി ആക്ടിലെ ഈ ഭാഗം. ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള തെറ്റായ പ്രചാരണങ്ങൾ, മന:പൂർവ്വമായ അപകീർത്തിപ്പെടുത്തൽ, തെറ്റിദ്ധാരണപരത്തൽ, ശല്യപ്പെടുത്തൽ എന്നിവയ്ക്കാണ് ഇതുപ്രകാരം ശിക്ഷ വ്യവസ്ഥചെയ്തിരുന്നത്. എന്നാൽ ഇത് രാഷ്ട്രീയമായും അല്ലാതെയും വളരെയധികം ദുരുപയോഗം ചെയ്യപ്പെട്ടു. സാമൂഹികമാധ്യമങ്ങളായ ഫെയ്സ്ബുക്ക് പോലുള്ളവയുടെ ഉപയോഗം വർദ്ധിച്ചതോടെ സെക്ഷൻ 66 എ വളരെയധികം വിമർശനങ്ങൾ ഏറ്റുവാങ്ങുകയും ദുരുപയോഗം ചെയ്യപ്പെടുകയും ചെയ്തു. ഫെയ്സ്ബുക്ക് പോസ്റ്റുകളുടെ പേരിൽ രാജ്യത്ത് പലയിടത്തും അറസ്റ്റുകൾ രേഖപ്പെടുത്തി. തുടർന്ന് രാഷ്ട്രീയമായും ഇതു ദുരുപയോഗംചെയ്യപ്പെട്ടു. തുടർന്ന് 2012-ൽ ശ്രേയ സിംഗൾ എന്ന നിയമവിദ്യാർത്ഥിനി സുപ്രീം കോടതിക്കു മുന്നിൽ പൊതു താൽപര്യഹർജി ഫയൽ ചെയ്തു. സെക്ഷൻ 66 എ പ്രകാരം പോലീസിന് നൽകിയിരിക്കുന്ന അധികാരം വൻതോതിൽ ദുരുപയോഗപ്പെടുത്തുന്നു എന്നും അത്തരം ദുരുപയോഗം Right to Speech and Expression എന്ന ഭരണഘടന വ്യവസ്ഥചെയ്യുന്ന മൗലികാവകാശത്തിനെതിരാണെന്നും ഹർജിയിലൂടെ സുപ്രീം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിനെത്തുടർന്ന് സെക്ഷൻ 66 എ, ഇൻഫർമേഷൻ ആന്റ് ടെക്നോളജി ആക്ട് 2000 ൽ നിന്ന് നീക്കം ചെയ്തു കൊണ്ട് ഉത്തരവുണ്ടായി.

**നിയമവ്യവസ്ഥയിൽ ഇത്തരക്കാർക്ക് ഇളവുകൾലഭ്യമല്ല. ഇന്ത്യൻ നിയമവ്യവസ്ഥയുടെ അടിസ്ഥാനമായ ഒരു തത്ത്വവും "Ignorantia Juris non Excusat" എന്നതാണ്. നിയമത്തെപ്പറ്റി അറിയില്ലായിരുന്നു എന്നത് ഒഴിവു കഴിവായി കാണാനാകില്ല എന്നർത്ഥം.**

സെക്ഷൻ 66 ബി മുതൽ എഫ് വരെ 2008 ലെ ഭേദഗതി നിയമപ്രകാരം ആക്ടിൽ ചേർത്തവയാണ് 66 ബി അനുസരിച്ച് മോഷണം ചെയ്ത ഇലക്ട്രോണിക് കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളോ കമ്പ്യൂട്ടറോ സ്വീകരിക്കുന്നതും കൈവശം വയ്ക്കുന്നതും 3 വർഷം വരെ തടവും 1 ലക്ഷം രൂപ  വരെ പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്. 66 സി പ്രകാരം മറ്റൊരാളുടെ പാസ്സ്‌വേർഡ് ഡിജിറ്റൽ സിഗ്നേച്ചർ, യൂണിക് ഐഡന്റിഫിക്കേഷൻ നമ്പർ എന്നിവ കൈവശപ്പെടുത്തുന്നതും 1 ലക്ഷം രൂപ വരെ പിഴയീടാക്കാവുന്നതുമായ കുറ്റകൃത്യം ആണ്. ഇത് ഉപയോഗിച്ച് ചതിക്കുന്നത് 3 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും ഈടാക്കാവുന്ന കുറ്റകൃത്യമാണ്. ഒരാളുടെ സ്വകാര്യ ദൃശ്യങ്ങൾ സമ്മതമില്ലാതെ പകർത്തുന്നതും കൈമാറ്റം ചെയ്യുന്നതും പ്രദർശിപ്പിക്കുന്നതും സെക്ഷൻ 66 ഇ പ്രകാരം 3 വർഷം വരെ തടവും സൈബർ ഭീകരത 66 എഫ് പ്രകാരം ജീവപര്യന്തം തടവുശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ്. ദേശീയതയ്ക്ക് എതിരായ എല്ലാ സൈബർകുറ്റകൃത്യങ്ങളെയും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

തുടർന്ന് 70 വരെയുള്ള സെക്ഷനുകളിൽ ഏതെങ്കിലും നിബന്ധനകൾ പാലിക്കാതെയോ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകാതെയോ മറ്റുള്ളവരുടെ രഹസ്യങ്ങൾ ചോർത്തുകയോ ചെയ്ത് ഇന്റർനെറ്റ് പ്രോട്ടോക്കോൾ മറി കടക്കുന്നവർക്കുള്ള ശിക്ഷ വ്യവസ്ഥ ചെയ്യുന്നു.

ഒരു ഇ-മെയിൽ അക്കൗണ്ട് ഉള്ളവർക്കുപോലും പലപ്പോഴും പല കാരണങ്ങൾ കാണിച്ച് പണം നൽകാം. നറുക്കെടുപ്പിൽ വിജയിച്ചു എന്നുപറഞ്ഞ് മെയിലുകൾ വരുകയും ആ പണം എത്തിക്കുന്നതിലേയ്ക്കായി ബാങ്ക് പാസ്സ്‌വേഡ് തുടങ്ങിയ വിവരങ്ങളോ ചെലവിനായുള്ള തുകയോ ആവശ്യപ്പെടുകയും ചെയ്യുന്നത് പതിവാണ്. ഇത്തരം കെണികളിൽപ്പെട്ട്  വഞ്ചിതരാകുന്നവരും അനവധിയാണ്. ഇത്തരം പറ്റിപ്പുകൾക്ക് 3 വർഷം തടവും 1 ലക്ഷം പിഴയും സെക്ഷൻ 71 പ്രകാരം വ്യവസ്ഥ ചെയ്യുന്നു.

തുടർന്ന് 77 വരെയുള്ള സെക്ഷനുകളിൽ നമ്മുടെ സ്വകാര്യതയിലേയ്ക്കുള്ള അന്യരുടെ കടന്നുകയറ്റവും നമ്മുടെ വിവരങ്ങൾ



ചോർത്തുന്നതിനും അത് ദുരുപയോഗം ചെയ്യുന്നതിനുമുള്ള ശിക്ഷകൾ വ്യവസ്ഥ ചെയ്യുന്നു. സെക്ഷൻ 78 പ്രകാരം ക്രിമിനൽ നടപടി ക്രമം അനുസരിച്ച് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥന് ഇത്തരം കുറ്റകൃത്യങ്ങൾ അന്വേഷിക്കാവുന്നതാണ്.

ചാപ്റ്റർ 12 പ്രകാരം ചില കുറ്റകൃത്യങ്ങളുടെ ശിക്ഷാനടപടികളിൽ നിന്നും ടെലികോം അതോറിറ്റി, ഇന്റർനെറ്റ് പ്രൊവൈഡേഴ്സ് എന്നിവരെ ഒഴിവാക്കിയിട്ടുണ്ട്. ചാപ്റ്റർ 12 എ യിൽ ഇലക്ട്രോണിക് തെളിവുകൾ പരിശോധിക്കാനും നിഗമനങ്ങൾ രേഖപ്പെടുത്താനുമുള്ള വിദഗ്ധരുടെ നിയമനത്തിന് കേന്ദ്രഗവൺമെന്റിനുള്ള അധികാരത്തെപ്പറ്റി പറയുന്നു.

ചാപ്റ്റർ 13-ൽ 80 മുതൽ 90 വരെയുള്ള സെക്ഷനുകളിൽമേൽ പ്രതിബാധിക്കാത്ത, സമൂഹത്തിന്റെ നൻമയ്ക്കായുള്ള നടപടികളേയും അന്വേഷണ ഉദ്യോഗസ്ഥർക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുള്ള സ്റ്റേറ്റ് ഗവൺമെന്റിന്റെ അധികാരത്തെയും പ്രതിബാധിക്കുന്നു.

സെക്ഷൻ 67, 67 എ, 67 ബി എന്നിവയിൽ ലൈംഗികതയും സദാചാരത്തിനെതിരുമായ ദൃശ്യങ്ങളോ വീഡിയോകളോ പ്രദർശിപ്പിക്കുന്നതിനും കൈമാറ്റം ചെയ്യുന്നതും കുറ്റകൃത്യമാണ്. എന്നാൽ ഇന്റർനെറ്റിൽ ഇത്തരം ഫോട്ടോയും വീഡിയോയും സുലഭമാണ് എന്നത് സംശയത്തിന് വഴിയ്ക്കാം. ഇതുപ്രകാരം ആരെങ്കിലും ലൈംഗികച്ചുവയുള്ള വീഡിയോയോ നമുക്ക് അയച്ചു തരുകയോ അത് നമ്മളുമായി പങ്കു വെയ്ക്കുകയോ ചെയ്താലും നമ്മുടെ സ്വകാര്യദൃശ്യങ്ങളോ ഫോട്ടോയോ പരസ്യപ്പെടുത്തുകയും ചെയ്താൽ സെക്ഷൻ 67 പ്രകാരം 1 ലക്ഷം രൂപ പിഴയും 5 വർഷം തടവും ലഭിക്കാം. 67 എ പ്രകാരം ലൈംഗിക ദൃശ്യങ്ങൾ പ്രദർശിപ്പിച്ചാൽ 1ലക്ഷം രൂപ പിഴയും 7 വർഷം തടവും ലഭിക്കാം. 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ ലൈംഗിക ദൃശ്യങ്ങൾ പ്രദർശിപ്പിച്ചാൽ 67 ബി പ്രകാരം ആദ്യത്തെ തവണ 5 വർഷം തടവും 1 ലക്ഷം രൂപ പിഴയും ആവർത്തിക്കുകയാണെങ്കിൽ 7 വർഷം തടവും 1 ലക്ഷം രൂപ പിഴയും ലഭിക്കാം. പലപ്പോഴും അറിവില്ലായ്മയും നാണക്കേടും കാരണം പലരും ഇത്തരം ചതിക്കുഴികളിൽ വീണുപോകുകയും സെക്സ് മാർക്കറ്റിംഗിന് വരെ ഇരയാകുന്ന കാഴ്ചയുമാണ് പലയിടത്തും കാണുന്നത്. ഇത്തരം സംശയങ്ങൾ ഉണ്ടായാൽ അതിനെപ്പറ്റി കൂടുതൽ അന്വേഷിക്കാനോ ഉറവിടം കണ്ടെത്തി പരിഹരിക്കാനോ ശ്രമിക്കാതെ അധികൃതർക്ക് പരാതി നൽകുകയാണ് വേണ്ടത്.

അത്യാധുനിക സംവിധാനങ്ങളുള്ള സൈബർ സെൽ ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും ശിക്ഷ ഉറപ്പാക്കുന്നതിനും കാര്യക്ഷമമായി തന്നെ പ്രവർത്തിക്കുന്നുണ്ട്. പരാതിക്കാരുടെ വിവരങ്ങളും രഹസ്യമായി തന്നെ സൂക്ഷിക്കുന്നുമുണ്ട്.

ആധുനിക സമൂഹത്തിൽ ഏറ്റവുമധികം പ്രാധാന്യം നൽകപ്പെടുന്ന സൈബർ കുറ്റകൃത്യങ്ങൾ, അവ തടയാൻ അധികൃതരുടെ മുന്നിൽ ഏറ്റവും വലിയ വെല്ലുവിളിയായി ഉയർന്ന് നിൽക്കുന്നത് അതിന്റെ ഇരകൾ തങ്ങളുടെ വഞ്ചനാ കഥകളും മറ്റും പുറത്ത് പറയുന്നില്ല എന്നതു തന്നെയാണ് അഥവാ പുറത്തു പറയാനുള്ള നാണക്കേടു കാരണം അത് മനസ്സിൽ കുഴിച്ചു മൂടപ്പെടുമ്പോൾ കുറച്ചു കൂടി ഗൗരവമായ കുറ്റകൃത്യം സമൂഹത്തോട് ചെയ്യാനുള്ള പ്രോത്സാഹനമാകുന്നു. ഓരോ തവണ പറ്റിക്കപ്പെടുമ്പോഴും സാങ്കേതിക വിദ്യയെയല്ല പഴിക്കേണ്ടത് അത് ദുരുപയോഗം ചെയ്യുന്ന മനുഷ്യനേയും അത്യാർത്തി മൂലം അതിൽ അകപ്പെടുന്ന മനുഷ്യനേയുമാണ്. നമുക്ക് ചെയ്യാൻ ഒന്നേയുള്ളൂ. മടിച്ചു നിൽക്കാതെ മറ്റുള്ളവരാൽ കബളിപ്പിക്കാതെ അത് പഠിക്കുക, വിവേകപൂർവ്വം ഉപയോഗിക്കാൻ നമ്മുടെ കുഞ്ഞുങ്ങളെ പ്രാപ്തരാക്കുക.

2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ ആദിവാസി ജന സംഖ്യ മൊത്തം ജനസംഖ്യയുടെ 1.4 ശതമാനമാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും ആദിവാസി സാന്നിദ്ധ്യമുണ്ടെങ്കിലും വയനാട്, ഇടുക്കി, പാലക്കാട്, കാസർഗോഡ്, കണ്ണൂർ എന്നീ അഞ്ച് ജില്ലകളിലാണ് പ്രധാനമായും ഇവർ അധിവസിച്ചുവ രുന്നത്. ആകെ ജനസംഖ്യയുടെ 65 ശതമാനവും ഈ അഞ്ച് ജില്ലകളിൽ ഉൾപ്പെടുന്നു. കേരളത്തിലെ ഏറ്റവും കൂടുതൽ പാർശ്വവൽക്കരിക്കപ്പെട്ട സാമൂഹ്യ വിഭാഗമാണ് ആദിവാസി കൾ. കൊളോണിയൽ ഭരണാധികാ രികളുടെയും കുടിയേറ്റക്കാരുടെ യും, ജന്മിമാരുടെയും എന്തിനേറെ സർക്കാരുകളുടെ പോലും നീണ്ടകാ ലത്തെ ചൂഷണത്തിനും അടിച്ചമർ ത്തലിനും ഇരകളായിത്തീർന്നവരാ ണ് ഇവർ. ആഗോളവൽക്കരണ കാ ലത്തെ പുത്തൻ പരിഷ്ക്കാരങ്ങളും ഏറ്റവും കൂടുതൽ ആക്രമിക്കപ്പെട്ടത് കേരളത്തിലെ ആദിവാസികളെയാ യിരുന്നു എന്ന് നിരവധി പഠനങ്ങൾ വ്യക്തമാക്കുന്നു. (മാത്യു 2009) അവ രുടെ ഉപജീവന മാർഗ്ഗങ്ങൾ, ഭക്ഷ്യല ഭ്യത, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയെല്ലാം അതിവേഗം തകർ ക്കാൻ മാത്രമെ ആഗോളവൽക്കര ണം ഉപകരിച്ചിട്ടുള്ളൂവെന്ന് കഴിഞ്ഞ രണ്ടര പതിറ്റാണ്ടുകാലത്തെ കേരളാ നുഭവം നമ്മെ പഠിപ്പിക്കുന്നു.

### ആദിവാസി ജനവിഭാഗങ്ങൾ

സംസ്ഥാന ജനസംഖ്യയിലെ ചെറു ന്യൂനപക്ഷമായ ആദിവാസി കൾ 37 വ്യത്യസ്ത സമൂഹങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ജനസം

# പിന്നോക്ക ആദിവാസി വികസനവും പ്രാദേശിക സർക്കാരുകളും

*മലമ്പാറിലെ പണിയരുടെ ജീവിതം മുൻ നിർത്തി നടത്തിയ ഒരു നരവംശ ശാസ്ത്രപഠനാനുഭവം*

ഡോ. സുർജിത്ത്.എം



**പണിയർ ഏറ്റവും കൂടുതൽ അധിവസിക്കുന്നത് വയനാട്, കണ്ണൂർ ജില്ലകളിലാണ്. വയനാട് ജില്ലയിലെ ആദിവാസി ജനസംഖ്യയിൽ പണിയരുടെ പങ്ക് 45 ശതമാനമാണെങ്കിൽ ജില്ലയിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ഇവരുടെ അംഗത്വം കേവലം 9 അംഗങ്ങളിൽ ഒതുങ്ങുന്നു.**

ഖ്യാപരവും, സാംസ്ക്കാരിക സാമൂഹ്യ സാമ്പത്തിക വികസനത്തിലും ഈ വിഭാഗങ്ങൾ ഓരോരുത്തരും പലത്തട്ടുകളിലാണ്. സർക്കാർ പദ്ധതികളും, സംവരണാനുകൂല്യങ്ങളും എല്ലാ സമൂഹങ്ങളിലും തുല്യനീതിയിലല്ല വിതരണം ചെയ്യപ്പെട്ടത്. അതുകൊണ്ടുതന്നെ കേരളത്തിലെ ആദിവാസി സമൂഹങ്ങളിൽ തന്നെ മുന്നോക്ക കീഴാള വിഭാഗങ്ങൾ സൃഷ്ടിക്കപ്പെടുന്നതായി ധാരാളം പഠനങ്ങളും വെളിവാക്കിയിട്ടുണ്ട് (ആദിവാസികളുടെ മാനവ വികാസം 2009). ആദിവാസി ജനസംഖ്യയിൽ ഒന്നാം സ്ഥാനത്ത് പണിയവിഭാഗമാണ് (23 ശതമാനം).

## പണിയർ – ആദിവാസികളിലെ കീഴാളർ

'എല്ലാ ആദിവാസികളും നിർഭാഗ്യവാന്മാരാണ്. എന്നാൽ നിർഭാഗ്യവാന്മാരുടെ കൂട്ടത്തിലെ നിർഭാഗ്യവാന്മാരാണ് പണിയർ' (കെ. പാനൂർ 1963).

അരനൂറ്റാണ്ട് മുമ്പാണ് മേൽ വാചകങ്ങൾ ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടത്. 'വികസനത്തിന്റെ' മലവെള്ള പാച്ചിൽ പലവുരു ആവർത്തിച്ചെങ്കിലും കാലം പണിയരുടെ ജീവിതത്തിൽ കാര്യമായ യാതൊരു പുരോഗതിയും ഉണ്ടാക്കിയിട്ടില്ല. ഹതഭാഗ്യരിൽ ഏറ്റവും ഹതഭാഗ്യരായി ഇവർ ഇന്നും നമ്മുക്കിടയിൽ ജീവിക്കുന്നു. 'കേരള മോഡൽ വികസന'ത്തിന്റെ യാതൊരു ഗുണഫലവും ഇനിയും പണിയരെത്തേടി എത്തിയിട്ടില്ല. 2012 ലെ പട്ടികവർഗ്ഗ സർവ്വേ റിപ്പോർട്ട് പ്രകാരം ആകെ ജനസംഖ്യ 92784 (23 ശതമാനം) ആണ്. മലബാറിലെ വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ അഞ്ച് ജില്ലകളിലാണ് പ്രധാനമായും അധിവസിച്ച് വരുന്നത്. വടക്കൻ കേരളത്തിലെ ആദിമനിവാസികളായാണ് ഇവരെ കണക്കാക്കിപ്പോരുന്നത്. നൂറ്റാണ്ടുകളായി കർഷക തൊഴിലാളികളായി അടിമതുല്യ ജീവിതമായിരുന്നു ഇവർ നയിച്ചുപോന്നത്. ഇവരുടെ പേര് തന്നെ ('പണിയ') സൂചിപ്പിക്കുന്നത് പരമ്പരാഗതമായി തന്നെ കൂലിവേലക്കാരായിരുന്നുവെന്നാണ്. ജനസംഖ്യയിൽ ഒന്നാം സ്ഥാനമാണെങ്കിലും ദുരിത തുരുത്തിൽ നിന്നും ഇനിയും വിമോചനം നേടാൻ ആധുനികത മുന്നോട്ട് നീട്ടിയ ഒരു അവസരങ്ങളും ഇവർക്ക് പ്രയോജനപ്പെട്ടിട്ടില്ല. നിയമനിർമ്മാണ സഭകളിലൊന്നും എത്തിപ്പെടാൻ നാളിതുവരെയായി കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല അധികാരവികേന്ദ്രീകരണം സൃഷ്ടിച്ച പുതിയ സാധ്യതകൾ പോലും പ്രയോജനപ്പെടുത്തി പ്രാദേശിക ഭരണസംവിധാനങ്ങളിൽ അർഹിക്കുന്ന സ്ഥാനമുറപ്പിക്കാൻ പോലും ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ലെന്ന് പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. പ്രാദേശിക ഭരണസംവിധാനത്തിൽ വിവിധ ആദിവാസി വിഭാഗങ്ങൾക്കുള്ള രാഷ്ട്രീയ പങ്കാളിത്തത്തെ കുറിച്ച് ഈ ലേഖകൻ നടത്തിയ മുൻകാല ഗവേഷണ പഠനങ്ങളിൽ തന്നെ ഇത് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. പണിയർ ഏറ്റവും കൂടുതൽ അധിവസിക്കുന്നത് വയനാട്, കണ്ണൂർ ജില്ലകളിലാണ്. വയനാട് ജില്ലയിലെ ആദിവാസി ജനസംഖ്യയിൽ പണിയരുടെ പങ്ക് 45 ശതമാനമാണെങ്കിൽ ജില്ലയിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ഇവരുടെ അംഗത്വം കേവലം 9 അംഗങ്ങളിൽ ഒതുങ്ങുന്നു. ഇത് ജില്ലയിലെ മൊത്തം ആദിവാസി ജനപ്രതിനിധികളുടെ പത്ത് ശതമാനം മാത്രമാണ്. കണ്ണൂർ ജില്ലയിലെ സ്ഥിതിയും വ്യത്യസ്തമല്ല. കേവലം 4 ജനപ്രതിനിധികൾ മാത്രമാണ് പണിയവിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടത്. ഈ സാഹചര്യത്തിലാണ് പണിയരുടെ ജീവിതം തൊട്ടറിയാൻ കൂടുതൽ സൂക്ഷ്മതല പഠനങ്ങൾ അനിവാര്യമാകുന്നത്. ഇത്തരം പഠനങ്ങളിലൂടെ മാത്രമെ ചൂഷണത്തിനന്റെയും ഇല്ലായ്മകളുടെയും പ്രാദേശിക അന്തരങ്ങൾ കൃത്യമായി തിരിച്ചറിയാനും പ്രാദേശികമായി പരിഹരിക്കാവുന്ന ബദൽ വികസന സാധ്യതകൾ ചിട്ടപ്പെടുത്താനും കഴിയൂ.

## പണിയജീവിതം – സൂക്ഷ്മ പഠനാനുഭവങ്ങൾ

കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ ആദിവാസികൾ താമസിക്കുന്ന പേരാവൂർ ബ്ലോക്കിലെ പേരാവൂർ ഗ്രാമപഞ്ചായത്താണ് ഈ സൂക്ഷ്മ പഠനത്തിനായി തെരഞ്ഞെടുത്തത്. ഈ ഗ്രാമത്തിലെ പണിയരുടെ ജീവിതാവസ്ഥയാണ് തുടർന്നുള്ള ഭാഗങ്ങളിൽ പ്രത്യേകമായി വിവരിക്കുന്നത്.

## പേരാവൂർ ഗ്രാമപഞ്ചായത്തിലെ പണിയർ

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലാണ് പേരാവൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ജില്ലയുടെ കിഴക്കൻ മലയോര മേഖലയിൽ സ്ഥിതി ചെയ്യുന്ന ഒരു കുടിയേറ്റ കാർഷിക ഗ്രാമമാണ് പേരാവൂർ. ആകെ 16 വാർഡുകൾ ഉൾപ്പെടുന്ന ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 34.10 ച.കി.മീറ്ററാണ്.

2011 ലെ സെൻസസ് പ്രകാരം ആകെ ജനസംഖ്യയുടെ 1.45 ശതമാനമാണ് പട്ടികവർഗ്ഗ ജനസംഖ്യ. പണിയ, കുറിച്യ എന്നീ രണ്ട് ആദിവാസി വിഭാഗങ്ങൾ മാത്രമെ ഇവിടെ അധിവസിക്കുന്നുള്ളൂ. 2012 ലെ പട്ടികവർഗ്ഗ സർവ്വേ റിപ്പോർട്ട് പ്രകാരം 194 പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഇവിടെയുള്ളത്. ആകെ ജനസംഖ്യ 893 (സ്ത്രീകൾ 466, പുരുഷന്മാർ 427). ജനസംഖ്യയിൽ 94.3 ശതമാനവും (851) പണിയവിഭാഗത്തിൽപ്പെടുന്നു. ആകെയുള്ള 12 ആദിവാസി ഊരുകളിൽ ഒന്നൊഴികെ ബാക്കിയെല്ലാം പണിയരുടേതാണ്.

## ജനസംഖ്യാ സവിശേഷതകൾ

ജനസംഖ്യയിൽ 9 ശതമാനം ആറ് വയസ്സിൽ താഴെ പ്രായപരിധിയിൽ വരുന്നു. 20 ശതമാനം 6–17 നും 59 ശതമാനം 18–59 നും ഇടയിലും ഉൾപ്പെടുന്നു. 6 ശതമാനം പേർ 60–65നും ഇടയിലും 2 ശതമാനം പേർ 75 വയസ്സിന് മുകളിലുമാണ്. പ്രായപരിധി അടിസ്ഥാനത്തിലുള്ള ജനസംഖ്യാ വിവരങ്ങൾ നൽകുന്ന സൂചനപ്രകാരം ആയുർദൈർഘ്യ



ത്തിൽ കേരളത്തിലെ പൊതുസമൂഹ ത്തിന്റെ കണക്കുകളോട് നെഗറ്റീവ് പ്രവണത കാണിക്കുന്നു.

## പ്രായവും വൈവാഹിക അവസ്ഥയും

ജനസംഖ്യയിൽ 71 ശതമാനം വിവാഹിതരും നിലവിൽ സാമ്പത്തിക ജീവിതം തുടരുന്നവരുമാണ്. 18 വയസ്സിന് മുകളിലുള്ള സ്ത്രീ ജനസംഖ്യയിൽ 9.3 ശതമാനം വിധവകളും 4 ശതമാനം വിവാഹബന്ധം വേർപ്പെടുത്തിയവരുമാണ്. 18 വയസ്സിന് താഴെയുള്ള സ്ത്രീ ജന സംഖ്യയിൽ ആരും വിവാഹിതരായിട്ടില്ലെന്നാണ് ദ്വിതീയ വിവരങ്ങൾ സൂചിപ്പിക്കുന്നതെങ്കിലും പ്രായപൂർത്തിയാവുന്നതിന് മുമ്പ് വിവാഹിതരായ സ്ത്രീകൾ പണിയ സമൂഹത്തിൽ ധാരാളമുണ്ടെന്ന് പ്രാഥമിക പഠനങ്ങൾ ബോധ്യപ്പെടുത്തുന്നു.

അവിവാഹിതരായ അമ്മമാരുടെ എണ്ണം മൂന്ന് എന്നാണ് പട്ടിക വർഗ്ഗ സർവ്വേ (2012) രേഖപ്പെടുത്തിയിട്ടുള്ളത്. ഇതും യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നവയല്ല. അപകർഷത മൂലം യഥാർത്ഥ വിവരങ്ങൾ പുറത്തുപറയാനുള്ള മടിയായിരിക്കാം ശരിയായ വിവരങ്ങൾ പറയാഞ്ഞതെന്നുവേണം അനുമാനിക്കാൻ.

## സാക്ഷരത

കേവലം 71 ശതമാനമാണ് പണിയർ സാക്ഷരതാ നിരക്ക്. ഗ്രാമത്തിലെ പണിയ ജനസംഖ്യയിൽ ഏതാണ്ട് 30 ശതമാനം പേർക്കും എഴുത്തും വായനയും അന്യമാണെന്ന് ഈ കണക്കുകൾ ബോധ്യപ്പെടുത്തുന്നു. സാക്ഷരരായവർ തന്നെ 98 ശതമാനവും സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായാണ് എഴുത്തും വായനയും പഠിച്ചത്. അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ കേവലം 2 ശതമാനത്തിന് മാത്രമെ അക്ഷരത്തിന്റെ ലോകം നൽകാൻ കഴിഞ്ഞിട്ടുള്ളൂ എന്നത് ഈ സംവിധാനവും പണിയരെ വേണ്ടത്ര ഉൾക്കൊണ്ടില്ല എന്നുവേണം കരുതാൻ.

## വിദ്യാഭ്യാസ നിലവാരം

ജനസംഖ്യയിൽ 64 ശതമാനത്തിനും പ്രാഥമിക വിദ്യാഭ്യാസം മാത്രമെയുള്ളൂ. 27 ശതമാനം പേർ സെക്കന്ററി വിദ്യാഭ്യാസം നേടിയിട്ടുണ്ട്. എന്നാൽ കേവലം 6 ശതമാനത്തിന് മാത്രമെ എസ്.എസ്.എൽ. സി., പ്ലസ്ടൂ യോഗ്യത നേടാൻ കഴിഞ്ഞിട്ടുള്ളൂ. ബിരുദ ബിരുദാനന്തര ബിരുദം നേടിയ ഒരാളെപ്പോലും ഈ ഗ്രാമത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മെഡിക്കൽ എൻജിനീയറിംഗ് കോഴ്സുകൾ പഠിച്ചവരായി ആരും തന്നെ ഇല്ല. വിദ്യാഭ്യാസം ചെയ്യേണ്ട പ്രായപരിധിയിൽ പെടുന്ന 92 കുട്ടികൾ നിലവിൽ പഠനം നിർത്തിയതായും സർവ്വെ റിപ്പോർട്ടിൽ (2012) കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ 92 ശതമാനവും ഇടയ്ക്കുവെച്ച് പഠനം നിർത്തിയതിനുള്ള കാരണമായി പറയുന്നത് വീട്ടിലെ ദാരിദ്ര്യം, സാമ്പത്തിക പരാധീനതകൾ, തോൽവി, അന്യതാബോധം എന്നിവയാണ്.

## ഉപജീവന മാർഗ്ഗങ്ങൾ

15 വയസ്സിനുമുകളിൽ പ്രായമുള്ളവരും 66 ശതമാനവും ഉപജീവനത്തിനായി വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. ഇതിൽ 90 ശതമാനവും കർഷക തൊഴിലാളികളാണ്. 4 പേർ മാത്രമാണ് സർക്കാർ–അർധ സർക്കാർ /സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി നോക്കുന്നത്.

## തൊഴിൽ വൈദഗ്ധ്യം

കാർഷികേതര തൊഴിലുകളിൽ പ്രത്യേക വൈദഗ്ധ്യം നേടാൻ കഴിഞ്ഞവരായി ആരും ഈ പഞ്ചായത്തിലില്ല. അതുകൊണ്ട് തന്നെ കാർഷികേതര മേഖലയിൽ അവിദഗ്ധ കൂലി ത്തൊഴിലാളികളുടെ പങ്കാണ് ഇവർ നിർവ്വഹിക്കുന്നത്. തൊഴിൽ വൈഗദ്ധ്യത്തിന്റെ അഭാവം ആധുനിക തൊഴിൽ കമ്പോളത്തിൽ നിന്നുള്ള അന്യവല്ക്കരണത്തിലേക്ക് നയിക്കുന്നു.

## തൊഴിലില്ലായ്മ

15–59 പ്രായപരിധിയിൽ ഉൾപ്പെടുന്നവരിൽ 33 ശതമാനം തൊഴിൽ രഹിതരാണ്. ഇതിൽ 21 ശതമാനം പുരുഷന്മാരും 79 ശതമാനം സ്ത്രീകളുമാണ്.

## തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി ആകർഷിക്കപ്പെടാത്ത ഒരു വിഭാഗമാണ് പണിയർ. വിരലിലെണ്ണാവുന്ന സ്ത്രീകൾ മാത്രമാണ് ഇതൊരു ഉപജീവനമാർഗ്ഗമായി സ്വീകരിക്കുന്നത്. കൂലി ലഭ്യമാകുന്നതിനുള്ള കാലതാമസമാണ് ഈ പദ്ധതിയോട് വിമുഖത കാണി

**21 ശതമാനം വീടുകളിലും ഏതെങ്കിലും തരത്തിലുള്ള സ്ഥിരമായ രോഗമനുഭവിക്കുന്ന വ്യക്തികളുണ്ടെന്ന് പഠനം വെളിവാക്കുന്നു. ഇതിൽ ക്ഷയം, ആസ്തമ, ത്വക്ക് രോഗങ്ങൾ അനുഭവിക്കുന്നവരാണ് കൂടുതൽ. ജീവിത ശൈലീ രോഗങ്ങളും ധാരാളം പേരെ പിടികൂടിയിട്ടുണ്ട്.**

ക്കുവാനുള്ള പ്രധാന കാരണമായി ഇവർ പറയുന്നത്.

ഈ സ്ഥലത്ത് ആദ്യകാലത്ത് പദ്ധതിയിൽ സജീവമായി ചേർന്ന പലരും പിന്നീട് ഉപേക്ഷിക്കുകയായിരുന്നുവെന്നും പ്രാഥമിക പഠനത്തിൽ എന്നു മനസ്സിലാക്കുവാൻ കഴിഞ്ഞു.

## ഭൂമി

89 ശതമാനം കുടുംബങ്ങൾക്കും സ്വന്തമായി ഭൂമിയും രേഖകളുമുണ്ട്. ഭൂഉടമസ്ഥതയിൽ കുടുംബങ്ങൾക്കിടയിൽ വലിയ അന്തരം നിലനിൽക്കുന്നില്ല. 65 ശതമാനം പേർക്ക് 50-100 സെന്റുവരേ യും 12 ശതമാനം പേർക്ക് 100 സെന്റിൽ കൂടുതലും ഭൂമിയുണ്ട്. 23 ശതമാനം പേർക്ക് 10-50 സെന്റും 1 ശതമാനത്തിന് 10 സെന്റിൽ കുറവുമാണ് ഭൂമി. ആദിവാസി പുനരധിവാസ മിഷന്റെ ഭാഗമാ യി ഭൂരഹിതരായ പണിയർക്ക് ആറളം ഫാമിൽ 1 ഏക്കർ വീതം ഭൂമി ലഭ്യമായതോടെയാണ് ഇവരുടെ ഭൂരാഹിത്യത്തിന് പരിഹാരമായത്. എന്നാൽ ലഭിച്ച ഭൂമി സ്വന്തം വാസസ്ഥലത്തു നിന്ന് വളരെ അകലെയായതിനാൽ ചില കാർഷിക സീസണിൽ മാത്രമേ പണിയർ ഇവിടേക്ക് പോകുന്നുള്ളു. ഇതുമൂലം ഭൂമി ലഭിച്ചെങ്കിലും ഇതൊരു ഉപജീവന മാർഗ്ഗമായി മാറ്റുവാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല.

## കിടപ്പാടം

85 ശതമാനം പണിയ കുടുംബങ്ങൾക്കും സ്വന്തമായി വീടുള്ളതായാണ് സർവ്വേ റിപ്പോർട്ട് കണ്ടെത്തിയിരുന്നത്. മറ്റുള്ളവർ ബന്ധുക്കളോടൊപ്പവും ചാർത്ത്/ചായ്പ്പ് കെട്ടിയുമാണ് താമസം. ഇതിൽ തന്നെ 36 ശതമാനവും ജീർണ്ണാവസ്ഥയിലും താമസ യോഗ്യമല്ലാത്തതുമാണ്. 72 ശതമാനം വീടുകളിലും 2 മുറികൾ മാത്രമേ ഉള്ളു. 36 ശതമാനത്തിന് അടുക്കളയില്ല. 5 മുതൽ 15 വരെയംഗങ്ങൾ ഒരു കൂരയ്ക്കു കീഴിൽ തിങ്ങി കഴിയുന്നത് പ്രാഥമിക പഠനത്തിൽ വെളിപ്പെട്ടു. വിദ്യാർത്ഥികൾക്ക് പഠിക്കുവാനുള്ള മിനിമം സൗകര്യം പോലും മഹാ ഭൂരിപക്ഷം വീടുകളിലും ലഭ്യമല്ല.

## ആരോഗ്യം

21 ശതമാനം വീടുകളിലും ഏതെങ്കിലും തരത്തിലുള്ള സ്ഥിരമായ രോഗമനുഭവിക്കുന്ന വ്യക്തികളുണ്ടെന്ന് പഠനം വെളിവാക്കുന്നു. ഇതിൽ ക്ഷയം, ആസ്തമ, ത്വക്ക് രോഗങ്ങൾ അനുഭവിക്കുന്നവരാണ് കൂടുതൽ. ജീവിത ശൈലീ രോഗങ്ങളും ധാരാളം പേരെ പിടികൂടിയിട്ടുണ്ട്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുള്ള 41 കുടുംബങ്ങൾ ഇവിടെയുണ്ട്. മാനസിക വൈകല്യം, ബുദ്ധി വൈകല്യം, ബധിരത, മൂകത, അന്ധത, എന്നിവയാണ് കണ്ടെത്തിയ പ്രധാന വൈകല്യങ്ങൾ.

## ആഹാര ലഭ്യത

64 ശതമാനം കുടുംബങ്ങൾക്കും പ്രതിദിനം രണ്ടു നേരത്തെ ആഹാര ലഭ്യത മാത്രമേയുള്ളു. 35 ശതമാനം കുടുംബങ്ങൾക്ക് രണ്ടു മൂന്ന് നേരത്തെ ഭക്ഷണം ലഭ്യമാണ്. ഭക്ഷ്യ വസ്തുക്കൾ പരമ്പരാഗതമായി ശേഖരിക്കുന്നതിന് പകരം മാർക്കറ്റുകളേയാണ് ആശ്രയിക്കുന്നത്. ഈ ഗ്രാമത്തിലെ പണിയ വീടുകളിൽ ഭൂരിപക്ഷവും രാത്രി മാത്രമാണ് പാചകം ചെയ്യുന്നത്. വീടുകളിൽ പാചകം ചെയ്യുന്ന ശീലവും താരതമ്യേന കുറവാണ്.

## ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം

മദ്യപാനവും ലഹരി വസ്തുക്കളുടെ ഉപയോഗവും പണിയ കുടുംബങ്ങളിൽ സർവ്വ സാധാരണമാണ്. 54 ശതമാനം കുടുംബങ്ങൾ വരുമാനത്തിന്റെ പത്തു ശതമാനം തുക ലഹരിക്കായി ചിലവഴിക്കുന്നുവെന്നും 25 ശതമാനം കുടുംബങ്ങൾ 10-25 ശതമാനം തുകയും 3 ശതമാനം കുടുംബങ്ങൾ 25 ശതമാനത്തിനു മുകളിലുള്ള തുകയും പ്രതിദിനം ലഹരി വസ്തുക്കൾക്കായി ചിലവഴിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമിടയിലുള്ള മദ്യപാനത്തിന്റെ തീവ്രത കുറഞ്ഞിട്ടുണ്ടെങ്കിലും പ്രായമായ സ്ത്രീകൾ നല്ലൊരു ശതമാനം ഇപ്പോഴും മദ്യപാനം തുടർന്നു വരുന്നു.

## ശുചിത്വ സൗകര്യങ്ങൾ

60 ശതമാനം പണിയ വീടുകളിൽ മാത്രമേ സ്വന്തമായി കക്കൂസ് സൗകര്യമുള്ളു. മറ്റുള്ളവർ പൊതു കക്കൂസുകളോ, പുറംപോക്കുകളോ ആണ് പ്രാഥമിക ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്നത്. സുരക്ഷിതവും ശുചിത്വവുമായ കക്കൂസ് സൗകര്യം ലഭ്യമല്ലാത്തത് സ്ത്രീകളേയും പെൺകുട്ടികളേയുമാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. ഇതു കാരണം സൂര്യോദയത്തിനു മുമ്പോ, അസ്തമയത്തിനു ശേഷമോ ആയി പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുവാനുള്ള സമയം ക്രമീകരിക്കുവാൻ സ്ത്രീ കൾ നിർബന്ധിക്കപ്പെടുന്നു. കക്കൂസ് ലഭ്യമാണെങ്കിലും ജല ദൗർലഭ്യം കാരണം ഇവ ശുചിത്വ പൂർണ്ണമായി സൂക്ഷിക്കുവാൻ മഹാഭൂരിപക്ഷം പണിയ കുടുംബങ്ങൾക്കും കഴിയുന്നില്ലെന്ന് പഠനം വെളിപ്പെടുത്തുന്നു. ഇതുകാരണം കക്കൂസ് ലഭ്യമായ കുടുംബ ങ്ങൾ പോലും പതിവായി ഉപയോഗിക്കുന്നില്ല.

## കുടിവെള്ളം

4 ശതമാനത്തിൽ താഴെ മാത്രം കുടുംബങ്ങൾക്കാണ് സ്വന്തമായി കുടിവെള്ള കിണർ/ കുഴൽ കിണർ ഉള്ളൂ. 51 ശതമാനം കുടുംബങ്ങളും പൊതു കിണറിനെയാണ് ആശ്രയിക്കുന്നത്. 40 ശതമാനം കുടുംബങ്ങളും നദി, തോട്, നീർച്ചാൽ, അന്യവ്യക്തികളുടെ കിണറുകൾ എന്നിവയെ ആശ്രയിക്കുന്നു. കുടിവെള്ള കിണറുകളിൽ നല്ലൊരു ഭാഗം പൂർണ്ണമായും മലിനീകരിക്കപ്പെട്ടിരിക്കുന്നു.

## ഗാർഹിക വൈദ്യുതീകരണം

65 ശതമാനം വീടുകളും വൈദ്യുതീകരിച്ചിട്ടില്ല. വൈദ്യുതീകരിച്ച വീടുകളിൽ ഭൂരിപക്ഷത്തിലും വൈദ്യുതി കണക്ഷൻ ലഭ്യമല്ല. കണക്ഷൻ ലഭിച്ചതു തന്നെ പിന്നീട് വിച്ഛേദിക്കപ്പെട്ട നിലയിലാണ്. വരുമാനത്തിലെ അനിശ്ചിതത്വം കാരണം വൈദ്യുതി കരം കൃത്യമായി ഒടുക്കുവാൻ ആദിവാസികൾക്ക് കഴിയാതെ പോവുന്നു. ഇതു കാരണം

വൈദ്യുതി കണക്ഷൻ ലഭിച്ചതു പോലും വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. ഗാർഹിക വൈദ്യുതീവൽക്കരണത്തിന്റെ അഭാവം ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുന്നത് വിദ്യാർത്ഥികളുള്ള കുടുംബങ്ങളെയാണ്.

## സാമൂഹ്യ സുരക്ഷിതത്വം

പ്രാദേശിക സർക്കാരുകൾ നിരവധി സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും അർഹരായ മുഴുവൻ ആദിവാസികളെയും ഇവ നൽകുന്ന സുരക്ഷിതത്വ വലയത്തിൽ ഉൾച്ചേർക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സർവ്വേ ഫലങ്ങൾ വെളിപ്പെടുത്തുന്നു. ഉദാഹരണത്തിന് വിധവകളായ 56 സ്ത്രീകളുണ്ടെങ്കിലും 17 പേർക്ക് മാത്രമാണ് വിധവാ പെൻഷൻ ലഭിക്കുന്നത്. ഈ സംഖ്യയിൽ 69 വയസ്സ് കഴിഞ്ഞ 97 പേർ ഉണ്ടെങ്കിലും 26 പേർക്ക് മാത്രമാണ് വാർദ്ധക്യകാല പെൻഷൻ ലഭിച്ചുവരുന്നത്. തൊഴിലെടുക്കുന്ന ജനസംഖ്യയിൽ 90 ശതമാനം പേരും കർഷക തൊഴിലാളികളാണെങ്കിലും 5 പേർക്ക് മാത്രമാണ് കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നത്. സ്വന്തം അവകാശങ്ങൾ തിരിച്ചുപിടിക്കാനുള്ള ശേഷി പണിയർ ഇന്നും ആർജ്ജിച്ചിട്ടില്ല. അതോടൊപ്പം അർഹതപ്പെട്ട അവകാശങ്ങൾ ആദിവാസികൾക്ക് നൽകാൻ പ്രാദേശിക സർക്കാരുകളും വേണ്ടത്ര വിജയിച്ചിട്ടില്ലെന്ന് മേൽ കണക്കുകളും സൂചിപ്പിക്കുന്നു.

## സാമൂഹിക മൂലധന രൂപീകരണം

സാമൂഹ്യ സംഘടനകളുടെ വിപുലമായ ശൃംഖലയിലും പൗരസമൂഹ കൂട്ടായ്മയിലും കണ്ണിചേരൽ, സമൂഹ്യ മൂലധനം സ്വരൂപിക്കാനും അതുവഴി ദാരിദ്ര്യവും. പലതരത്തിലുള്ള ചൂഷണത്തെയും ആത്മവിശ്വാസത്തോടെ എതിരിടാൻ കരുത്തും നൽകുന്നതായി പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. കേരളത്തിന്റെ സാഹചര്യത്തിൽ കുടുംബശ്രീകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണെങ്കിലും പണിയർ പോലുള്ള ദുർബല ആദിവാസി വിഭാഗങ്ങൾക്കിടയിൽ വേണ്ടത്ര സ്വാധീനം നേടാൻ ഈ വിഭാഗങ്ങൾക്കായിട്ടില്ല. പണിയർക്ക് മാത്രമായി 10 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചെങ്കിലും ഇവയെല്ലാം ഏറെക്കുറെ നിർജ്ജീവമാണെന്നാണ്



പ്രാഥമിക പഠനത്തിൽ തെളിയുന്നത്. വരുമാനത്തിലെ അനിശ്ചിതത്വം മൂലം തൃഫ്റ്റ് കൃത്യമായി ഒടുക്കുന്നതിൽ പരാജയപ്പെടുന്നതാണ് ആദിവാസി സ്ത്രീകൾ കുടുംബശ്രീയിൽ നിന്നും അകന്ന് പോവാൻ പ്രധാന കാരണങ്ങളിലൊന്നെന്നാണ് പ്രാഥമിക പഠനത്തിൽ തെളിയുന്നത്.

## ആദിവാസി വികസനം – പ്രാദേശിക സർക്കാരുകൾ ഊന്നൽ നൽകേണ്ട മേഖലകൾ

ഒരു ഗ്രാമത്തിന്റെ അനുഭവം നേരിട്ടറിയാൻ നടത്തിയ സൂക്ഷ്മപഠനം ഭാവി ആദിവാസി വികസനം സംബന്ധിച്ച ചില ഉൾകാഴ്ചകൾ കൂടി നൽകുന്നുണ്ട്. അതുകൂടി ആദിവാസി വികസനത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ ചുമതലപ്പെട്ട പ്രാദേശിക ഭരണാധികാരികൾക്കും ഉദ്യോഗസ്ഥ സംവിധാനങ്ങൾക്കും ആദിവാസി വികസനത്തിൽ നേരിട്ട് ഇടപെടുന്ന സന്നദ്ധ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും മുമ്പിൽ അവതരിപ്പിക്കാൻ കൂടി ഈ ലേഖനം പ്രയോജനപ്പെടണമെന്ന് ഉദ്ദേശിക്കുന്നു. ബഹുതലങ്ങളിലുള്ള പ്രവർത്തനങ്ങളാണ് കാലഘട്ടം ആവശ്യപ്പെടുന്നത്. അതിൽ പ്രാദേശിക സർക്കാരുകളുടെ മുൻകയ്യിൽ ഏറ്റെടുക്കേണ്ട ആറ് പ്രധാന പ്രവർത്തന മേഖലകൾ ചുവടെ കൊടുക്കുന്നു.

## ആദിവാസികളുടെ ശേഷികൾ വർദ്ധിപ്പിക്കുക

മദ്യത്തിന്റെ അമിത ഉപയോഗം, ഭക്ഷണമില്ലായ്മ, പോഷകാഹാരകുറവ്, രോഗങ്ങൾ മുതലായ കാരണങ്ങൾ നിമിത്തം ആയുർദൈർഘ്യം കുറഞ്ഞ പണിയർക്ക് ആരോഗ്യത്തോടെയുള്ള ദീർഘായുസ്സ് പ്രദാനം ചെയ്യാൻ ബഹുതല ഇടപെടലുകൾ ഉണ്ടാവണം. മാനവ ശേഷി വികസനവുമായി ബന്ധപ്പെട്ട് ഒട്ടേറെ ചുമതലകളും സ്ഥാപനങ്ങളും ഉദ്യോഗസ്ഥ സംവിധാനങ്ങളും താഴെ ത്തട്ടിലുള്ള പ്രാദേശിക സർക്കാരുകൾക്ക് നൽകിയിട്ടുണ്ട്. ഈ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ആദിവാസി സമൂഹത്തിന് മെച്ചപ്പെട്ട വിദ്യാഭ്യാസവും ആരോഗ്യവും പ്രദാനം ചെയ്യുന്നതിനായിരിക്കണം പ്രധാന ഊന്നൽ നൽകേണ്ടത്. മുഖ്യധാരാ സമൂഹവുമായി ആത്മവിശ്വാസത്തോടെ നേരിട്ട് ഇടപെടണമെങ്കിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ആർജ്ജിക്കുന്നതുവഴി മാത്രമെ സാധിക്കുകയുള്ളൂ. വ്യക്തിയുടെ, സമൂഹത്തിന്റെ മറ്റെല്ലാ മേഖലകളിലുമുള്ള പുരോഗതിക്ക് ചാലകമായി വർത്തിക്കുക വിദ്യാഭ്യാസം തന്നെയാണ്. ആയതിനാൽ മെച്ചപ്പെട്ട വിദ്യാഭ്യാസം സ്ഥിരമായി നൽകാനുള്ള സംവിധാനം പ്രാദേശിക സർക്കാരുകൾ ഒരുക്കണം. പഠന പ്രക്രിയയിൽ തന്നെ പുതിയ കൂട്ടിച്ചേർക്കലുകൾ അനിവാര്യമാണ്. പ്രാഥമികതലത്തിലെങ്കിലും ഇവരുടെ ഭാഷ പഠനപ്രക്രിയയുടെ ഭാഗമാക്കാൻ ശ്രമിക്കണം. ഇത് അന്യതാബോധം ലഘൂകരിക്കും. ഔപചാരിക-അനൗപചാരിക വിദ്യാഭ്യാസ സംവിധാനങ്ങളെ ഒരുപോലെ

ചേർത്തുനിർത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

## ആദിവാസികളുടെ പ്രാദേശിക സംഘടനാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക

സംഘടിത വിഭാഗങ്ങൾക്ക് മാത്ര മെ അവരുടെ ശബ്ദം മറ്റുള്ളവരെ കേൾപ്പിക്കുവാനും വേഗത്തിൽ അംഗീകരിപ്പിക്കാനും കഴിയുകയുള്ളൂ (നാരായൺ 2002). ഗ്രാമപഞ്ചായത്ത് തലത്തിൽ പരിശോധിച്ചാൽ ആദിവാസികൾക്ക് സംഘടിക്കാനും അവരുടെ ശബ്ദം മറ്റുള്ളവരെ കേൾപ്പിക്കാനും കഴിയുന്ന ഏറ്റവും പ്രധാന ജനാധിപത്യ വേദികളാണ് ആദിവാസി ഊരുകൂട്ടങ്ങൾ. ഇവയെ ശക്തിപ്പെടുത്തുന്നതിനായി ശ്രമങ്ങൾ ഉണ്ടാവണം. ഈ സംവിധാനങ്ങൾ ജനാധിപത്യപരമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ചുമതലയും പ്രാദേശിക സർക്കാരുകൾക്കാണ്. സാമൂഹ്യ ചിന്തകർ അഭിപ്രായപ്പെട്ടതുപോലെ ഒരു സംഘടനയുടെ ആന്തരിക പ്രവർത്തനങ്ങൾ ജനാധിപത്യപരവും ഊർജ്ജസ്വലവുമാകുമ്പോൾ സ്വാഭാവികമായും അതിൽ പങ്കെടുക്കുന്നവരെയും അത് സ്വാധീനിക്കും. ഇത് കൂടുതൽ ഉയർന്ന ജനാധിപത്യ വേദികളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കുവാൻ ആദിവാസിയെ പ്രാപ്തരാക്കും. രാഷ്ട്രീയമായ ശാക്തീകരണത്തിന്റെ ഒരു ഉപാധിയായി കൂടി ഊരുകൂട്ടങ്ങളെ പരിവർത്തിപ്പിക്കണം.

## സാംസ്കാരിക വൈജാത്യം അംഗീകരിക്കുക, കീഴാള വിഭാഗങ്ങൾക്ക് മുൻഗണന നൽകുക

സാമൂഹ്യ പുരോഗതിയിലും സാമ്പത്തിക വികസനത്തിലും കേരളത്തിലെ ആദിവാസികൾ വിവിധ തട്ടുകളിലാണ്. സർക്കാർ ക്ഷേമപദ്ധതികളും സംവരണവും നൽകിയ അവസരങ്ങൾ താരതമ്യേന കൂടുതൽ ആർജ്ജിക്കാൻ കഴിഞ്ഞ വിഭാഗങ്ങളും ചരിത്രപരമായ ചൂഷണവും പരാധീനതകളും മാറ്റമില്ലാതെ ഇപ്പോഴും ഏറ്റുവാങ്ങുന്നവരും എന്നിരണ്ട് വേർതിരിവുകൾ ആദിവാസി സമൂഹത്തിൽ നിലനിൽക്കുന്നു. പ്രാദേശിക പദ്ധതികളിൽ ഈ രണ്ടാമത്തെ വിഭാഗത്തിനായിരിക്കണം കൂടുതൽ പരിഗണന നൽകേണ്ടത്.

## അന്തസ്സോടെ ജീവിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക

സുരക്ഷിതമായ കിടപ്പാടം, ശുദ്ധമായ കുടിവെള്ളം, വെളിച്ചം, ശുചിത്വമാർന്ന പരിസരം എന്നീ ഘടകങ്ങൾ അന്തസ്സോടെ ജീവിക്കാൻ ഏതൊരു വ്യക്തിക്കും സമൂഹത്തിനും അത്യന്താപേക്ഷിതമാണ്. കിടപ്പാടം മനുഷ്യന് സുരക്ഷിതത്വം മാത്രമല്ല സാമൂഹ്യ അന്തസ്സുകൂടി പ്രധാനം ചെയ്യുന്നുണ്ട്. ലോകത്തെല്ലായിടത്തും ദരിദ്രനെ തിരിച്ചറിയാനുള്ള എളുപ്പസൂചകമാണ് ജീർണ്ണിച്ച വീടുകൾ. ഈ പഠനാനുഭവം ഇത് സ്ഥിരീകരിക്കുന്നു. ആയതിനാൽ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഗുണനിലവാരമുള്ള കിടപ്പാടവും അനുബന്ധ സൗകര്യങ്ങളും ലഭ്യമാകുന്നതിൽ ഉയർന്ന പരിഗണന നൽകണം. വിദ്യാർത്ഥികളുടെ പഠനാന്തരീക്ഷം മെച്ചപ്പെടണമെങ്കിൽ ആദിവാസി വീടുകളുടെ വൈദ്യുതീകരണം അനിവാര്യമാണ്. വരുമാന അനിശ്ചിതത്വം അനുഭവിക്കുന്ന ആദിവാസികൾക്ക് ആവർത്തന ചെലവുകൾ വളരെ കുറഞ്ഞ സംവിധാനം ഒരുക്കുന്നതിലായിരിക്കണം ശ്രദ്ധിക്കേണ്ടത്. ഉദാഹരണം സോളാർ തുടങ്ങിയവ.

## ജീവനോപാധികൾ വികസിപ്പിക്കുക

ആശ്രിതത്വ മനോഭാവം അവസാനിപ്പിച്ച് സ്വന്തം കാലിൽ നിൽക്കുവാൻ ഇവരെ പ്രാപ്തരാക്കണം. സ്വന്തമായി ഭൂമി ലഭ്യമായിട്ടും അതൊരു പ്രധാന ജീവനോപാധിയായി കണക്കാക്കുവാൻ നല്ലൊരു വിഭാഗം ആദിവാസികളും ഇതുവരെ തയ്യാറായിട്ടില്ല എന്നതാണ് ഈ പഠനം വെളിവാക്കുന്നത്. അതോടൊപ്പം കാർഷിക കാർഷികേതര മേഖലകളിൽ തൊഴിൽ വൈവിദ്ധ്യം ഉണ്ടാക്കുവാനുള്ള പദ്ധതികളും ഏറ്റെടുക്കേണ്ടതുണ്ട്. അടിസ്ഥാന വിദ്യാഭ്യാസത്തെ പോലെ തന്നെ സാങ്കേതിക വിദ്യാഭ്യാസവും കുട്ടികൾക്ക് ലഭ്യമാക്കുവാൻ ശ്രദ്ധിക്കണം. ഇതുവഴി അടുത്ത തലമുറയെങ്കിലും ആധുനിക തൊഴിൽ കമ്പോളത്തിൽ ഇടപെടാനും ആഗോളവൽക്കരണം തകർത്ത ജീവനോപാധികൾക്ക് പകരം പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തുവാനും ഇവരെ പ്രാപ്തരാക്കുന്നു. സ്ത്രീകളുടെ വരുമാന വർദ്ധനവിന് ഉതകുന്ന പദ്ധതികൾ പ്രത്യേകം ചിട്ടപ്പെടുത്തണം. സ്ത്രീകളുടെ ഉപജീവന മാർഗ്ഗം ഉറപ്പായാൽ അത് കുടുംബത്തിന് മുഴുവൻ പ്രയോജനപ്പെടും.

## സാമൂഹ്യ സുരക്ഷിതത്വ വലയം വിപുലപ്പെടുത്തുക

വളരെ ചെറിയ തുകയാണെങ്കിലും ജീവിതത്തിലെ പ്രതിസന്ധി ഘട്ടങ്ങളിൽ സാമൂഹ്യ പെൻഷൻ നൽകുന്ന ആശ്വാസവും സുരക്ഷിതത്വവും ചെറുതല്ല. പ്രാദേശിക സർക്കാരുകൾ വഴി നടപ്പിലാക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളിൽ അർഹരായ മുഴുവൻ ആദിവാസികളെയും അടിയന്തിരമായി ഉൾച്ചേർക്കണം. അതോടൊപ്പം മറ്റുതട്ടിലുള്ള സർക്കാർ സംവിധാനങ്ങൾ നൽകിവരുന്ന പദ്ധതികളിൽ നിന്ന് ആദിവാസികൾ ഒഴിവാക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുവാനുള്ള ഉത്തരവാദിത്വവും പ്രാദേശിക സർക്കാരുകളും സന്നദ്ധ രാഷ്ട്രീയപ്രസ്ഥാനങ്ങളും ഏറ്റെടുക്കേണ്ടതുണ്ട്. വിപുലമായ സാമൂഹ്യസുരക്ഷാ വലയത്തിൽ ആദിവാസികളെ ഉൾച്ചേർക്കുവാനുള്ള നിരന്തരമായ ശ്രമം എല്ലാഭാഗത്തുനിന്നും ഉണ്ടാവണം.

ആദിവാസികളുടെ പുരോഗതിയും വികസനവും ആത്യന്തികമായി സാധ്യമാക്കേണ്ടതും അവരിലൂടെ തന്നെയാണ്. എന്നാൽ ആദിവാസികൾ നേരിടുന്ന പ്രതിസന്ധികൾക്കൊന്നും ഉത്തരവാദികൾ ആദിവാസികളല്ല. ആയതിനാൽ വിവിധ തട്ടിലുള്ള സർക്കാരുകൾ, സാമൂഹ്യ-രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ബുദ്ധിജീവികൾ, ഉദ്യോഗസ്ഥ സംവിധാനവും പൗരസമൂഹത്തിലെ മറ്റെല്ലാ ജന വിഭാഗങ്ങളും പിന്തുണയ്ക്കാനും സഹായിക്കുവാനും മുന്നോട്ട് വരുന്നതിലൂടെ മാത്രമെ അന്തസ്സോടെ ജീവിക്കുവാനുള്ള ഒരു സാമൂഹ്യപരിസരം ആദിവാസികൾക്ക് തിരികെ ലഭിക്കുകയുള്ളൂ. ഈ ബോധ്യത്തിലേക്ക് എന്നാണോ പൊതുസമൂഹം എത്തിച്ചേരുന്നത് അന്നുമാത്രമെ ആദിവാസികളുടെ ദുരിതത്തിന് അവസാനമുള്ളൂ എന്നുകൂടി ഇവിടെ പ്രത്യേകം ഓർമ്മപ്പെടുത്തട്ടെ.

*ലേഖകൻ പിണറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്*

റോയ് ചാക്കോ ഇളമണ്ണൂർ



# നന്മയുടെ പയർമണികൾ

നീലവിരിയിട്ട വിശാലമായ മെത്തയിൽ സൂര്യനുറങ്ങാൻ തയ്യാറാവുന്നു. തണുത്ത കാറ്റും തണുപ്പേറെയുള്ള അന്തരീക്ഷവും ഉദയന്റെ ഉഗ്രചൂടിന് ശമനം നൽകി. ഉദയൻ ശാന്തനായി ഉറക്കത്തിലേയ്ക്ക് നീങ്ങുവാൻ തുടങ്ങുന്നു; രാവിന്റെ പിറവിക്കായി വഴിമാറിക്കൊണ്ടെന്ന പോലെ.

അന്തിവെയിലിന്റെ അരുണിമയിൽ പടിഞ്ഞാറൻ ചക്രവാളം തിളങ്ങിനിൽക്കുന്നു. സന്ധ്യാ സമയത്തിനു മുമ്പു തന്നെ ഇളം ശൈത്യത്തോടെ ഇരുട്ടുവീണു തുടങ്ങുന്ന വർഷാന്ത്യമാസം. കപ്പയും പയറും പാവലുമെല്ലാം ഏറെനാൾ തരിശായി കിടന്ന പഴയ നെൽപ്പാടങ്ങൾക്ക് പുതുജീവൻ നൽകിയിരിക്കുന്നു. ഗ്രാമത്തിലെ റോഡിനിരുവശവും കാർഷികസമൃദ്ധി.

പച്ചപുതച്ചുകിടക്കുന്ന പാടശേഖരത്തിന് ഇടയിലൂടെയുള്ള റോഡിലൂടെ അങ്ങുദൂരെ നഗരത്തിലേയ്ക്കുള്ള യാത്രയിലാണ് രാജീവ് മേനോനും കുടുംബവും. മേനോൻ നഗരത്തിൽ ജോലികിട്ടിപോകുന്നതുവരെ നാട്ടിലെ കൃഷി അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ചേമ്പും നെല്ലും വാഴയും കപ്പയും കുരുമുളകും കാപ്പിയുമൊക്കെ മേനോന്റെ കുടുംബത്തിൽ അന്ന് കൃഷിചെയ്തിരുന്നു. ഇന്ന് കൃഷിയൊന്നുമില്ല, നാട്ടിൽ പലർക്കുമെന്നപോലെ.

കറിവേപ്പിലയും കാന്താരിയും പോലും രാജീവ് മേനോന് ഇന്ന് വിലകൊടുത്ത് വാങ്ങണം. നാട്ടിൽ ഓമയ്ക്ക എന്നറിയപ്പെട്ടിരുന്ന കപ്പളങ്ങ തോരൻ വെയ്ക്കാൻ വളരെ നല്ലതായിരുന്നു. അതിനുമിന്ന് നഗരത്തിൽ കിലോയ്ക്ക് 30 രൂപയോളമാണ് വില. ചക്കയും ഓമയ്ക്കയുമൊഴികെ നഗരത്തിൽ കിട്ടുന്ന മറ്റെല്ലാം വിഷമയം. നാട്ടിലെത്തുമ്പോൾ വിഷമില്ലാത്ത പച്ചക്കറികളും നാടൻ കൃഷി ഉൽപ്പന്നങ്ങളുമൊക്കെ അത്യാവശ്യത്തിനു വാങ്ങി കാറിന്റെ ഡിക്കിയിലിടുക പതിവാണ്. കവലകൾ ഓരോന്നു താണ്ടി കാർ എം.സി. റോഡിലേയ്ക്കു കയറാറായിരിക്കുന്നു. കാഴ്ചയിലെ കാർഷിക സംസ്കൃതിക്കൊരു മാറ്റം.

ചന്ദ്രനുണരാൻ നേരമായി. പ്രകൃതിക്ക് പ്രകാശം നൽകേണ്ട ഡ്യൂട്ടി ഉടൻ തന്നെ ചന്ദ്രൻ ഏറ്റെടുക്കും. ഒരാളിന്റെ ഡ്യൂട്ടി കഴിഞ്ഞ് മറ്റെയാൾ ഡ്യൂട്ടിക്ക് എത്തിക്കൊണ്ടിരിക്കുന്ന സമയം. മങ്ങിയ പകൽ വെളിച്ചവും ഇരുളാൻ തുടങ്ങുന്ന ഇരുട്ടും കൂടികലർന്നൊരു അരണ്ട വെളിച്ചം.

റോഡിന്റെ സൈഡു ചേർന്ന് ഒരാൾ സൈക്കിൾ ചവിട്ടിപ്പോകുന്നു. തുരുമ്പുപിടിച്ച സൈക്കിളിന്റെ കാരിയറിൽ ഒരു കെട്ട് പയർ. പാടത്തുനിന്ന് ഒരൽപം മുമ്പ് പറിച്ചതേയുള്ളൂ. ജീവൻ പൂർണമായും പയറിനെ വി

ട്ടുപോയിട്ടില്ല. അവസാന സ്പന്ദനം അരഞ്ഞാണ പയറിൽ അവശേഷിക്കുന്നുണ്ട്.

ടോപ്ഗിയറിൽ നിന്ന് ന്യൂട്രലിലേയ്ക്കിട്ടു. ചെറുതായി ബ്രെയ്ക്കും ചെയ്തു. സൈക്കിളിനടുത്ത് കാറെത്തിയപ്പോൾ കർഷകനോടായി രാജീവ് ചോദിച്ചു.

"പയർ വിൽക്കാനാണോ?"

ചോദ്യം കേട്ടപ്പോൾ തന്നെ കർഷകൻ സൈക്കിൾ ഒതുക്കി നിർത്തി ചാടിയിറങ്ങി. അദ്ധ്വാനിച്ചുണ്ടാക്കിയ തന്റെ വിളവിനുള്ള ആവശ്യക്കാരന്റെ വിളി സംതൃപ്തിയായി അയാളുടെ മുഖത്ത് പ്രതിഫലിച്ചു.

തൊട്ടടുത്ത ജംഗ്ഷനിലെ പച്ചക്കറിക്കടയിൽ കൊണ്ടുകൊടുക്കാനാണ് കർഷകന്റെ പോക്ക്. ഇപ്പോൾ കച്ചവടം നടന്നാൽ ആ യാത്ര ഒഴിവാക്കാമല്ലോ എന്ന സന്തോഷത്തിൽ അയാൾ ഓരം ചേർന്നു നിന്നു. "സാറേ, പയർ തിരഞ്ഞു പെറുക്കിയതല്ല" കർഷകൻ ആദ്യമേ ജാമ്യമെടുത്തു.

രാജീവ് മേനോനും പണ്ട് ഇതുപോലെ പയർപറിച്ചുകെട്ടി വീട്ടിലേയ്ക്കു കൊണ്ടുപോയിട്ടുണ്ട്. അതിൽ മൂത്തതും കേടായതും കണ്ടേക്കാം. മൂത്തപയർ പൊളിച്ച് അതിലെ മണികൾ മെഴുക്കുപുരട്ടാനും തോരൻ വയ്ക്കാനും എടുക്കും. കളയാറില്ലായിരുന്നു. അൽപം മുമ്പുമാത്രം പറിച്ചെടുത്ത പയറിന്റെ നാടൻ ഗന്ധം. തിരഞ്ഞുപെറുക്കിയിട്ടില്ല എന്നയാൾ പറഞ്ഞുവെങ്കിലും അതിൽ തിരഞ്ഞുകളയാൻ ഒന്നുമില്ലായിരുന്നു. ഒന്നോ രണ്ടോ മൂത്ത (വിളഞ്ഞുപോയ) പയറുകൾ മാത്രം.

കർഷകന്റെ നിഷ്ക്കളങ്കത രാജീവ് തിരിച്ചറിഞ്ഞു. കേടായ ഒരു പയറുപോലും വാങ്ങുന്നയാളിലെത്തരുതെന്ന നിർബന്ധമുള്ള യഥാർത്ഥ കർഷകൻ. കൊള്ളലാഭത്തോട് താൽപര്യമല്ലാത്തവൻ.

"കിലോയ്ക്കെത്ര രൂപ?"

"നാൽപ്പത്തഞ്ച്". കർഷകൻ മറുപടി നൽകി.

"മാർക്കറ്റിൽ 60 രൂപ വിലയുണ്ടല്ലോ പയറിന്. അതിൽ പകുതി വാടിയതും കുറേ കേടായതുമായിരിക്കും. പയറിന്റെ മണമില്ല. ഏതോ വിഷത്തിന്റെ മണവും അരുചിയുമാകും പയറിന്." മേനോൻ ചിന്തിച്ചു.

ആ ചിന്ത കണ്ട് കർഷകൻ പറഞ്ഞു. "മരുന്നടിക്കാത്ത പയറാ സാറേ. അതുകൊണ്ട് ചില പയറിലൊക്കെ പുഴുക്കുത്തു കാണും".

മേനോൻ പയർ ഒന്നുകൂടി നോക്കി. പുഴുക്കുത്തുള്ളവ നാലോ അഞ്ചോ മാത്രം. അപ്പോൾത്തന്നെ കർഷകൻ ആ പയറ് എടുത്തുമാറ്റി.

"ഒരു കിലോ താ".

കർഷകൻ കുറെ പയർ കൊണ്ടുവന്ന് കാറിന്റെ ഡിക്കിയിൽ വച്ചു.

മേനോന് സംശയമായി. ഒരു കിലോ ഇല്ലെങ്കിലോ. ആ സംശയം മണ്ണിന്റെ മണമറിയുന്ന കർഷകൻ തിരിച്ചറിഞ്ഞു. "സാറിന് സംശയമുണ്ടെങ്കിൽ തൂക്കാം. തീർച്ചയായും ഒരു കിലോ കാണും".

ആ പാവം കർഷകനിൽ മേനോന് വിശ്വാസമുണ്ടായിരുന്നു. അറിഞ്ഞുകൊണ്ടയാൾ കബളിപ്പിക്കുകയില്ല. കാരണം അയാൾ ഇടനിലക്കാരനല്ലായിരുന്നു. അദ്ധ്വാനിച്ചു കൃഷിചെയ്ത്, അതുവിറ്റ് ജീവിക്കുന്ന ഒരു സാധാരണക്കാരൻ.

50 രൂപ കർഷകനു നേരെ നീട്ടി.

"ബാക്കി തരാൻ എന്റെ കൈയിൽ കാശില്ലല്ലോ സാറേ".

"എന്നാൽ അതിനുകൂടി പയർ വച്ചേര്". അതു പറഞ്ഞിട്ട് രാജീവ് ഡ്രൈവർ സീറ്റിലേയ്ക്ക് കയറിയിരുന്നു. ഉടൻ തന്നെ കുറെ പയർകൂടി കർഷകൻ കാറിന്റെ പുറകിൽ വച്ചു. ഡിക്കിയടച്ചു. കർഷകനോട് യാത്ര പറഞ്ഞ് കാർ മെല്ലെ നീങ്ങി.

പടവലം കൃഷിചെയ്തിരിക്കുന്ന പുരയിടങ്ങൾ. പടവല വള്ളിയിൽ നിന്ന് നാലടി നീളത്തിൽ നിരനിരയായി തൂങ്ങിക്കിടക്കുന്ന നൂറു കണക്കിന് പടവലങ്ങകൾ. ഞാലിപ്പൂവൻ വാഴത്തോട്ടങ്ങൾ. പാടശേഖരത്തിന്റെ ഒരറ്റത്തുകൂടിയൊഴുകുന്ന ചെറുതോട്ടിലേക്ക് ചാഞ്ഞ് കിടക്കുന്ന തെങ്ങിൻ കൂട്ടങ്ങൾ നിറയെ കുലകൾ. ഇടതൂർന്ന് നിൽക്കുന്ന മരച്ചീനികളുടെ ഇലക്കട്ടി സൂര്യപ്രകാശത്തിന്റെ ഒരംശം പോലും മണ്ണിൽ പതിയാൻ അനുവദിക്കില്ല എന്ന പിടിവാശിയിൽ എന്നപോലെ. മരച്ചീനി പന്തലിനുള്ളിൽ കൂരിരുട്ട്. നയനമനോഹരമായ ഗ്രാമീണ കാർഷികഭംഗി ആസ്വദിച്ച് മേനോന്റെ മാരുതി പൊന്ന് വിളയിക്കുന്ന ആ മണ്ണിനോട് വിടവാങ്ങിക്കൊണ്ടിരുന്നു. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ മാരുതി പഴക്കുലകൾ പഴുത്ത് നിറഞ്ഞ് തൂക്കി നിൽക്കുന്ന ഒരു പഴക്കടയോട് ചേർന്നു നിന്നു.

പഴം വാങ്ങാൻ കയറിയ പരിചയക്കാരന്റെ കടയിലെ ഇലക്ട്രോണിക് ത്രാസിന്മേൽ മേനോൻ ആ പയർകെട്ട് എടുത്തു വച്ചു. കർഷകന്റെ 'മനത്തൂക്ക' ത്തിൽ തെറ്റുപറ്റിയിട്ടുണ്ടോ എന്ന് തിരിച്ചറിയുക മാത്രമായിരുന്നു ലക്ഷ്യം. ത്രാസിൽ പയറിന്റെ തൂക്കം രണ്ടേകാൽ കിലോ എന്ന് തെളിയുന്നു.

ആ കാഴ്ച രാജീവ് മേനോനും കുടുംബത്തിനും സന്തോഷം നൽകിയില്ല. പാവം കർഷകന്റെ 50 രൂപ തന്റെ കൈയിലിരിക്കുന്നു എന്നൊരു കുറ്റബോധം. അയാളുടെ കുടുംബത്തിനു കിട്ടേണ്ട അയാളുടെ അദ്ധ്വാനകൂലി അർഹതയില്ലാതെ തന്നിലായിപ്പോയ ഒരു കുറ്റബോധം മേനോനിലുണ്ടായി.

ആ പയർ വെളിച്ചെണ്ണയൊഴിച്ച് മെഴുക്കു പുരട്ടിക്കഴിച്ചപ്പോഴും തേങ്ങയും കൊച്ചുള്ളിയുമിട്ട് തോരനായി കഴിച്ചപ്പോഴും എല്ലാം പയറിന്റെ സ്വാഭാവികഗന്ധം, ഹൃദ്യമായ രുചി ഒന്നും അയാൾക്കും കുടുംബത്തിനും ആസ്വദിക്കാൻ കഴിഞ്ഞില്ല.

ഒരു പാവം കർഷകന് അറിയാതെയാണെങ്കിലും 50 രൂപ നഷ്ടം വരുത്തിയല്ലോ എന്നൊരു തോന്നൽ. എത്ര കഷ്ടപ്പെട്ടിട്ടായിരിക്കാം അയാൾ ആ കൃഷി ഈ വേനൽക്കാലത്ത് പരിപാലിക്കുന്നത്. ഇനിയും ആ വഴി കടന്നുപോകുമ്പോൾ ആ കർഷകനെ തേടിപ്പിടിച്ച് ഒരു കിലോയുടെ രൂപാകൂടി നൽകണം എന്നവർ തീരുമാനിച്ചു.

പിറ്റെ മാസം പതിവുപോലെ ഞായറാഴ്ച സന്ധ്യാസമയത്ത് അവർ അതുവഴി വന്നപ്പോൾ അവർ കർഷകനെ പാടത്തും റോഡ് സൈഡിലുമെല്ലാം തിരയുന്നുണ്ടായിരുന്നു. പയർകൃഷി ചെയ്തിരുന്ന ഒരു പാടശേഖരം കണ്ടപ്പോൾ കാർ അവിടെ നിർത്തി. അവിടെ നിന്നിരുന്ന

കർഷകനെ രാജീവ് തിരിച്ചറിഞ്ഞു.

കഴിഞ്ഞ തവണ വാങ്ങിയ പയർ കൂടുതലുണ്ടായിരുന്നു എന്നു പറഞ്ഞ് 50 രൂപ അയാൾക്കു നേരെ നീട്ടി. നോട്ടിലേയ്ക്കു നോക്കാതെ മുറുക്കിച്ചുവന്ന പല്ലുകൾ കാണിച്ച് ചിരിച്ചുകൊണ്ടയാൾ പറഞ്ഞു

"സാറിന് ഞാനന്ന് തന്ന പയർ രണ്ടുകിലോയിൽ കൂടുതൽ ഉണ്ടായിരുന്നുവല്ലേ. അറിഞ്ഞുകൊണ്ടു തന്നതാണ്. ഇവിടെ കടയിൽ കൊടുത്താൽ എനിക്ക് 30 രൂപയേ കിലോയ്ക്കു കിട്ടുകയുള്ളു. അവർ 60 രൂപയ്ക്കാണ് വിൽക്കുന്നത്. ഞാൻ കർഷകനാണ്, കച്ചവടക്കാരനല്ല. എനിക്ക് 30 രൂപ തന്നെ മതി. കൊള്ളലാഭം എന്റെ ലക്ഷ്യമല്ല. നാട്ടിലെ പയറിന്റെ വില വെറുതെ അന്വേഷിക്കുകയാണെന്നു കരുതിയാണ് ഈ പ്രദേശത്തെ വില അന്നു ഞാൻ സാറിനോടു പറഞ്ഞത്".

നിർബന്ധിച്ചിട്ടും 50 രൂപ അയാൾ വാങ്ങിയില്ല. മേനോൻ തിരികെ കാറിലേയ്ക്കു കയറി. വണ്ടി ചെറുതായി ഉരുണ്ടു തുടങ്ങിയപ്പോൾ പിറകിൽ നിന്നും ഒരാൾ ഓടിവരുന്നു. ഒരു പിടി പയറുമായി ആ കർഷകൻ. "സാറിന്റെ സത്യസന്ധതയ്ക്ക് ഇതെന്റെ സമ്മാനം. കർഷകനെ അറിയുന്നവർ പട്ടണങ്ങളിലുമുണ്ട് എന്നതിലെനിക്കു സന്തോഷം."

പടിഞ്ഞാറൻ ചക്രവാളത്തിൽ അസ്തമയ സൂര്യൻ അഗ്നികുണ്ഠമായി. പിന്നെ കടലിൽ ഇറങ്ങി എരിഞ്ഞമർന്നു. രാവുണരാൻ നേരമായിവരുന്നു.

അന്ന് പൗർണ്ണമിയായിരുന്നു. വിളകൾ നിറഞ്ഞുനിന്ന ആ കാർഷിക ഭൂമിയിൽ ചന്ദ്രോദയം നിലാവു പരത്തി; കർഷകന്റെ മനസ്സിന്റെ നന്മയെന്നപോലെ.

നിലാവിൽ പ്രശോഭിതമായിരിക്കുന്ന കൃഷിഭൂമിയുടെ സൗന്ദര്യം ആസ്വദിച്ച് മേനോനും കുടുംബവും നഗരത്തിലേക്കുള്ള യാത്ര തുടർന്നു.

യാത്രയിൽ സന്തോഷിച്ച് കുലുങ്ങുന്ന കുട്ടിയെപ്പോലെ, നഗരത്തിലേയ്ക്കുള്ള യാത്രയിൽ പയർമണികളും തുള്ളിക്കൊണ്ടിരുന്നു. വാഴനൂലിൽ കെട്ടിയ ആ അരഞ്ഞാണ പയർകെട്ട് വണ്ടിയിലിരുന്ന് കർഷകന്റെ നന്മയുടെ കഥകൾ മേനോനും കുടുംബത്തിനും പറഞ്ഞുകൊടുക്കുന്നതുപോലെ തോന്നി.



ദിലീപ് ഇരിങ്ങാവൂർ

# ജീവിതം

മനം ഉടഞ്ഞ്
ചിതറിയ പോലെ.
രക്തം പുരണ്ട
കത്തി പോലെ വാക്ക്.
കണ്ണീരും മെഴുക്കും
പുരണ്ട തലയിണ
പോലെ ജീവിതം.
പിഞ്ഞിപ്പോയ കൊതുക്
വല പോലെ സ്വപ്നങ്ങൾ.
അത് തന്നിരുന്ന
സുഖവും അനുഭൂതിയും
ഇഴപൊട്ടിയിരിക്കുന്നു.
കടങ്ങളുടെ തീപുസ്ത-
കവുമായി കയറി വന്നവർ
അച്ഛന്റെ ആത്മഹത്യയുടെ
മൗനം കൊണ്ട് മുങ്ങിയ
വീട് കണ്ട് തിരിച്ച് പോവുന്നു.
മുനിഞ്ഞ് കത്തുന്ന
വിളക്കിന് നടുവിൽ
ഞങ്ങൾ അവസാനത്തെ
അത്താഴം പങ്കിടുന്നു.
ഇരുട്ടിന്റെ ഭൂഖണ്ഡത്തിൽ
അഭയാർത്ഥിയാകവെ
സ്വന്തം രാജ്യവും പതാകയും
വീടും അടുപ്പും ഓർമ വരുന്നു.
കടലിന്റെ അടിത്തട്ട്
പോലെ മനസ് ദുരൂഹമാവുന്നു.

സത്യചന്ദ്രൻ പൊയിൽക്കാവ്

# മലയാളം കാണാൻ വായോ

മലയാളം കാണാൻ വായോ
മാമലകൾ കാണാൻ വായോ
മഴ പെയ്യുന്നേരം പുഴയുടെ
മയിലാട്ടം കാണാൻ വായോ

മഞ്ജുളമീ നാട്ടിൽ മാധവ
കാലങ്ങൾ കാണാൻ വായോ
മനസ്സിന്റെ തീരത്തഴകിൻ
കാവ്യങ്ങൾ തീർക്കാൻ വായോ

പൊന്നോണക്കാലം വയലിൽ
കിന്നാരം പറയും കാറ്റിൽ
ഒന്നിച്ചു നടക്കാൻ വായോ
ഒന്നല്ലോ മാനവർ തമ്മിൽ

എസ്.സുദേനൻ




# 1969ലെ ജനന–മരണ രജിസ്ട്രേഷൻ ആക്ടിന്റെ പ്രത്യേകതകളും വ്യവസ്ഥകളും

- ജനനങ്ങളുടേയും മരണങ്ങളുടേയും രജിസ്ട്രേഷൻ നിർബന്ധമാണ്.
- ജനനം എന്നതിൽ ജീവനുള്ള ജനനവും നിർജീവജനനവും ഉൾപ്പെടുന്നു.
- ജനനവും മരണവും റിപ്പോർട്ട് ചെയ്യുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും രാജ്യത്തിനകത്ത് ഏകീകൃത നിയമമാണ്നിലവിലുള്ളത്(വകുപ്പ്1(2)).
- കേന്ദ്ര, സംസ്ഥാന, ജില്ലാ, തദ്ദേശ തലങ്ങളിലേക്ക് നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥരെ പറ്റിയും ആക്ടിന്റെ വ്യവസ്ഥകൾ നടപ്പാക്കാനുള്ള ഉത്തരവാദിത്വങ്ങളെക്കുറിച്ചും (വകുപ്പ് 3,4,6,7) വിവരിക്കുന്നു.
- തന്റെ അധികാരപരിധിയിൽപ്പെട്ട സ്ഥലത്ത് സംഭവിച്ചിട്ടുള്ള ജനന-മരണങ്ങൾ അവ സംഭവിച്ച സ്ഥലത്തു തന്നെ രജിസ്റ്റർ ചെയ്യേണ്ടതാണ്.
- ജനനങ്ങളും മരണങ്ങളും നടന്ന് 21 ദിവസത്തിനുള്ളിൽ അവ അറിയിക്കേണ്ടതാണ് (വകുപ്പ് 8, ചട്ടം 5(3))
- നടന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമുള്ള ഉത്തരവാദിത്വങ്ങൾ വിശദീകരിച്ചിരിക്കുന്നു(വകുപ്പ് 8, വകുപ്പ്9).
- ജനനമോ മരണമോ അറിയിക്കുന്നയാളിന് രജിസ്റ്ററിൽ നിന്നും നിശ്ചിത വിവരങ്ങളുടെ പകർപ്പ് സൗജന്യമായി നൽകുന്നതിന് അനുവദിക്കുന്നു (വകുപ്പ് 12).
- നിർദ്ദേശിക്കപ്പെട്ട 21 ദിവസത്തിനു ശേഷവും രജിസ്ട്രേഷൻ അനുവദിക്കുന്നു (വകുപ്പ് 13).
- കുഞ്ഞിന്റെ പേര് രേഖപ്പെടുത്താതെ ജനനം രജിസ്റ്റർ ചെയ്യുകയാണെങ്കിൽ പിന്നീട് പേര് ചേർക്കാൻ അനുവദിക്കുന്നു (വകുപ്പ് 14).
- ജനന മരണ രജിസ്റ്ററിൽ തിരുത്തലുകള വരുത്തുന്നതിനും റദ്ദ് ചെയ്യുന്നതിനും അനുവാദം നൽകുന്നു (വകുപ്പ് 15).
- മരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങളുടെ പകർപ്പ് ഏതെങ്കിലും വ്യക്തിക്ക് നൽകുമ്പോൾ മരണകാരണം വെളിപ്പെടുത്താൻ പാടില്ല (വകുപ്പ് 17).
- രാജ്യത്തെ പൗരൻമാരുടെ രാജ്യത്തിന് പുറത്തു വെച്ചുള്ള ജനനങ്ങളും മരണങ്ങളും രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ (വകുപ്പ് 20).
- റിപ്പോർട്ട് ചെയ്യാതിരിക്കുന്നതിനും രജിസ്റ്റർ ചെയ്യാതിരിക്കുന്നതിനും അശ്രദ്ധയ്ക്കും പിഴ ചുമത്തുന്നതിനുള്ള വ്യവസ്ഥ (വകുപ്പ് 23).
- ജനനമരണ രജിസ്റ്ററുകൾ സ്ഥിരമായ റിക്കാർഡുകളായി സൂക്ഷിക്കേണ്ടതാണ് (വകുപ്പ് 30).
- ഈ ആക്ട് പ്രാബല്യത്തിൽ വരുന്നതിനു മുമ്പുള്ള ജനനങ്ങളുടേയും മരണങ്ങളുടേയും രജിസ്ട്രേഷൻ (വകുപ്പ് 13(3))
- രജിസ്ട്രാർ സ്വയമേവ ചെയ്യുന്ന രജിസ്ട്രേഷൻ (വകുപ്പ് 7(2)) ഇതിൽ വിവാഹ രജിസ്ട്രേഷൻ ഉൾപ്പെടുന്നില്ല.

*(അവലംബം: 2012ലെ ഇന്ത്യയിലെ സിവിൽ രജിസ്ട്രേഷൻ അധികാരികൾക്കുള്ള പരിശീലന മാന്വൽ)*

# സംക്രമണത്തിന്റെ സൗകുമാര്യം

വി.കെ. ശ്രീധരൻ



സൂര്യൻ  വടക്ക് നിന്നും തെക്കോട്ടു മാറുന്ന സമയമാണ് ദക്ഷിണായനം. ഇത് മിഥുനം 31ന്. സംക്രമണം മനസ്സിലാക്കി  ഋതുചര്യകൾക്ക് രൂപം നൽകിയ പഴയ തലമുറ ആണ്ടറുതികൾ അവർക്ക് രോഗ പ്രതിരോധ കാലം (ഇമ്മ്യുണൈസേഷൻ പിരീഡ്). ദിനചര്യയും ഭക്ഷണക്രമവും ആരോഗ്യപരിപാലനവും ചിട്ടപ്പെടുത്താൻ ആചാരസംബന്ധമായ വസ്തുതകൾ ശാരീരകവും മാനസികവുമായ സ്വാസ്ഥ്യ പരിരക്ഷക്ക് ഏർപ്പെടുത്തിയത് വൈവിധ്യങ്ങളായ ദിനചര്യകളാണ്. പ്രപഞ്ചത്തിന്റെ ഗതിവിഗതികൾ വീക്ഷിച്ച് തദനുസൃതമായി ജീവിതം നയിക്കാൻ അവർ യത്നിച്ചു.

സമ്പൂർണ്ണ ശുചിത്വയജ്ഞം സർക്കാർ ഏറ്റെടുക്കുന്നതിന് മുമ്പേ വീടും പരിസരവും ശുചിയായി സൂക്ഷിക്കണമെന്ന സാധനപാഠം നൽകിയിരുന്നു. ചേട്ടയെ (മൂശേട്ട, ജേഷ്ഠ) പുറത്താക്കൽ എന്ന ചടങ്ങിലൂടെ ചപ്പുചവറുകൾ നീക്കം ചെയ്ത് ചേട്ടേം മക്കളും  പുറത്ത് പോ, ശ്രീ ഭഗവതീം മക്കളും അകത്തുവാ എന്ന വിളി മിഥുനം 31ന് ആണ്. ചടങ്ങിനു ശേഷം പ്രതീകാത്മകമായി മാലിന്യം നീക്കം ചെയ്തിരുന്ന സ്ഥലങ്ങളാകാം പൊട്ടകിണറും പൊട്ടകുളവും. കർക്കിടം ഒന്ന് മുതൽ ഏഴ് വരെയോ ,മാസം മുഴുവനായോ രാവിലെ ദശപുഷ്പം ഒരുക്കി വെക്കാറുണ്ട്.രാവിലെയും വൈകീട്ടും ദശാംഗം. സാമ്പ്രാണി പുകക്കുന്ന ഏർപ്പാടുമുണ്ടായിരുന്നു. (ഓർക്കുക ഈഡിസ് കൊതുകുകളുടെ ആക്രമണം രാവിലെയാണ്)മൂപ്പട്ടു (ആദ്യ) വെള്ളിയാഴ്ച്ച കാലത്ത് മൈലാഞ്ചി അരച്ച് കയ്യിലിടുന്നത് മംഗല്യത്തിനും മംഗല്യ ഭാഗ്യത്തിനും നല്ലതാണത്രെ. കർക്കിടകത്തിലെ വെളുപ്പാൻ കാലത്താണ് പാണരുടെ തുയിലുണർത്ത്. ദോഷനിവാരണത്തിനാണ് പുള്ളുവർ വന്ന് പാടുന്നത്. ഇക്കാലത്ത് മുടിയിൽ മുക്കുററി ചൂടണം . കറുത്ത ചാന്തുണ്ടാക്കി കുറിയിടണം .പന്ത്രണ്ടു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പ്രത്യേക ഔഷധക്കഞ്ഞിയും പ്രായമായവർക്ക് മരുന്ന് കഞ്ഞിയും നവരകഞ്ഞിയും നവരകിഴിയും പ്രധാനം .ഗോത്ര സ്മൃതിയുണർത്തി രാമായണമാസം രാ(രാത്രി-അജ്ഞത) മായണം(മാറണം)ഇരുട്ടകന്ന് ദിവ്യജ്ഞാനം (അറിവ്,പ്രകാശം )വ്യാപിക്കണമെന്ന അർത്ഥന.

മിഥുനം കഴിഞ്ഞാൽ വ്യസനം തീർന്നെന്നും കർക്കിടകം കഴിഞ്ഞാൽ ദുർഘടം മാറിയെന്നുമാണ് വിശ്വാസം. കർക്കിടകവാവിൽ കാട്ടുപോത്തിന്റെ തുടവിറക്കുന്ന തണുപ്പ് ഇന്നില്ല. എങ്കിലും പ്രായമായവരേറെ കാലയവനികക്കുള്ളിൽ മറയുന്നത് ഇക്കാലത്താണ്. തലേന്നുള്ള ഒരിക്കലും (അരിയാഹാരം ഒരു നേരം മാത്രം) വാവുബലിയും അന്നത്തേക്കുള്ള പൊരുത്തിലടയുമാണ് (ശർക്കരയും നാളികേരവും ചേർത്തുള്ള അരിയട)സവിശേഷതകൾ. ശ്രീ ഭഗവതിയുടെ താലിയായതിനാൽ കർക്കിടകത്തിൽ മുരിങ്ങയില കഴിക്കാറില്ല. വെയിൽകുറഞ്ഞ സമയമായതിനാലും മുരിങ്ങയില ദഹിക്കാനുള്ള കാലതാമസവുമാണ് ഇതിന് കാരണം. പൊതുവെ സൂര്യപ്രകാശം കുറവായതിനാൽ ഇലകളിൽ  കാത്തുവെച്ച സൗരോർജ്ജം ലഭിക്കാനാണ് ഇലകൾ ചൂടുന്നതും ഇലക്കറികളും ഔഷധങ്ങളും കഴിക്കുന്നതും. കർക്കിടകത്തിൽ ചേന കട്ടും കഴിക്കണമെന്നാണ് പഴമൊഴി.

കാട്ടുകോഴിക്കെന്ത് കർക്കിടക സംക്രാന്തി എന്നാണ് ആധുനികന്റെ ചോദ്യം. കർക്കിടകവും കച്ചവടക്കാലമാവുകയാണ്. ഇക്കാലത്തുള്ള ആയുർവേദ/പഞ്ചകർമ്മ/ഉഴിച്ചിൽ /സുഖചികിത്സ ഭാരിച്ച ചെലവു മൂലം വിദേശികൾക്കും ധനികർക്കും മാത്രമുള്ളതായി. പ്രകൃതിദത്ത സാധനങ്ങൾക്ക് പകരം റെഡിമെയ്ഡ്ഔഷധ കഞ്ഞിക്കൂട്ടുകൾ ,പൊട്ടുതൊട്ട് നെയിൽ പോളിഷ്,പാക്കയറ്റ് ഫുഡുകൾ ഇവ വിപണിയിൽ സുലഭം. ജൈവവൈവിധ്യവും അതിന്റെ മൂല്യവുമറിയാവുന്നവർ തുലോം കുറവ്. സ്വന്തം ചുറ്റുപാടുകൾ സംരക്ഷിക്കുകയും നിരീക്ഷിക്കുകയും ഋതുഭേദങ്ങളനുസരിച്ച് ജീവിക്കുകയും ചെയ്തിരുന്നവരുടെ ദീർഘ ദർശനം നമുക്കില്ലാതെ പോയി. പഴമയിലെ ഗുണവശങ്ങൾ നാം ഉൾകൊള്ളുക. ആടിമാസ കിഴിവുകളിലെ ചതികുഴികളിൽ വീഴാതിരിക്കുക. പകരം പ്രകൃതിയെ നിരീക്ഷിച്ച് സുജീവതത്തിലേക്കുള്ള പാതയൊരുക്കുക.



**കെ.ആർ. ജയൻ, എൽ. പങ്കജാക്ഷൻ**
**ശാന്തിഗ്രാം**

# ചക്ക മാഹാത്മ്യം

“പനസം സർവ്വോത്തമം; തത്
ഫലം സർവ്വഗുണദായകം.”

ചക്കയുടെ സംസ്കൃത വാക്കാണ് പനസം. ഏറ്റവും വലിയ വൃക്ഷഫലമാണ് ചക്ക. ചക്ക ഒറ്റപ്പഴമല്ല. നിരവധി ചെറിയ പഴങ്ങൾ കൂടിച്ചേർന്നിരിക്കുന്നു. ഒരു ചക്കയിൽ ഓരോ ചുളയും ഓരോ പഴമാണ്. ഒരു പ്ലാവിൽ നിന്ന് പ്രായമനുസരിച്ച് ശരാശരി ഇരുപത് മുതൽ മുന്നൂറു വരെ ചക്കകൾ ഒരാണ്ടിൽ കിട്ടുന്നു.

പ്ലാവ് ഒരു ഔഷധവൃക്ഷമാണ്. രാത്രിയിൽ ഉറങ്ങാത്ത വൃക്ഷം. ഈ വൃക്ഷത്തിന്റെ ഔഷധങ്ങൾ അമ്മയെപ്പോലെ മുലപ്പാൽ ഉല്പാദിപ്പിക്കുന്നു. അച്ഛനെപ്പോലെ ദേഹസംരക്ഷണം നടത്തുന്നു, ഗുരുവിനെപ്പോലെ ബുദ്ധിതെളിയിക്കുന്നു.

പശ്ചിമഘട്ടത്തിലാണ് പ്ലാവിന്റെ ഉത്ഭവം. രണ്ടാം കല്പവൃക്ഷം എന്നു വിശേഷിപ്പിക്കാവുന്ന പ്ലാവിന്റെ ഇല മുതൽ വേര് വരെയും മുള്ള് മുതൽ മുളഞ്ഞീൻ വരെയും എല്ലാംതന്നെ ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ മനുഷ്യർക്കും മൃഗങ്ങൾക്കും സൂക്ഷ്മജീവികൾക്കും പ്രയോജനപ്പെടുന്നു.

മലയാള ഭാഷയുടെ ആദിമകാലത്ത് പ്ലാവിലെ കായയെ ‘പ്ലാക്ക’ എന്നാണ് വിളിച്ചിരുന്നത്. പിന്നീടെപ്പോഴാണ് പ്ലാക്ക ചക്കയായത് എന്ന് ആർക്കും നിശ്ചയമില്ല. പോർച്ചുഗീസ് ഭാഷയിൽ ചക്ക ‘ജാക്ക’ എന്നാണ് അറിയപ്പെടുന്നത്. ജാക്ക രൂപാന്തരം പ്രാപിച്ച് മലയാളത്തിന് ലഭിച്ചതാണ് ചക്ക എന്ന് പലരും കരുതിപ്പോരുന്നുണ്ട്.

പ്ലാവ് മനുഷ്യകുലത്തിനു തരുന്ന അമൂല്യമായ ഒരു ഫലമാണ് ചക്ക. ‘പുരനിറയെ പിള്ളേരും പ്ലാവുനിറയെ ചക്കേം’ എന്നൊരു ചൊല്ലുണ്ട്. ആ ചൊല്ലിന് രണ്ട് അർത്ഥതലങ്ങളാണുള്ളത്. പുരയിൽ എത്ര കുഞ്ഞുങ്ങളുണ്ടായാലും അവരുടെ വയറുനിറയാൻ തൊടിയിലെ പ്ലാവു മതിയെന്നും ചക്ക തിന്നാൽ വന്ധ്യത ഉണ്ടാകില്ലെന്നുമുള്ള ധ്വനികളാണിവ.

ആഹാരം കഴിച്ചിട്ട് ഇടയ്ക്ക് ചക്ക ഭക്ഷിച്ചാൽ ഗ്യാസുണ്ടാകും. ചക്കപ്പഴമായാലും വേവിച്ചതായാലും അതുമാത്രം ഒരു നേരത്തെ ആഹാരമാക്കിയാൽ ഒരിക്കലും ഗ്യാസ് ഉണ്ടാകുകയില്ല. ചക്ക കഴിച്ച് വയറിന് അജീർണവും അസ്വസ്ഥതയുമുണ്ടായാൽ ചുക്ക് സേവിച്ചാൽ മതി. ചക്കയ്ക്ക് ചുക്ക് ഔഷധം എന്നൊരു ശാസ്ത്രവിധി തന്നെയുണ്ട്. ധാരാളം പോഷകങ്ങളും നാരുമടങ്ങിയ ചക്കപ്പഴവും ചക്കക്കുരുവും പഴമായും പച്ചക്കറിയായും കഴിക്കുന്നത് പല ഉദരരോഗങ്ങൾക്കും പ്രതിവിധിയാണ്. കാരറ്റിലുള്ളതിന്റെ പത്തിരട്ടി വിറ്റാമിൻ എയുടെ പൂർവരൂപമായ ബീറ്റാകരോട്ടിൻ അടങ്ങിയിട്ടുള്ള ചക്കയിലെ ഫൈറ്റോന്യൂട്രിയന്റ്സിന് അർബുദത്തെ പ്രതിരോധിക്കാനുള്ള പ്രാപ്തിയുമുണ്ട്.

ചക്ക ഉപയോഗിച്ച് നിർമ്മിക്കുന്ന വിവിധ ഭക്ഷണപദാർത്ഥങ്ങൾക്ക് വലിയ മതിപ്പ് ഉള്ളതായി കണ്ടിട്ടുണ്ട്. ചക്കവരട്ടി, ഇടിച്ചക്ക



അച്ചാർ, കട്‌ലറ്റ്, പപ്പടം, ബജി, സൂപ്പ്, സ്ക്വാഷ്, ഹൽവ, പേട, ജാം, ജെല്ലി, സിപ്അപ്, കാൻഡി, കേക്ക്, വൈൻ, ചോക്കലേറ്റ്, ഉണ്ണിയപ്പം, ചിപ്സ് അങ്ങനെ നൂറിൽപ്പരം വിഭവങ്ങൾ ചക്കയിൽനിന്നുണ്ടാക്കാം. പോഷകപ്രദമായ നല്ലൊരു ആഹാരമെന്ന നിലയിൽ ചക്കയ്ക്ക് ഭക്ഷണമേശകളിൽ കൂടുതൽ സ്വീകാര്യത കൈവരണം. ഹോർമോൺ ബോംബായ കോഴിമുട്ടയ്ക്കും വിഷദ്രാവകങ്ങളിൽ മുങ്ങിക്കുളിച്ച ആപ്പിളിനും മുന്തിരിയ്ക്കും പകരമായി ചക്കപ്പഴത്തെ നമുക്ക് ഉപയോഗിക്കാം.

വിശിഷ്ടഭോജ്യവസ്തു എന്നതിലുപരി ചക്ക ഔഷധവും പോഷകങ്ങളുടെ കലവറയുമാണ്. പഴവർഗ്ഗത്രിമൂർത്തികളിൽ ഒന്ന് എന്ന് പ്രസിദ്ധമായ ചക്കപ്പഴത്തിലെ 100 ഗ്രാം തൂക്കം വരുന്ന വിളഞ്ഞ ചുളയിൽ 98 കലോറി ഊർജ്ജം അടങ്ങിയിരിക്കുന്നു. മറ്റുള്ളവ ഇപ്രകാരമാണ്.

| | | |
|---|---|---|
| ജലാംശം | - | 72.0 - 77.2 ഗ്രാം |
| പ്രോട്ടീൻ | - | 1.3 - 1.9 ഗ്രാം |
| കൊഴുപ്പ് | - | 0.1 - 0.3 ഗ്രാം |
| അന്നജം | - | 18.9 - 25.4 ഗ്രാം |
| നാര് | - | 1.0 - 1.1 ഗ്രാം |
| കാൽസ്യം | - | 22 മില്ലിഗ്രാം |
| ഫോസ്ഫറസ് | - | 38 മില്ലിഗ്രാം |
| ഇരുമ്പ് | - | 0.5 മില്ലിഗ്രാം |
| സോഡിയം | - | 2 മില്ലിഗ്രാം |
| പൊട്ടാസ്യം | - | 407 മില്ലിഗ്രാം |
| വിറ്റാമിൻ എ | - | 540 ഐ.യു |
| വിറ്റാമിൻ ബി1 | - | 0.03 മില്ലിഗ്രാം |
| വിറ്റാമിൻ ബി | - | 2 - 4 മില്ലിഗ്രാം |
| വിറ്റാമിൻ സി | - | 8 - 10 മില്ലിഗ്രാം |

ചക്കയിലെ ജീവകം സി രോഗപ്രതിരോധശേഷി നൽകുന്നു. മാംഗനീസ് രക്തത്തിലെ പഞ്ചസാരയിലെ അളവ് ക്രമീകരിക്കുന്നു. മഗ്നീഷ്യം എല്ലുകളിലെ കാത്സ്യത്തിന്റെ ആഗിരണത്തെ സഹായിക്കുന്നു. പൊട്ടാസ്യം രക്തസമ്മർദ്ദം കുറയ്ക്കുന്നു. നാരുകൾ മലബന്ധം കുറയ്ക്കാൻ സഹായിക്കുന്നു. ജീവകം എ നിശാന്ധത കുറയ്ക്കുന്നു. ജീവകം ബി6 രക്തത്തിലെ അപകടകാരികളായ ഹോർമോസിസ്റ്ററിന്റെ അളവ് കുറയ്ക്കുന്നതിനാൽ ഹൃദ്രോഗസാധ്യത കുറയുന്നു. ഇരുമ്പ് വിളർച്ച തടയുന്നു. അൾസർ തടയാൻ ശേഷിയുള്ളതാണ് ചക്ക. ശരീരകലകളുടെ നാശം തടഞ്ഞ് വാർദ്ധക്യത്തെ അകറ്റിനിർത്താനും ചക്കയ്ക്ക് കഴിയും.

ലളിതമായ ശാസ്ത്രീയ മാർഗ്ഗത്തിലൂടെ ചക്ക കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുകയാണെങ്കിൽ പോഷകസമ്പുഷ്ടമായ ഈ പ്രകൃതിവിഭവത്തിന്റെ നാശനഷ്ടം ഒഴിവാക്കുന്നതിനും 365 ദിവസവും അതിൽ നിന്ന് വിവിധ തരത്തിലുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനും സാധിക്കും.

ആയുർവേദം ഭാവപ്രകാശ് ആമ്രാദിഫലവർഗ്ഗത്തിൽ ചക്കയിലെ ഗുണങ്ങളെ ഇങ്ങനെ പ്രതിപാദിക്കുന്നു.

പനസം ശീതളം പക്വം സ്നിഗ്ധം പിത്താനിലാപഹം

തർപ്പണം ബൃഹണം സ്വദു മാംസളം ശ്ലേഷ്മളം ഭൃശം

ആമം തദേവ വിഷ്ടാംഭി വാതളം തുവരം ഗുരും

ദാഹകൃത് മധുരം ബല്യം കഫമേദോവി വർദ്ധിതം

പിത്തം, വാതം, രക്തദോഷം, രക്തപിത്തം, ക്ഷതം, വ്രണം, ചുട്ടുനീറ്റൽ എന്നിവയെല്ലാം ശമിപ്പിക്കുന്നു. ദേഹത്തെ തടിപ്പിക്കും രുചിയു



ണ്ടാക്കും. ശുക്ലത്തെ പെരുപ്പിക്കും. മദ്ധ്യപ്രായമായ ചക്ക ഉപ്പ് മുതലായവ ചേർത്ത് പാകം ചെയ്തുകഴിച്ചാൽ മുഖശുദ്ധിയും ഉന്മേഷവും ഉണ്ടാകുന്നതും സർവോപരി ജഠരാഗ്നിയെ വർദ്ധിപ്പിക്കുന്നതുമാണ്.

ഫ്രാൻസിലെ മോ പെല്ലർ സർവ്വകലാശാലയിലെ മൈക്രോബയോളജി വിഭാഗം ശാസ്ത്രജ്ഞനായ 'ഴാഫവോറോ' ചക്കകളിൽ ജാകലിൻ എന്ന പദാർത്ഥം അടങ്ങിയിട്ടുള്ളതായി കണ്ടുപിടിച്ചു.ജാകലിൻ വൈറസുകളെ നശിപ്പിക്കുന്നതായും തെളിഞ്ഞു. അതിനെതുടർന്ന് അമേരിക്കയിലെ ഇല്ലിനോയ്സ് സർവ്വകലാശാലയിലെ കോളേജ് ഓഫ് സെൻട്രിസ്റ്റിയിൽ നടന്ന പഠനത്തിൽ എയ്ഡ്സിനെ പ്രതിരോധിക്കാൻ ചക്കപ്പഴത്തിലെ ജാകലിൻ പദാർത്ഥത്തിന് കഴിയുമെന്ന് തെളിയുകയും ചെയ്തു.

മനുഷ്യശരീരത്തിലെ ആരോഗ്യമുള്ള ലിംഫോസൈറ്റുകളെ സംരക്ഷിക്കാൻ ജാകലിൻ പദാർത്ഥം വളരെ ഫലപ്രദമാണ്. ഈ വഴിക്കുള്ള ഗവേഷണങ്ങളെല്ലാം പൂർണ്ണമായും വിജയിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടുതന്നെ അനതിവിദൂരമായ ഭാവിയിൽ നാം പുച്ഛത്തോടെ പുറംകാലുകൊണ്ടു തട്ടിയകറ്റുന്ന ചക്ക 'ഗ്ലോബൽ ഫ്രൂട്ട്' എന്ന നിലയിലേയ്ക്ക് ഉയർന്നുവരുമെന്ന കാര്യത്തിൽ ഒട്ടും സംശയം വേണ്ട.

രക്തസമ്മർദ്ദത്തിനും ഉദരരോഗങ്ങൾക്കും മലബന്ധത്തിനുമെല്ലാം പ്രതിവിധി നാരോടുകൂടിയ ഭക്ഷ്യവസ്തുവായ ചക്കതന്നെയാണ്. ആയുസ്സ് വർദ്ധിപ്പിക്കുന്നതിനും ത്വക്കിന് ആകർഷണീയത ലഭിക്കുവാനും മൂലക്കുരു ഭേദമാക്കുന്നതിനും ചക്കപ്പഴം വളരെ നല്ലതാണ്. ചക്കയുടെ മടലിൽ പോഷകസമൃദ്ധമായ 'പെക്ടിൻ' അടങ്ങിയിട്ടുണ്ട്. ഇത് ജെല്ലി എന്ന രുചികരമായ വിഭവം തയ്യാറാക്കാൻ ഉതകുന്നതാണ്.

## ചക്കക്കുരു

100 ഗ്രാം ചക്കക്കുരുവിൽ നിന്ന് 133 കലോറി ഊർജ്ജമാണ് ലഭിക്കുക. ഇതിൽ മാംസ്യം, അന്നജം, ഇരുമ്പ്, കൊഴുപ്പ്, സോഡിയം, പൊട്ടാസ്യം തുടങ്ങിയവ ചുളയിലേതിനേക്കാൾ വർദ്ധിച്ച തോതിൽ അടങ്ങിയിരിക്കുന്നു. മുട്ടയ്ക്ക് തുല്യമായ രീതിയിൽ പ്രോട്ടീൻ അടങ്ങിയിട്ടുള്ള ചക്കക്കുരുവിൽ കൊഴുപ്പിന്റെ അംശം വളരെ കുറവാണ്. കൊളസ്ട്രോൾ പോലുള്ള ജീവിതശൈലീ രോഗങ്ങൾ വ്യാപകമാകുന്ന ഇക്കാലത്ത് ഇത്രയും ഗുണങ്ങളുള്ള ചക്കക്കുരു നാം പാഴാക്കരുത്.

ചക്കക്കുരുവിൽ ക്യാൻസർ പോലുള്ള രോഗത്തെ പ്രതിരോധിക്കുന്ന ഘടകങ്ങളുണ്ടെന്ന് പഠനങ്ങളിൽ കണ്ടെത്തിയത് പ്രത്യേകം ഓർക്കേണ്ടതുണ്ട്. ചക്കക്കുരുവിന്റെ ഔഷധവീര്യം ലോകജനശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞു. ശരാശരി 100 ഗ്രാം ചക്കക്കുരുവിൽ അടങ്ങിയിട്ടുള്ള ഘടകങ്ങളും അളവും ഇപ്രകാരമാണ്:

| | | |
|---|---|---|
| ജലാംശം | – | 51.6 – 57.77 ഗ്രാം |
| പ്രോട്ടീൻ | – | 6.6 ഗ്രാം |
| കൊഴുപ്പ് | – | 0.4 ഗ്രാം |
| അന്നജം | – | 38.4 ഗ്രാം |
| നാര് | – | 1.5 ഗ്രാം |
| ആഷ് | – | 1.25 – 1.5 ഗ്രാം |
| കാൽസ്യം | – | 0.05 – 0.55 മില്ലിഗ്രാം |
| ഫോസ്ഫറസ് | – | 0.13 – 0.23 മില്ലിഗ്രാം |

നൂറു ഗ്രാം വറുത്ത ഉണക്കിയ ചക്കക്കുരുവിന്റെ ഘടകങ്ങൾ ശതമാനക്കണക്ക് ഇങ്ങനെയാണ്:

| | | |
|---|---|---|
| ആഷ് | – | 2.96% |
| കാൽസ്യം | – | 0.13% |
| ഫോസ്ഫറസ് | – | 0.54% |
| ഇരുമ്പ് | – | 0.005% |



**മഞ്ഞപ്പിത്തം മാറിക്കിട്ടുന്നതിന് പഴുത്ത പ്ലാവിലഞെട്ടും ജീരകവും കഷായം വച്ചു സേവിച്ചാൽ മതി. പല്ലുവേദനയുള്ളവർ പഴുക്കപ്ലാവില ചവച്ചരച്ച് പല്ലുതേയ്ക്കുക. മോണയ്ക്ക് ദൃഢതയുണ്ടാകും. വേദന മാറിക്കിട്ടും**

കുരു കറിവയ്ക്കുമ്പോൾ അതിന്റെ മുകളിൽ ഒട്ടിച്ചേർന്നിരിക്കുന്ന തവിട്ടുനിറത്തിലുള്ള ആവരണം കത്തികൊണ്ട് ചുരണ്ടിക്കളയരുത്. ധാരാളം ഔഷധമൂല്യങ്ങൾ അതിൽ അടങ്ങിയിട്ടുണ്ട്.

ചക്കക്കുരു നന്നായി ഉണക്കിയെടുത്ത് പൊടിയാക്കി കഴിച്ചാൽ ചുണങ്ങ്, വട്ടച്ചൊറി, പുഴുക്കടി എന്നിവ മാത്രമല്ല കുഷ്ഠം, ത്വക്ക്, ക്യാൻസർ മുതലായ ത്വക്ക് രോഗങ്ങളെയും അകറ്റിനിർത്തും.

## പ്ലാവില

പച്ചപ്ലാവില കാലിത്തീറ്റയായി മാറുമ്പോൾ പഴുത്ത പ്ലാവിലയും ഞെട്ടും ആയുർവേദ ചികിത്സയിൽ ഉപയോഗിച്ചുപോരുന്നു.

സ്ത്രീകൾ വീട്ടിൽതന്നെ പ്രസവിച്ചിരുന്ന പഴയകാലത്ത് പ്രസവശേഷം മറുപിള്ള വീഴാൻ ഗ്രാമീണ വയറ്റാട്ടിമാർ സൂര്യപ്രകാശം നേരിട്ടുതട്ടാതെ വാട്ടിയുണക്കിയ പ്ലാവിലഞെട്ട് പൊടിച്ചെടുത്ത് എള്ളെണ്ണയിൽ കൽക്കണ്ടം ചേർത്ത് സേവിക്കാൻ കൊടുക്കുമായിരുന്നു.

പഴുത്തപ്ലാവില വെള്ളത്തിലിട്ട് വെട്ടിത്തിളപ്പിച്ച് സഹിക്കാവുന്ന ചൂടിൽ കുളിച്ചാൽ പുറംവേദന, ശരീരവേദന എന്നിവയ്ക്കെല്ലാം ശമനം കിട്ടും. ക്ഷീണം മാറും. നല്ല ഉറക്കം ലഭിക്കും.

മഞ്ഞപ്പിത്തം മാറിക്കിട്ടുന്നതിന് പഴുത്ത പ്ലാവിലഞെട്ടും ജീരകവും കഷായം വച്ചു സേവിച്ചാൽ മതി. പല്ലുവേദനയുള്ളവർ പഴുക്കപ്ലാവില ചവച്ചരച്ച് പല്ലുതേയ്ക്കുക. മോണയ്ക്ക് ദൃഢതയുണ്ടാകും. വേദന മാറിക്കിട്ടും.

പരുത്തിക്കുരുവിന്റെ കായ ഒരെണ്ണം പഴുത്ത പ്ലാവിലയിൽ പൊതിഞ്ഞ് ചുട്ടെടുത്തതിനുശേഷം പിഴിഞ്ഞ് നീരെടുത്ത് സഹിക്കാവുന്ന ചൂടോടെ ഒന്നുരണ്ടു തുള്ളി ചെവിയിലൊഴിച്ചാൽ ചെവിവേദനയ്ക്ക് ശമനമുണ്ടാകുന്നതാണ്.

പ്ലാവില, പ്ലാവിൻപട്ട, തടി, വേര് എന്നിവയെക്കുറിച്ച് ഇനിയുമുണ്ട് പറയാൻ നൂറിലേറെ ഗുണങ്ങൾ. പ്ലാവ് ഭക്ഷണം തരും, തണൽ തരും, നല്ല തടിയും തരും.

ചക്ക പഴുത്ത് താഴെവീണ് പൊട്ടിച്ചിതറി ശല്യമായി മാറുന്നു. ഇലകൾ വീണ് പരിസരമെല്ലാം വൃത്തികേടാക്കുന്നു എന്നെല്ലാം വിലപിക്കുന്നവരോടും പ്ലാവ് വെട്ടിക്കളയുവാൻ തയ്യാറെടുക്കുന്നവരോടും ഉത്തമവൃക്ഷമാണ് പ്ലാവെന്നും കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിച്ച് പട്ടിണിയിൽ നിന്നും നമ്മെയും വരുംതലമുറയെയും രക്ഷിക്കുമെന്ന സത്യം പറയാൻ ഇനിയും വൈകരുത്. ഈ ദേവവൃക്ഷത്തെ സംരക്ഷിക്കുമെന്നും പ്ലാവിന്റെയും ചക്കയുടെയും ചക്കക്കുരുവിന്റെയും പ്ലാവിലയുടെയും... ഗുണങ്ങളും പ്രാധാന്യവും ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുമെന്നും നമുക്ക് പ്രതിജ്ഞയെടുക്കാം.

ചക്ക പഴം മാത്രമല്ല, പച്ചക്കറിയുമാണ്.

"ചക്ക കഴിക്കൂ... ആരോഗ്യം സംരക്ഷിക്കൂ..."

**ഡോ.ബി. പത്മകുമാർ**

# ജീവിതശൈലീ രോഗ നിയന്ത്രണത്തിന് ചക്കയും ചക്ക വിഭവങ്ങളും



നമ്മുടെ ശരീരത്തിന് ഏറ്റവും ആവശ്യമായ ജീവകങ്ങളും മൂലകങ്ങളും നാരുകളും കൊണ്ട് പോഷണസമ്പന്നമായ ഒരു നാടൻ ഫലമാണ് ചക്ക. പ്രമേഹവും അമിത കൊളസ്ട്രോളും ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങൾ വ്യാപകമായ സാഹചര്യത്തിൽ ഫാസ്റ്റ്ഫുഡ് വിഭവങ്ങൾ ഒഴിവാക്കി പോഷകമൂല്യമേറെയുള്ള ചക്കപോലെയുള്ള നാടൻ ഭക്ഷണ വിഭവങ്ങളിലേയ്ക്ക് മടങ്ങേണ്ടതുണ്ട്.

ചക്കയിൽ ജീവകം എയും സിയും സമൃദ്ധമായി അടങ്ങിയിരിക്കുന്നു. ഈ ജീവകങ്ങൾ ആന്റി ഓക്സിഡന്റുകൾ കൂടിയാണ്. രക്തധമനിയുടെ ജരാവസ്ഥയക്കും കാൻസറിനും വാർദ്ധക്യത്തിനുപോലും കാരണമാകാവുന്ന സ്വതന്ത്രകണികകളായ ഫ്രീറാഡിക്കലുകളെ ഇവ നിർവീര്യമാക്കുന്നു. കൂടാതെ ചക്കയിലടങ്ങിയിരിക്കുന്ന പൊട്ടാസ്യം പോലെയുള്ള മൂലകങ്ങൾ ഹൃദയാരോഗ്യത്തിനും നല്ലതാണ്.

പാകമായ ചക്കയിൽ ദഹനപ്രക്രിയയ്ക്ക് വഴങ്ങാത്ത നാരുകൾ (ഫൈബർ) നന്നായി അടങ്ങിയിരിക്കുന്നു. ചക്കക്കുരുവിൽ 11.1ഗ്രാമും ചക്കപഴത്തിൽ 2.6ഗ്രാമും (100 ഗ്രാം) നാരുകളാണ് അടങ്ങിയിട്ടുള്ളത്. ഈ നാരുകളുടെ മറ്റൊരു സവിശേഷത ഇവയിലേറെയും (60%) ജലത്തിൽ ലയിച്ചുചേരാത്ത തരത്തിലുള്ളതാണെന്നതാണ്. ഈ നാരുകൾ ഭക്ഷണത്തിലെ ഗ്ലൂക്കോസിന്റെയും കൊഴുപ്പിന്റെയും ആഗിരണത്തെ തടയുന്നു. ഈ പ്രത്യേകത പ്രമേഹ നിയന്ത്രണത്തിനും അമിത കൊളസ്ട്രോളിന്റെ നിയന്ത്രണത്തിനും ഉപകരിക്കുന്നു. കൂടാതെ വൻകുടലിലെ അർബുദത്തിന് കാരണമാകാവുന്ന കാർസിനോജനുകളെ പുറന്തള്ളാനും നാരുകൾ സഹായിക്കുന്നു.

പ്രമേഹരോഗികളിൽ നടത്തിയ നിരവധി പഠനങ്ങൾ തെളിയിച്ചിരിക്കുന്നത് പാകമായ ചക്ക ഉപയോഗിച്ച് തയ്യാറാക്കുന്ന പുഴുക്കുപോലെയുള്ള വിഭവങ്ങൾ കഴിക്കുന്നവരിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് താഴുന്നുവെന്നതാണ്. ചക്കയുടെ താരതമ്യേന കുറഞ്ഞ ഗ്ലൈസീമിക് ഇൻഡക്സാണ് ഈ പ്രതിഭാസത്തിന് കാരണം. ചക്കയിൽ അടങ്ങിയിരിക്കുന്ന ഗ്ലൂക്കോസിൽ 30 ശതമാനവും വളരെ സാവധാനം മാത്രമാണ് രക്തത്തിൽ കലരുന്നത്. കൂടാതെ ചക്കയിലെ സമൃദ്ധമായ നാരിന്റെ അളവും ചക്കക്കുരുവിലടങ്ങിയിരിക്കുന്ന ദഹനത്തിന് വഴങ്ങാത്ത അന്നജവുമാണ് കുറഞ്ഞ ഗ്ലൈസീമിക് ഇൻഡക്സിന്റെ മറ്റ് കാരണങ്ങൾ

പൊതുവേ നമ്മുടെ സമൂഹത്തിലുള്ള ഒരു ധാരണ ചക്ക പ്രമേഹരോഗികൾക്ക് അനുയോജ്യമല്ല എന്നാണ്. എന്നാൽ പഴുക്കാത്ത പാകമായ ചക്ക ഉപയോഗിക്കുന്നത് പ്രമേഹമുള്ളവർക്ക് പലതരത്തിൽ ഗുണകരമാവുകയാണ് ചെയ്യുന്നത്. ചക്കയിലെ നാരുകൾ ഭക്ഷണത്തിലെ ഷുഗറിന്റെ ആഗിരണത്തെ നിയന്ത്രിക്കുന്നത് കൂടാതെ പ്രമേഹ രോഗികളിൽ സാധാരണയായി കണ്ടുവരുന്ന മലബന്ധത്തിനും പരിഹാരമാണ്. ചക്ക വിഭവങ്ങൾ കഴിക്കുന്നവരിൽ വയർ നിറഞ്ഞതു പോലെയുള്ള സംതൃപ്തി രണ്ടുമണിക്കൂറിലേറെ നീണ്ടു നിൽക്കുമെന്നും പഠനങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ഇത് പ്രമേഹരോഗികളിലെ അമിത വിശപ്പിനും പരിഹാരമാകും. കൂടാതെ ചക്കയിലടങ്ങിയിരിക്കുന്ന ആന്റി ഓക്സിഡന്റ് ശേഷിയുള്ള ജീവകങ്ങൾ പ്രമേഹസങ്കീർണ്ണതകളെ പ്രതിരോധിക്കുന്നതിനും സഹായകരമാണ്.

ചക്കയുടെ ഔഷധഗുണങ്ങൾ സംബന്ധിച്ച് പഠനങ്ങളേറെയും നടന്നിട്ടുള്ളത് ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങളിലാണ്. പ്രദേശികമായ പഠനങ്ങളിലൂടെ ചക്കയുടെ ഉപയോഗം നമ്മുടെ സമൂഹത്തിൽ എത്രമാത്രം പ്രയോജനപ്രദമാണെന്ന് തെളിയിക്കപ്പെടേണ്ടിയിരിക്കുന്നു.

**മംഗലാപുരം ഷാഫി**

# ഇതര സംസ്ഥാനതൊഴിലാളി സൗഹൃദ പഞ്ചായത്തായി മംഗലാപുരം ഗ്രാമപഞ്ചായത്ത്

ഇതര സംസ്ഥാന തൊഴിലാളികളെ പലതരത്തിൽ വീക്ഷിക്കുന്ന പശ്ചാത്തലത്തിൽ മംഗലാപുരം ഗ്രാമ പഞ്ചായത്ത് തൊഴിലാളി സൗഹൃദപഞ്ചായത്തായി മാറുന്നു. അന്യദേശ തൊഴിലാളികളായി വിവിധ രാജ്യങ്ങളിൽ ജോലി ചെയ്ത, ഇപ്പോഴും ജോലിചെയ്തു വരുന്ന ഭൂരിപക്ഷം വരുന്ന മലയാളികളുടെ തിരിച്ചറിവാണ് ഗ്രാമപഞ്ചായത്തിന് വഴിയായത്. അന്യദേശ തൊഴിലാളികളായി മാറിയതിനാലാണ് ഇന്നത്തെ കേരളം ഇങ്ങനെ വാർത്തെടുക്കാനായത്. അന്യ രാജ്യങ്ങളിൽ തൊഴിൽ ഉടമകളിൽ നിന്നും ലേബർ ക്യാമ്പുകളിലും മലയാളികൾക്ക് നിരവധി പീഡനങ്ങളുടെ കഥ പറയാനുണ്ടാകും.

ഇന്നത്തെ കേരളത്തിന്റെ നിർമ്മാണ മേഖലയിൽ വികസനത്തിന് ഇതര സംസ്ഥാന തൊഴിലാളികളുടെ പങ്ക് വിലമതിക്കാനാകാത്തതാണ്. നിർമ്മാണ മേഘലയിൽ മാത്രമല്ല വ്യാപാര വ്യവസായ മേഖലകളിലും പണിയെടുക്കാൻ അവരെ ആശ്രയിക്കേണ്ട അവസ്ഥയാണ് കേരളത്തിൽ നിലനിൽക്കുന്നത്.

കേരളത്തിന്റെ ഗ്രാമങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഗ്രാമങ്ങളിൽ അവരെ പാർപ്പിക്കാൻ വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാതിരിക്കുകയും ചില തൊഴിൽ ഉടമകൾ അവരെ ചൂഷണത്തിന് വിധേയരാക്കുകയും ചെയ്തുവരുന്നതിനാൽ ഇതര സംസ്ഥാന തൊഴിലാളികൾ ബുദ്ധിമുട്ടുകൾ അനുഭവിച്ചു വരുന്നുണ്ട്.

തലസ്ഥാനത്തെ ടെക്നോപാർക്കും ടെക്നോസിറ്റിയും വരുന്ന പ്രദേശങ്ങളിൽ വളരെ വെല്ലുവിളികൾ ഇക്കാരണങ്ങളാൽ ഗ്രാമ പഞ്ചായത്തുകൾക്ക് നേരിടേണ്ടി വരും. ടെക്നോസിറ്റി വരുന്ന മംഗലാപുരം ഗ്രാമപഞ്ചായത്തിൽ ആയിരത്തോളം ഇതരസംസ്ഥാന തൊഴിലാളികൾ തൊഴിൽ തേടി എത്തിയിട്ടുണ്ട്.

ജിഷാ വധം ഉൾപ്പെടെയുള്ള സങ്കീർണ്ണമായ അവസ്ഥയിൽ ക്രിമിനലുകളായവരും ഇവിടെ എത്തിചേർന്നിട്ടുണ്ടാകാനുള്ള സാധ്യത തള്ളിക്കളയാൻ പറ്റില്ല. അത്തരം വിഷയങ്ങളെ കൂട്ടിയിണക്കിയാണ് മംഗലാപുരം ഗ്രാമപഞ്ചായത്ത് ഒരു പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

ഇതര സംസ്ഥാന തൊഴിലാളികൾക്ക് വാടകയ്ക്ക് വീടു നൽകുന്ന ഉടമകളും, ഷോപ്പുകൾ ഉൾപ്പെടെയുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യിപ്പിക്കുന്ന ഉടമകളും, നിർമ്മാണ തൊഴിലാളികളെ കൊണ്ട് തൊഴിൽ ചെയ്യിപ്പിക്കുന്ന ഉടമകളും ജൂലൈ 15നു നകം തൊഴിലാളികളുടെ ഐഡി പ്രൂഫു സഹിതം പഞ്ചായത്തിൽ വിവരം അറിയിക്കണം. വീഴ്ച വരുത്തുന്ന ഉടമകൾക്കെതിരെ പിഴ അടക്കമുള്ള കർശന നടപടികൾ സ്വീകരിക്കാൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഈ വിവര ശേഖരണം പഞ്ചായത്ത് പോലീസിനു കൈമാറും.

10 ൽ കൂടുതൽ പേർ താമസിക്കുന്ന സ്ഥലങ്ങൾ ലേബർ ക്യാമ്പാക്കി കണക്കാക്കി തൊഴിൽ വകുപ്പിനെ വിവരം അറിയിച്ചു നടപടികൾ കൈക്കൊള്ളും. 10 ൽ കൂടുതൽ പേർ ഉള്ള സ്ഥലത്ത് 1/10 എന്ന അനുപാതത്തിൽ നിർബന്ധമായും കക്കൂസ് ഉണ്ടായിരിക്കണം.

തൊഴിലാളികൾക്ക് 6 മാസത്തിലൊരിക്കൽ താമസ സ്ഥലങ്ങളിലെ പ്രാഥമാകാരോഗ്യകേന്ദ്രത്തിന്റെ നേതൃത്വത്തിൽ മെഡിക്കൽ പരിശോധന നടത്തണം. മാസത്തിൽ ഒരിക്കൽ താമസസ്ഥലങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധന നടത്തണം.

ഇതര സംസ്ഥാന തൊഴിലാളികൾക്കായി LDF സർക്കാർ നടപ്പാക്കിയ കുടിയേറ്റ തൊഴിലാളി ക്ഷേമ നിധിയിൽ അംഗത്വം എടുപ്പിക്കാൻ അവരെ ബോധവൽക്കരിക്കും. അതിനായി ഹിന്ദി, തമിഴ് ഭാഷകളിൽ പ്രധാന കേന്ദ്രങ്ങളിൽ ബോർഡു സ്ഥാപിക്കും.

തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും തൊഴിൽ സ്ഥലങ്ങളിൽ അവർക്കുണ്ടാകുന്ന പീഡനങ്ങൾ പരിഹരിക്കാനും പഞ്ചായത്തിൽ 'കർമ്മ സേവാ കേന്ദ്ര' എന്ന പേരിൽ പരാതി സെൽ രൂപീകരിക്കും. ഇതര സംസ്ഥാന തൊഴിലാളികളുടെ കലയും കായികവുമായ വികസ്സനങ്ങൾക്കായി എല്ലാ വർഷവും "രംഗോലി" എന്ന പേരിൽ മത്സരങ്ങൾ ഉൾപ്പെടെയുള്ള ഉത്സവം നടത്തും.

വ്യക്തമായ രേഖകൾ ഇല്ലാത്ത ഒരു ഇതരസംസ്ഥാന തൊഴിലാളിയെയും ഗ്രാമപഞ്ചായത്തിൽ താമസിക്കാൻ അനുവദിക്കില്ല.

# ഉറവിട മാലിന്യസംസ്ക്കരണം മാതൃകയായി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി



ജ്യോതിഷ് മണാശ്ശേരി

ഫലപ്രദമായ ഗൃഹകേന്ദ്രീകൃത മാലിന്യസംസ്ക്കരണം കണ്ടു പഠിക്കണോ?

മലപ്പുറം വളാഞ്ചേരിയിലെ 'ഗസലി'ലേക്ക് ചെല്ലൂ. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി ഡോ. കെ.ടി. ജലീലിന്റെ വസതിയായ അവിടെ മൂന്ന് എം. ക്യൂബ് ശേഷിയുള്ള ബയോഗ്യാസ് പ്ലാൻറുണ്ട്. മന്ത്രിയും കുടുംബവും സന്തോഷത്തോടെ അതിന്റെ പ്രവർത്തനം പരിചയപ്പെടുത്തും. ബയോഗ്യാസ് പ്ലാൻറിന്റെ ചിത്രീകരണത്തിനായി അധികം മുന്നൊരുക്കങ്ങളൊന്നുമില്ലാതെ മലപ്പുറം ജില്ലാ ശുചിത്വമിഷന്റെ ഔദ്യോഗികസംഘം അവിടെയെത്തിയപ്പോൾ ഇക്കാര്യം നേരിട്ട് ബോധ്യപ്പെട്ടു.

മന്ത്രിയായശേഷമല്ല അദ്ദേഹം ഈ പ്ലാൻറ് സ്ഥാപിച്ചത്. കുറ്റിപ്പുറം നിയമസഭാ മണ്ഡലത്തിൽ നിന്ന് 2006ൽ കന്നിവിജയം നേടി എം.എൽ.എ. ആയ സമയത്ത്, തന്റെ മണ്ഡലത്തിലെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി വിപുലമായ ഒരു യോഗം അദ്ദേഹം വിളിച്ചു ചേർത്തിരുന്നു. ജൈവമാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്ക്കരണത്തിന് ഏറ്റവും മികച്ച സംവിധാനങ്ങളി ലൊന്ന് ബയോഗ്യാസ് പ്ലാൻറാണെന്ന് പ്രസ്തുതയോഗത്തിൽ പങ്കെടുത്ത വിഷയവിദഗ്ദ്ധരിൽ നിന്ന് മന്ത്രിയ്ക്ക് ബോധ്യപ്പെട്ടു. അത് സ്വന്തം വീട്ടിൽ പ്രാവർത്തികമാക്കാൻ തീരുമാനിച്ചാണ് അന്നദ്ദേഹം മടങ്ങിയത്. വീട്ടിൽ വിഷയമവതരിപ്പിച്ചപ്പോൾ ശാസ്ത്രാധ്യാപികയായ ഭാര്യയ്ക്കും കുട്ടികൾക്കും ഉത്സാഹമേറി.

തൊട്ടടുത്ത ദിവസം തന്നെ ശുചിത്വമിഷന്റെ അംഗീകൃത സേവനദാതാവായ കാടാമ്പുഴയിലെ ദീപം ബയോഗ്യാസ് ഏജൻസിയെ ജോലിയേൽപ്പിച്ചു. മൂന്ന് എം. ക്യൂബിന്റെ ദീനബന്ധു മോഡൽ പ്ലാൻറ് അവർ ഒരുക്കിക്കൊടുത്തു. ഇതിന് ഏകദേശം 35000 രൂപയാണ് ചെലവായത്. കൃഷിവകുപ്പിൽ നിന്ന് 8000 രൂപയുടെ സബ്സിഡിയും ലഭിച്ചു.



നാട്ടുകാരെക്കൂടി ഇതിന്റെ ഉപയോഗം പരിചയപ്പെടുത്താനും ബോധവൽക്കരിക്കാനുമാണ് ഇത്രയും വലിയ പ്ലാൻറ് സ്ഥാപിച്ചതെന്ന് മന്ത്രി പറഞ്ഞു. ഇതുകണ്ട് പ്രചോദിതരായ നാട്ടുകാരിൽ പലരും പിന്നീട് പ്ലാൻറ് നിർമ്മിച്ചത് അദ്ദേഹമോർത്തു. ഇതുവരെ യാതൊരു കുഴപ്പവും വീട്ടിലെ പ്ലാൻറിന് സംഭവിച്ചിട്ടില്ല എന്നും മന്ത്രി സാക്ഷ്യപ്പെടുത്തുന്നു.

അനുവദിച്ച സമയത്തിലും അൽപം നേരത്തെയാണ് ഞങ്ങൾ ഗസലിലെത്തിയത്. അപ്പോഴേക്കും ചെറിയാരാൾക്കൂട്ടം അവിടെ രൂപപ്പെട്ടിരുന്നു. ജനങ്ങൾക്ക് പൊതുജനസേവകരിലുള്ള പ്രതീക്ഷയും വിശ്വാസവും എത്രത്തോളം വലുതാണെന്ന് ബോധ്യപ്പെടാൻ ആ കാഴ്ച ധാരാളമായിരുന്നു. സംസ്ഥാനതലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് ചിത്രീകരണത്തിനായി പുറപ്പെടുമ്പോൾ ഗാർഹികോപയോഗത്തിനുള്ള ഒരു സാധാരണ പ്ലാൻറായിരുന്നു ഞങ്ങളവിടെ പ്രതീക്ഷിച്ചിരുന്നത്. മന്ത്രിയെ കാണാൻ ഊഴം കാത്തിരിക്കുന്നതിനിടയിലാണ് അവിടെ ഒരു മൂലയിൽ വച്ചിരുന്ന പച്ചക്കറി അവശിഷ്ടങ്ങളുടെയും കോഴിയവശിഷ്ടങ്ങളുടെയും ചാക്കുകൾ ശ്രദ്ധയിൽപ്പെട്ടത്. ആ വീട്ടിൽ നടന്ന വിരുന്നിന്റെയോ മറ്റോ അവശിഷ്ടങ്ങളായിരിക്കും അവ എന്നായിരുന്നു ആദ്യം കരുതിയത്. പ്ലാൻറിൽ നിക്ഷേപിക്കാൻ നാട്ടുകാർ കൊണ്ടുവന്ന ജൈവമാലിന്യങ്ങളായിരുന്നു അവ എന്ന് പിന്നീടാണ് മനസ്സിലായത്. മറ്റു പൊതുസേവനങ്ങൾക്കു പുറമെ മാലിന്യസംസ്ക്കരണസേവനം കൂടി നൽകുന്ന ഒരേയൊരു മന്ത്രിഗൃഹം ഒരു പക്ഷേ വളാഞ്ചേരിയിലെ ഗസൽ ആയിരിക്കും. അവിടെ ആദ്യമായെത്തുന്ന മറ്റാരെയും പോലെ ആ കാഴ്ച ഞങ്ങളെയും ആശ്ചര്യപ്പെടുത്തി.

അതിരാവിലെ മുതൽ നാനാവിധ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ വന്നവരുടെ തിരക്കിനിട യിലും ഒമ്പതുമണിയോടെ മന്ത്രി ചിത്രീകരണത്തിന് തയ്യാറായി വന്നു. തുടർന്ന് ചിത്രീകരണ വിഷയവും രീതിയും ആരാഞ്ഞു. പരസ്പരം പരിചയപ്പെടുത്തലും ഷൂട്ടിംഗ് ചർച്ചയും ഒരുമിച്ച് നടന്നു. ചിത്രീകരണത്തിൽ വരുന്ന പോരായ്മകൾക്ക് അധ്യാപകൻ കൂടിയായ മന്ത്രി തന്നെ പരിഹാരം നിർദ്ദേശിക്കണമെന്ന അഭ്യർത്ഥന യോടെ കരട് സ്ക്രിപ്റ്റ് ഞങ്ങൾ കൈമാറി.

കള്ളിമുണ്ടും ടീഷർട്ടും ധരിച്ച് തനിവീട്ടുകാരനായി മന്ത്രി ഭാര്യയോടൊപ്പം പതിവനുസരിച്ച് ബയോഗ്യാസ് പ്ലാൻറിനരികിലെത്തി. തലേദിവസത്തെ ഭക്ഷ്യാവശിഷ്ടങ്ങളും ചക്കമടലും മറ്റു ജൈവ മാലിന്യങ്ങളും അവർ ടാങ്കിൽ നിക്ഷേപിച്ചു. തിരക്കുണ്ടെങ്കിലും പരിസ്ഥിതി സംരക്ഷണവും മാലിന്യ നിർമ്മാർജ്ജനവും താൻ ഏറെ ഗൗരവത്തോടെ കാണുന്ന വിഷയങ്ങളാണെന്ന് മന്ത്രി പങ്കുവെച്ചു. ഞങ്ങളുടെ സ്ക്രിപ്റ്റിൽ മന്ത്രി തന്റെ സർഗാത്മകതയുടെ പൂമ്പൊടി വിതറിയപ്പോൾ കിടിലൻ സംഭാഷണമാണ് പിറവിയെടുത്തത്.

'മാലിന്യങ്ങൾ രണ്ടുതരമുണ്ട്. അഴുകുന്നവയും അഴുകാത്തവയും. അഴുകുന്ന മാലിന്യങ്ങൾ ഞങ്ങൾ ബയോഗ്യാസ് പ്ലാൻറിലിട്ട് ശാസ്ത്രീയമായി സംസ്ക്കരിക്കുന്നു. അഴുകാത്തവ വൃത്തിയാക്കി പാഴ് വസ്തു വ്യാപാരികൾക്ക് കൈമാറുന്നു. ഇത് കേവലമൊരു പരസ്യവാചകമല്ല. ഞങ്ങൾ വീട്ടിൽ ചെയ്തുവരുന്നതാണ്. നിങ്ങൾക്കും ചെയ്തുകൂടേ. ക്ലീൻകേരള.'

അധികം റീടേക്കുകൾ ആവശ്യം വന്നില്ല. സംഭാഷണം മമ്മൂട്ടിയെപ്പോലും വെല്ലുന്നതായെന്ന് ചുറ്റും കൂടി നിന്ന നാട്ടുകാർ! തുടർന്ന് ബയോഗ്യാസ് ഉപയോഗിച്ച് വെള്ളം തിളപ്പിക്കുന്നത് ടീച്ചർ ഞങ്ങൾക്ക് കാണിച്ചുതന്നു. ബയോഗ്യാസുള്ളതിനാൽ അപൂർവ്വമായി മാത്രമേ ഗ്യാസ് കാശു കൊടുത്തുവാങ്ങാറുള്ളുവെന്നും പ്ലാൻറിനായി ചെലവഴിച്ച കാശ് ഇതിനകം തന്നെ മുതലായെന്നും ടീച്ചർ പറഞ്ഞു. ജൈവമാലിന്യസംസ്ക്കരണത്തിനുള്ള ശാസ്ത്രീയവും ഫലപ്രദവുമായ മാർഗം പ്രാവർത്തികമാക്കാൻ കഴിഞ്ഞതിലെ സംതൃപ്തി ആ അധ്യാപക ദമ്പതികൾ മറച്ചുവെച്ചില്ല. തുടർന്ന് വീട്ടിൽ തരംതിരിച്ചുവച്ചിരുന്ന അജൈവ മാലിന്യം അവർ പാഴ് വസ്തുവ്യാപാരിയെ ഏൽപ്പിച്ചു. ഉറവിടത്തിൽ തന്നെ മാലിന്യം ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനുള്ള ഉത്തമ മാതൃകയ്ക്ക് മറ്റെങ്ങും അന്വേഷിച്ചുപോകേണ്ടതില്ലെന്ന് അവിടെ വന്ന നാട്ടുകാർക്കെല്ലാം ബോധ്യമായി. അജൈവമാലിന്യ

ങ്ങൾ എപ്രകാരമാണ് വൃത്തിയായി സൂക്ഷിച്ച് വെക്കേണ്ടതെന്ന് ടീച്ചർ ഞങ്ങൾക്ക് കാട്ടിത്തന്നു. എത്ര വൃത്തിയും കരുതലോടും കൂടിയാണ് അധ്യാപികയായ ആ വീട്ടമ്മ അവ തരംതിരിച്ച് വെച്ചിരിക്കുന്നത്! പാഴ് വസ്തുക്കൾ നിശ്ചിത ഇടവേളകളിൽ അവർ വ്യാപാരികൾക്ക് കൈമാറും. മണ്ണും പൊടിയും കലരാത്ത പാഴ് വസ്തുക്കൾ ലഭിക്കുന്ന അപൂർവ്വം വീടുകളിൽ ഒന്നാണ് ഗസൽ എന്ന് അന്നവിടെ വന്ന പാഴ് വസ്തു വ്യാപാരി സാക്ഷ്യപ്പെടുത്തുന്നു. പ്ലാസ്റ്റിക്ക് കവറും വെള്ളക്കുപ്പിയും ചെരുപ്പും, കുപ്പിച്ചില്ലും, ബൾബും, ബ്രഷും, ബ്രഷിന്റെ കൂടും ഉൾപ്പെടെ നിരവധി സാധനങ്ങൾ അവർ വ്യാപാരിക്ക് കൈമാറി. മന്ത്രിയെ കാണാനെത്തുന്നവർ അലക്ഷ്യമായി വലിച്ചെറിയുന്ന മാലിന്യങ്ങൾ പെറുക്കിയെടുത്തു തരംതിരിക്കേണ്ട അധികജോലി കൂടി ഇപ്പോൾ ആ വീട്ടുകാർക്കുണ്ട്. മന്ത്രിയും കുടുംബവും വീട്ടിലെ ജൈവ അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതി എല്ലാവരും സ്വീകരിച്ചാൽ മാലിന്യമുക്ത കേരളം എന്ന ഖ്യാതി എത്രയും പെട്ടെന്ന് നേടിയെടുക്കാൻ ഏറെ യത്നിക്കേണ്ടിവരില്ല.

ടീച്ചറുടെ സ്കൂളിലെ കുട്ടികളെ ഉപയോഗപ്പെടുത്തി ഉപയോഗശൂന്യമായ പേനകൾ ശേഖരിച്ച് പുനഃചംക്രമണത്തിന് നൽകുന്ന 'പെൻ ബിൻപദ്ധതി' വൈകാതെ നടപ്പാക്കാനുള്ള സർവ്വസഹകരണവും ഉറപ്പുനൽകിയാണ് ഞങ്ങൾ അവിടെ നിന്നും തിരിച്ചത്. ഇറങ്ങാനൊരുങ്ങവെ, മന്ത്രിയെ കാണാൻ വന്നവരിലാരോ അലക്ഷ്യമായി വലിച്ചെറിഞ്ഞ ഒഴിഞ്ഞ പ്ലാസ്റ്റിക് കുപ്പി പാഴ്വസ്തു വ്യാപാരിയുടെ വാഹനത്തിലേക്ക് എടുത്തിടാനും ഞങ്ങൾ മറന്നില്ല. മാലിന്യം അലസമായി കൈകാര്യം ചെയ്യാതിരി ക്കാൻ വ്യാപകമായ ബോധവത്ക്കരണം ആവശ്യമാണെന്ന് ഇത് ഞങ്ങളെ ഓർമ്മപ്പെടുത്തി.

ബഹുമുഖപ്രതിഭയായ തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി ഉറവിട മാലിന്യസംസ്ക്കരണത്തിലും തന്റേതായ ഒരേട് എഴുതിചേർത്തത് മന്ത്രിപദത്തിനു മുമ്പായിരുന്നു എന്ന കാര്യം ഏറെ ശ്രദ്ധേയമാണ്. സ്വന്തം വീട്ടിൽ അദ്ദേഹം നടപ്പാക്കിയ മാ





ലിന്യസംസ്ക്കരണരീതി പറയുന്നത് ചെയ്യുകയും ചെയ്യുന്നത് പറയുകയും ചെയ്യുന്നവരാകണം പൊതുപ്രവർത്തകരെന്ന അഭിപ്രായത്തെ സാധൂകരിക്കുന്നു. മറ്റാരെ ക്കാളും പൊതുസമൂഹം നിരന്തരം നിരീക്ഷണത്തിനും നിശിതമായ വിമർശനങ്ങൾക്കും വിധേയമാകു ന്നവരാണ് പൊതുപ്രവർത്തകർ. അതുകൊണ്ടുതന്നെ കേരളത്തിലെ ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നായ മാലിന്യസംസ്ക്കരണത്തിൽ മന്ത്രിമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളും പൊതുപ്രവർത്തകരും കാണിക്കുന്ന മാതൃക പൊതുജനങ്ങൾക്ക് ഏറെ പ്രചോദനം നൽകും.

എല്ലാ വീട്ടിലും പൊതു ഇടങ്ങളിലും ഉറവിട മാലിന്യസംസ്ക്കരണം വൈകാതെ പ്രാവർത്തികമാക്കാ നാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അതിന് മുൻകൈയെടുക്കട്ടെ.

കൂട്ടായി ശ്രമിക്കാം. എല്ലാ ശരി (ശുചി)യാകും.

*ശുചിത്വമിഷന്റെ മലപ്പുറം ജില്ലാ കോഓർഡിനേറ്ററാണ് ലേഖകൻ*

# മാമാങ്കവും ത്രിമൂർത്തിസംഗമവും

ടി.വി. അബ്ദുറഹിമാൻകുട്ടി

മദ്ധ്യകാല കേരളത്തിലെ പ്രബല ശക്തിയായിരുന്ന സാമൂതിരി രാജാവ് തന്റെ രാജ്യം വിശാലമാക്കാൻ വള്ളുവകോനാതിരിയുമായി പടപൊരുതിയ കാലത്ത് ഭാരതപ്പുഴക്ക് മുകളിലുള്ള ചമ്രവട്ടം പാലത്തിന്റെ ഇരു കരകളിലെ തിരുമനശ്ശേരി നാട് (പൊന്നാനി താലൂക്ക്), വെട്ടത്തുനാട് (തിരൂർ താലൂക്ക്) നാടുവാഴികൾ പരസ്പരം കലഹിക്കാതെയാണ് പ്രജകളുടെ ക്ഷേമാഐശ്വര്യങ്ങൾക്ക് പ്രാമുഖ്യം നൽകി നാട് ഭരിച്ചത്. പാലത്തിന്റെ പടിഞ്ഞാറെ കരയോട്ചേർന്ന പുഴയിലാണ് ചമ്രവട്ടം ശാസ്താവിന്റെ ക്ഷേത്രം.

കാനായിതോമ ക്രിസ്ത്യാനിയാക്കിയ പള്ളിബാണ പെരുമാളിന്റെ ഭാര്യയെ ബാധിച്ചിരുന്ന ഗന്ധർവ്വനെ ഒഴിപ്പിച്ച പ്രസിദ്ധ മന്ത്രവാദിയായ ഒന്നാം സൂര്യഭട്ടേരിയുടെ ഇല്ലം പാലത്തിന്റെ കിഴക്കെതല അവസാനിക്കുന്ന പഞ്ചായത്തായ കാലടിയായിരുന്നുവെന്നാണ് കേസരി ബാലകൃഷ്ണ പിള്ളയുടെ കണ്ടെത്തൽ. അന്ന് ഭാരതപുഴ കൗണാർ എന്നും കേൾവിക്കേട്ടു.

അക്കാലത്ത് കേരളത്തിൽ ഭരണകാര്യങ്ങൾക്കായി നാട്ടുകൂട്ടങ്ങളും നാടുവാഴികളും രാജാവും സംഗമിക്കുന്ന സാമുദായികവും സാംസ്കാരികവും രാഷ്ട്രീയവുമായ നദീതട മഹോത്സവമാണ് മാമാങ്കം (മാഘമകം). പന്ത്രണ്ട് വർഷത്തിലൊരിക്കൽ മകരമാസത്തിലെ കറുത്തവാവിനും കുംഭമാസത്തിലെ കറുത്തവാവിനും ഇടയിലെ മകം നാളിലെ പ്രാചീന ഈ നദീതീര ഉത്സവം സംഗമിച്ചിരുന്നത് തിരുന്നാവായ മണപ്പുറത്താണ്. ആദ്യകാലത്ത് ഈ ഉത്സവം നടത്താനുള്ള അവകാശം കുലശേഖരന്മാരുടെ അനന്തരവരായ കൊച്ചി രാജവംശത്തിനായിരുന്നു. തുടർന്ന് ഈ സമുന്നത ബഹുമതി വള്ളുവക്കോനാതിരിക്ക് ലഭിച്ചു.

സാമൂതിരി കേരളത്തിലെ മുഖ്യശക്തിയായതോടെ തന്റെ രാഷ്ട്രീയ വളർച്ചക്ക് അനിവാര്യമായ മാമാങ്കത്തിന്റെ അദ്ധ്യക്ഷസ്ഥാനം വള്ളുവക്കോനാതിരിയിൽനിന്ന് അധീനപ്പെടുത്താൻ അദ്ദേഹം പടയൊരുക്കം തുടങ്ങി. സാമൂതിരിയും എറാൾപ്പാടും (യുവരാജാവ്) കോഴിക്കോട്ടെ നായർ സൈന്യത്തെ നേരിട്ട് നയിച്ച് കരവഴി തൃപ്രങ്ങോടെത്തി താവളമടിച്ചു. അക്കാലത്ത് സവർണരായ ഹിന്ദുക്കൾക്ക് കടൽയാത്ര നിഷിദ്ധമായിരുന്നു. സാമൂതിരിയുടെ തുറമുഖ കാര്യസ്ഥനായ ശാബന്ദർകോയയുടെ നേതൃത്വത്തിൽ മുസ്‌ലിം



സൈന്യം കടൽവഴി പൊന്നാനിയിലെത്തി. നാലു പായക്കപ്പലുകളിൽ സർവ്വവിധ സജ്ജീകരണങ്ങളോടെ ഒരുങ്ങിയിരുന്ന പൊന്നാനിയിലെ മുസ്ലിം സൈന്യവുമായി ചേർന്ന് ഭാരതപ്പുഴയിലൂടെ സഞ്ചരിച്ച് തിരുന്നാവായയിൽ താവളമടിച്ചു. ഇരുവിഭാഗവും സംയുക്തമായ പോരാട്ടത്തിൽ വള്ളുവകോനാതിരിയെ തറപറ്റിച്ചു. സാമൂതിരി മാമാങ്കത്തിന്റെ അദ്ധ്യക്ഷസ്ഥാനം ഏറ്റെടുത്തു.

ഈ പോരാട്ടം വിജയിക്കുന്നതിന് തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിൽ ശാബന്ദർകോയ നിർണ്ണായക പങ്ക് വഹിച്ചു. ഇതിനുള്ള പ്രത്യുപകാരമായാണ് മാമാങ്കത്തിലെ പ്രധാന ചടങ്ങായ നിലപാട് തറയിൽ സാമൂതിരി നിൽക്കുന്ന സമയത്ത് തന്റെ വലതുവശത്ത് നിൽക്കാൻ കോയയെ നിയോഗിച്ചത്. പന്ത്രണ്ട് പതിമൂന്ന് നൂറ്റാണ്ടുകളിലാണ് ഈ പോരാട്ടങ്ങൾ നടന്നത്. പതിമൂന്നാം ശതകത്തിന്റെ അവസാനത്തിലും പോരാട്ടം തുടർന്നിരുന്നതായി അക്കാലത്തെ രചനയായ ഉണ്ണിച്ചിരുദേവി ചരിതത്തിൽനിന്നും ഗ്രഹിക്കാം.

മാങ്ങാട്ടച്ചൻ, തീനേഞ്ചേരി എളയത്, ധർമ്മോത്ത് പണിക്കർ, ശാബന്ദർക്കോയ, പാറനമ്പി എന്നീ അഞ്ച് മുഖ്യന്മാരോടൊന്നിച്ചാണ് സാമൂതിരി മാമാങ്കത്തിന് എഴുന്നെള്ളുന്നത്. ചടങ്ങുകളിൽ മുസ്ലിം ചെണ്ടക്കാരും വാദ്യമേളക്കാരും അകമ്പടി സേവിച്ചിരുന്നു. ഉത്സവങ്ങളോടനുബന്ധിച്ച വെടിക്കെട്ട് മുസ്ലിംകളുടെ കൂടി നിയന്ത്രണത്തിലായിരുന്നു. മാനവവിക്രമൻ സാമൂതിരിപ്പാടിന്റെ (1466-1471) സദസ്യനായിരുന്ന ഉദ്ദണ ശാസ്ത്രികളുടെ കോലിക സന്ദേശത്തിലും പതിനേഴാം ശതകത്തിന്റെ ആരംഭത്തിൽ വാസുദേവൻ രചിച്ച ഭ്രമരസന്ദേശത്തിലും തിരുന്നാവായയും മാമാങ്കവും വർണ്ണനീയമാണ്.

സാമൂതിരിയോടുള്ള അടങ്ങാത്ത പക തീർക്കുന്നതിന് മാമാങ്കം നടക്കുന്ന നാളിൽ രാജാവിനെ വധിക്കാൻ വള്ളുവകോനാതിരി ചാവേറുകളെ അയക്കൽ പതിവായിരുന്നു. ഈ സന്ദർഭത്തിൽ സാമൂതിരിയെ വധിക്കുക എന്നത് ചാവേറുകളുടെ ജീവിതാഭിലാഷമായി കരുതി. ഒരവസരത്തിലുംതന്നെ സാമൂതിരിയെ വധിക്കാനോ പോറലേൽപ്പിക്കാനോ സാധിച്ചിട്ടില്ല. അധികവും ചാവേറുകൾ വധിക്കപ്പെടലാണ് പതിവ്. 1731-ലെ മാമാങ്കത്തിൽ ഏതാണ്ട് അമ്പത്തിയഞ്ച് ചാവേറുകളാണ് കൊല്ലപ്പെട്ടത്. വെട്ടിമരിക്കുന്ന ചാവേറുകളെ ആനയെക്കൊണ്ട് ചവിട്ടിത്താഴ്ത്തിയിരുന്നത് മണിക്കിണറിലേക്കാണ്.

പഴയ ഓട്ടുകമ്പനി വളപ്പിൽ സ്ഥിതിചെയ്യുന്ന നിലപാട്തറയിൽ സാമൂതിരി സ്വയം നിൽക്കുകയും തന്റെ അധികാര ചിഹ്നമായ വാൾ ഉയർത്തി സ്വയം രക്ഷാപുരുഷനായി പ്രഖ്യാപിക്കുകയും ചെയ്യുന്ന അവസരത്തിലാണ് ചാവേറുകളുടെ ആക്രമണം അധികവും നടക്കാറ്. ഈ സമ്പ്രദായം ഏതാണ്ട് മൂന്നൂറ് വർഷത്തോളം തുടർന്നു. പതിനേഴാം നൂറ്റാണ്ടിൽ രചിച്ച രാമച്ചപണിക്കർപ്പാട്ട്, കണ്ടർമേനോൻപ്പാട്ട് (1683), മലബാർ മാനുവൽ തുടങ്ങിയ കൃതികളിൽ പടവെട്ടി മരിച്ച ചാവേറുകളുടെ വിവരങ്ങൾ പ്രതിപാദിക്കുന്നുണ്ട്.

മാമാങ്ക മഹോത്സവങ്ങളുടെ പരിപാലനവും തൃക്കാവ് ക്ഷേത്രവും തമ്മിൽ സുദൃഢമായ ബന്ധമുണ്ട്. ഉത്സവം ആരംഭിക്കേണ്ട ശുഭമുഹൂർത്തം നിശ്ചയിച്ചിരുന്നത് ജ്യോതിഷ പണ്ഡിതരായ ആലൂർ കണികരാണ്. വെള്ളനാട്ടുകര, ആലിപ്പറമ്പ് ചേരി





പൊന്നാനി നാടുവാഴിയുടെ തിരുമനശ്ശേരിയിലെ കോട്ട

ക്കല്ലുകളുടെ കാര്യ നിർവ്വാഹകരായ തറയ്ക്കൽ ഇരമമേനോന് പൊന്നാനി തൃക്കാവ് കോവിലകത്തുനിന്ന് സാമൂതിരി ഒരു തിരുവെഴുത്ത് അയക്കുന്നതോടെ മാമാങ്ക ചടങ്ങുകൾക്ക് കൊടി ഉയരും. നടത്തിപ്പിനാവശ്യമായ പാത്ര സാമാനങ്ങൾ നൽകിയിരുന്നത് തൃക്കാവ് ക്ഷേത്രത്തിൽനിന്നായിരുന്നു. മാമാങ്കത്തിനോടനുബന്ധിച്ച ഇരുപത്തിയെട്ട് ദിവസങ്ങളിലും ഓട്ടുകമ്പനി സ്ഥിതിചെയ്യുന്ന സ്ഥലത്തുണ്ടായിരുന്ന വാകയൂർ കോവിലകത്താണ് സാമൂതിരി വസിച്ചിരുന്നത്.

മഹായാഗം, മാഘമകം ലോപിച്ചാണത്രെ മാമാങ്കമായത്. ആദ്യ മാമാങ്കം നടന്നത് ക്രി.വ. 829ലാണത്രെ. ഉത്സവത്തിൽ കലാ-കായിക മേളകളും സാഹിത്യ-സംഗീത മേളകളും സംഘടിപ്പിച്ച് സ്വന്തം കഴിവിൽ മികവ് പ്രകടിപ്പിച്ചവർക്ക് സമ്മാനം നൽകിയിരുന്നു. 1695ലെ മാമാങ്കത്തിന് സാമൂതിരിയും പരിവാരവും സംഗമിച്ചത് പൊന്നാനിയിലാണ്. 1766 ൽ ഹൈദരലിയുടെ ആധിപത്യത്തോടെ ഉത്സവത്തിന്റെ പ്രഭ മങ്ങി. 1767-ലാണ് അവസാന മാമാങ്കം നടന്നത്. ജനങ്ങളും ഭരണാധികാരികളും സഹകരിച്ചു പന്തിരാണ്ടുകാലം കൂടുമ്പോൾച്ചേരുന്ന മാമാങ്കംപോലുള്ള ഒരു മഹാസംഗമം ഭരണത്തിൽ മറ്റൊരിടത്തും നടന്നില്ല. ഇതിന്റെ ശേഷിപ്പുകളായ നിലപാട് തറയും മണിക്കിണറും പൂർവ്വകാല സ്മരണകൾ അയവിറക്കുന്നു.

## ത്രിമൂർത്തിസംഗമം

തിരുന്നാവായ പുഴയുടെ ഇരുകരകളിലായി സൃഷ്ടി സ്ഥിതി സംഹാരമൂർത്തികളായ ബ്രഹ്മാവ്, ശിവൻ , വിഷ്ണു എന്നീ പ്രതിഷ്ഠകളെ കുടിയിരിത്തിയിരിക്കുന്ന ത്രിമൂർത്തി ക്ഷേത്രങ്ങൾ സ്ഥിതിചെയ്യുന്നു. ഈ ക്ഷേത്രങ്ങളിൽ വൈഷ്ണവരുടെ 108 തിരുപ്പതികളിൽ ഒന്ന് എന്ന് വിശേഷണമുള്ള നവാമുകുന്ദക്ഷേത്രത്തിനാണ് കൂടുതൽ പേരും പെരുമയും. നവായോഗികളാൽ പ്രതിഷ്ഠ നിർവ്വഹിച്ചതിനാലാണ് നവാമുകുന്ദൻ എന്ന് പേര് സിദ്ധിച്ചത്.

ക്ഷേത്രത്തെ കുറിച്ചുള്ള ഐതീഹ്യങ്ങളിൽ ചിലത് : പ്രതിഷ്ഠിച്ച എട്ടു വിഗ്രഹങ്ങളും പലപ്പോഴായി മണ്ണിലേക്ക് താഴ്ന്ന് പോയെന്നും ഒമ്പതാമത്തെ വിഗ്രഹത്തിന് പഞ്ചസാരപ്പായസവും താമരമാലയും പതിവായി നൽകാമെന്ന് നവയോഗികൾ വാഗ്ദാനം നൽകിയതിനാലാണ് താഴ്ന്ന് പോകാത്തത് എന്നതാണ് ഒരൈതീഹ്യം.

നവയോഗികൾ ഒറ്റക്കൊറ്റയായി നടത്തിയ പ്രതിഷ്ഠകൾ മണലിൽ താഴ്ന്ന് പോയെന്നും തുടർന്ന് ഒമ്പതുപേരും ഒരുമിച്ച് പ്രതിഷ്ഠനടത്തിയപ്പോൾ ഉറച്ചുകിട്ടിയെന്നുമാണ് മറ്റൊരൈതീഹ്യം.

ക്ഷേത്രത്തിന് താഴെ മണൽപ്പരപ്പിലാണ് മാമാങ്കം നടന്നിരുന്നത്. മാമാങ്കനാളുകളിൽ നവാമുകുന്ദനെ ക്ഷേത്രത്തിന്റെ തെക്ക് കിഴക്കേ മൂലയിലുള്ള പഴുക്കാമണ്ഡപത്തിൽ പടിഞ്ഞാറോട്ടേക്ക് എഴുന്നള്ളിച്ച് ഇരുത്തുന്ന പതിവുണ്ടായിരുന്നു. പുഴയുടെ കിഴക്കേക്കരയിൽ മേൽപ്പത്തൂർ ഭട്ടതിരിയും പടിഞ്ഞാറേക്കരയിൽ വില്വമംഗലം സ്വാമിയാരും ജനിച്ചുവളർന്നത്

തുലാം മാസത്തിലെ പൗർണ്ണമിക്കും കർക്കിടകത്തിലെ പൗർണ്ണമിക്കും കാശിയിലെ ഗംഗ ഈ പുഴയുമായി സംഗമിക്കുമെന്ന് ഭക്തർ വിശ്വസിക്കുന്നു. പിതൃതർപ്പണ കർമ്മങ്ങൾക്കും, സ്നാനത്തിനും പ്രസിദ്ധമായ ഇവിടെ നാക്കിലയിൽ എള്ളും പൂവും ചന്ദനവും വലത് കൈയിലെ മോതിരവിരലിൽ ദർഭ കൊണ്ടുള്ള മോതിരവും അണിഞ്ഞ് പിതൃക്കളെ മനസ്സിൽ സങ്കൽപ്പിച്ച് കൈ മാറത്ത് ചേർത്ത് തൊഴുത് 'ഗംഗേ ച യമുനേ ചൈവ ഗോദാവരി സരസ്വതി നർമദ സിന്ധു കാവേരി ജലസ്മിൻ സന്നിധീം കുരു സപ്ത നദികളുടെ സാന്നിദ്ധ്യം മുന്നിലുണ്ടെന്ന് സങ്കൽപ്പിച്ച് പൂവും നാക്കിലയും തൂക്കി കർമ്മികളുടെ മന്ത്രോച്ചാരണത്തിനിടയിൽ ത്രിമൂർത്തി സംഗമ സ്ഥാനത്ത് പിതൃ കർമ്മം ചെയ്താൽ ദോഷങ്ങളൊക്കെ തീരുമെന്നാണ് വിശ്വാസം.

പ്രാചീന കാലത്ത് തുലാം മാസത്തിലെ അമാവാസിക്ക് കർമ്മത്തിനെത്തുന്ന പരശ്ശതം ഭക്തർ പുഴ കടന്ന് കാൽനടയായി പൊന്നാനിയിലെത്തി രാപ്പാർത്ത് രാവിലെ സംഗമിച്ച് പഴയ രീതിയിൽ പരസ്പര കൈമാറ്റ സമ്പ്രദായമനുസരിച്ച് കൊടുക്കൽ വാങ്ങൽ നടത്തിയിരുന്നു. ഇതിന്റെ സ്മരണയത്രെ കൊല്ലം തോറും നടക്കാറുള്ള പൊന്നാനി കുറ്റിക്കാട് പരിസരത്തെ വാവു വാണിഭം. പൊന്നാനിയുടെ പരിസര പ്രദേശങ്ങളിൽനിന്നും ധാരാളം പച്ചക്കറികളും പലവ്യഞ്ജനങ്ങളും ഇതര സാധനസാമഗ്രികളും കച്ചവടത്തിനായി ഇവിടെയെത്തിയിരുന്നു.

*ലേഖകൻ മുൻ അധ്യാപകനും എട്ട് ചരിത്രകൃതികളുടെ കർത്താവുമാണ്*




# ഗ്രാമപഞ്ചായത്ത് റിപ്പോർട്ടിംഗ് ആന്റ് മോണിററിറിംഗ് സിസ്റ്റം

## (ജി..പി.ആർ.എം.എസ്) നിലവിൽ വന്നു

ഗ്രാമപഞ്ചായത്തുകളുടെ പ്രതിമാസ റിപ്പോർട്ടിംഗ് കമ്പ്യൂട്ടർവത്കരിച്ചുകൊണ്ട് പുതിയ Web Application Software ആയ ജി..പി.ആർ.എം.എസ് നിലവിൽ വന്നു. ആർ.ജി.പി.എസ്.എ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിന്റെ സഹായത്തോടു കൂടിയാണ് ഈ ആപ്ലിക്കേഷൻ വികസിപ്പിച്ചത്.

മുൻകാലങ്ങളിൽ എല്ലാമാസവും പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കിയിരുന്ന വിവിധ സ്റ്റേറ്റ്മെന്റുകൾ ജില്ലാതലത്തിൽ ക്രോഡീകരിച്ച് ഡയറക്ടറേറ്റിലേക്ക് അയക്കുകയും ആയവ ഡയറക്ടറേറ്റ് തലത്തിൽ ക്രോഡീകരിച്ചാണ് പ്രതിമാസ സംസ്ഥാന തല റിപ്പോർട്ടുകൾ ഉണ്ടാക്കിയിരുന്നത്. ഈ പ്രകിയ ഒട്ടനവധി മാനുഷിക വിഭവശേഷി വേണ്ടിയിരുന്ന ഒരു പ്രകിയയായിരുന്നു.

ഇപ്പോൾ ജി..പി.ആർ.എം.എസ് നിലവിൽ വന്നതു വഴി പഞ്ചായത്ത് തലത്തിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ പല തട്ടുകളിലെ പരിശോധനയ്ക്കു വിധേയമാക്കി കുറഞ്ഞ സമയത്തിനുള്ളിൽ സംസ്ഥാനതല റിപ്പോർട്ടുകൾ ലഭ്യമാക്കുവാൻ സഹായിക്കുന്നു.

ജൂൺ മാസത്തിൽ ജി..പി.ആർ.എം.എസ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും താഴെതട്ടിൽ നിന്ന് നല്ല സ്വീകാര്യത ലഭിക്കുകയും ഉണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞമാസം കൂടിയ ഡി.ഡി.പി കോൺഫറൻസിൽ വച്ച് വരും മാസങ്ങളിലെ എല്ലാ പുരോഗതി റിപ്പോർട്ടുകളും ജി..പി.ആർ.എം.എസ് വഴി വീക്ഷിച്ചുകൊണ്ടും പ്രിന്റ്ഔട്ടുകൾ പരമാവധി ഒഴിവാക്കിയും നടത്തുവാൻ തീരുമാനിക്കുകയുണ്ടായി.

ഇപ്പോൾ സംസ്ഥാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്ന സമ്പൂർണ്ണ ശൗചാലയ ഗ്രാമപഞ്ചായത്തുകൾ (ഒഡിഎഫ്) എന്ന പദ്ധതിയുടെ ദൈനംദിന റിപ്പോർട്ടിംഗിനും മോണിറ്ററിങ്ങിനുമുള്ള സംവിധാനവും ജി..പി.ആർ.എം.എസ് വഴി ലഭ്യമാക്കിയിട്ടുണ്ട്.

ജി.പി.ആർ.എംഎസ് വെബ് സൈറ്റ് gprms.lsg.kerala.gov.in എന്ന urlൽ ലഭ്യമാണ്. ജി..പി.ആർ.എം.എസ് ഇന്റർനെറ്റ് സെക്യൂരിറ്റി ആഡിറ്റിങ്ങിന് ശേഷം കേരള സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് ഹോസ്റ്റ് ചെയ്തിരിക്കുന്നത്. ജി..പി.ആർ.എം.എസ് പരിഷക്കരിക്കുന്നതിനും കുറ്റമറ്റമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ജി..പി.ആർ.എം.എസ് ന്റെ ഫീഡ് ബാക്ക് ഓപ്ഷൻ വഴി സമർപ്പിക്കാവുന്നതാണ്.

# വാർത്തകളും വിശേഷങ്ങളും

## പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി – ആസൂത്രണ മാർഗരേഖയും സബ്സിഡി മാർഗരേഖയും പരിഷ്കരിച്ച ഉത്തരവ് സംബന്ധിച്ച്

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ (2012/17) ആസൂത്രണ മാർഗരേഖയും സബ്സിഡി മാർഗരേഖയും കൂടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. (സർക്കാർ ഉത്തരവ് (സാധാ)നം: 2037/16/തസ്വഭവ തീയ്യതി 30/6/2016)

## തദ്ദേശസ്വയംഭരണ ഉപതെരഞ്ഞെടുപ്പ് ജൂലായ് 28ന്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ 15 മണ്ഡലങ്ങളിലേക്കുള്ള ഉപതെരഞ്ഞെടുപ്പ് ജൂലൈ28ന് നടത്തുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രസീദ്ധികരിച്ചു. തെരഞ്ഞെടുപ്പ് നടക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ മുഴുവനായും ,മുൻസിപ്പാലിറ്റി ,കോർപ്പറേഷൻ എന്നിവിടങ്ങളിൽ ബന്ധപ്പെട്ട നിയോജകമണ്ഡലങ്ങളിലും മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നു. ജൂലൈ നാലിന് തെരഞ്ഞെടുപ്പ് കമ്മീഷൻ ഇത് സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു. വോട്ടെണ്ണൽ ജൂലായ് 29ന് നടക്കും.

## കുടുംബശ്രീ പ്രവർത്തകർ നടത്തുന്ന പെൻഷൻ വിവരശേഖരണം ജൂലായ് മാസം 12 മുതൽ 16 വരെ

സംസ്ഥാന സർക്കാർ വിതരണം ചെയ്തു വരുന്ന സാമൂഹ്യ ക്ഷേമ പെൻഷനുകൾ ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിച്ച്കൊടുക്കുന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ പ്രവർത്തകർ 2016 ജൂലായ് മാസം 12 മുതൽ 16 വരെ വിവരശേഖരണം നടത്തുന്നതിനായി ഗുണഭോക്താക്കളുടെ ഭവന സന്ദർശനം നടത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികളും ഗുണഭോക്താക്കളും കൃത്യമായ വിവരം നൽകുന്നതിന് ശ്രദ്ധിക്കണം.

## പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി –പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗരേഖ ഭേദഗതി

സാന്ത്വന ഗൃഹപരിചരണ പദ്ധതിയിൻ കീഴിൽ ഹോംകെയറിന് പോകുന്ന ഒരു ടീമിന്റെ ഭക്ഷണ ചെലവ് നിലവിലുള്ള 180 രൂപയിൽ നിന്നും 250 രുപയായി വർദ്ധിപ്പിച്ചു. (സ.ഉ (സാധാ)നം: 2039/2016/തസ്വഭവ തീയ്യതി 30/6/2016).

## ഇന്ദിരാ ആവാസ് യോജന –തറവിസ്തീർണ്ണം 25%വരെ അധികരിക്കുന്നത് സംബന്ധിച്ച ഉത്തരവ്

ഇന്ദിരാ ആവാസ് യോജന പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള തറവിസ്തീർണ്ണം 66 ചതുരശ്രമീറ്ററിൽ നിന്നും 25% വരെ അധീകരിക്കാമെന്ന വ്യവസ്ഥ 31/3/2016വരെ എഗ്രിമെൻറ് വച്ച ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾക്കും കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചു.(സ.ഉ(എം.എസ്)2008/2016/തസ്വഭവ തീയ്യതി 28/6/2016.

## നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി യഥാസമയം ലഭ്യമാക്കുന്നത് സംബന്ധിച്ച സർക്കുലർ

തദ്ദേശസ്വയംഭരണവകുപ്പിൽ നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി സമർപ്പിക്കുന്നതിന് നോഡൽ ഓഫീസർമാർക്ക് പ്രത്യേക നിർദ്ദേശങ്ങടങ്ങിയ സർക്കുലർ ഇറങ്ങി.(സർക്കുലർ നം പി എസ്1/261/2016/തസ്വഭവ(2)തീയ്യതി 2/7/2016).

## ജില്ലാ ആസുത്രണ കമ്മിറ്റിഅംഗങ്ങളായി തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ സംഖ്യ സംബന്ധിച്ച സർക്കാർ ഉത്തരവ്

ജില്ലാ ആസുത്രണ കമ്മിറ്റി അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെയും, മുൻസിപ്പാലിറ്റി കൗൺസിലർമാരുടെയും അംഗസംഖ്യ സംബന്ധിച്ചും സംവരണം സംബന്ധിച്ചുമുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ(സാധാ)നം 1962/16തസ്വഭവ തീയ്യതി 21/6/2016)


## സിനിമാ തീയറ്ററിൽ ഇ–ടിക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള തീയ്യതി ദീർഘിപ്പിച്ച് കൊണ്ടുള്ള ഉത്തരവ്

സിനിമാ തീയറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള തീയ്യതി 31/8/2016 വരെ ദീർഘിപ്പിച്ച് ഉത്തരവിറങ്ങി (സർക്കാർ ഉത്തരവ് നം –2043/16 തസ്വഭവ തീയ്യതി 30/6/2016)

---

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by C.A. Latha IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Orange Printers Pvt. Ltd., Thiruvananthapuram




# പഞ്ചായത്ത്‌രാജ്

## പരസ്യ നിരക്ക്

| | തുക രൂപയിൽ |
|---|---|
| കവർ (അവസാനപുറം) കളർ | 12000/ |
| കവർ (ഉൾവശം) കളർ | 10000/ |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | 8000/ |
| മറ്റു പേജുകൾ (കളർ) | 8000/ |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | 6000/ |
| അര പേജ് (കളർ) | 5000/ |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | 3000/ |

**PANCHAYATRAJ** (Monthly) **July2016**
Annual Subscription ₹120/-, Published on 20th July 2016
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2015-17
Licensed to Post without Prepayment No. KL/TV(N) WPP-85/2015-17




Printed & Published by C.A. Latha IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: C.A. Latha IAS